Reg. M. No. 2293

ഒരുപ്രതി 2 ണ.

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 27 | 1129 ചിങ്ങം 31—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1953 സെപ്ററംബർ 16 | ലക്കം 5


## പത്രോസിൻെറ പരമാധികാരം

(ജോസഫ് ചാണ്ടി, തൃശ്ശൂർ)

പത്രോസിൻെറ പരമാധികാരം നിഷേധിച്ചുകൊണ്ട് ചില അകത്തോലിക്കാ സഹോദരങ്ങൾ എഴുതിവിടുന്ന പുസ്തകങ്ങളും ലേഖനങ്ങളും വായിച്ചാൽ, പരമാധികാരമെന്നതു് ലോകത്തിലെ സകല ക്രൈസ്തവസഭകളുടേയുംമേൽ അധികാരം സ്ഥാപിക്കുവാൻ "റോമാക്കാർ" ഈ അടുത്തകാലത്തു് കെട്ടിയുണ്ടാക്കിയ ഒരു വിശ്വാസമാണെന്നു തോന്നിപ്പോകും. ഈ അടുത്തകാലത്തെങ്ങാനും തുടങ്ങിവെച്ചതാണീ വിശ്വാസമെങ്കിൽ പത്രോസിനെക്കാൾ പരമാധികാരിയാക്കാൻ നല്ലതു് പൗലോസായിരുന്നുവെന്നാണ് എൻെറ വ്യക്തിപരമായ അഭിപ്രായം. ഒരു വിദ്യാസമ്പന്നനും തത്വജ്ഞനും പ്രാസംഗികനും ഒരു റോമൻ പൗരനും അവിവാഹിതനും റോമയിൽവച്ചുതന്നെ രക്തസാക്ഷിയായി മരിക്കുകയും ചെയ്തവനുമായ ഒരു ശ്ലീഹയായിരുന്നല്ലൊ പൗലോസ്. ഈ പൗലോസിനെ വിട്ടുകൊണ്ട് പത്രോസിനെ പരമാധികാരിയായി സ്വീകരിച്ചതിൽ വേറെയും ന്യായങ്ങളുണ്ടായിരിക്കണം. "റോമാക്കാരുടെ" ഈ വിശ്വാസം അടുത്തകാലത്തു് തുടങ്ങിവെച്ചതോ, അതോ ശ്ലീഹന്മാരുടെ കാലംമുതൽക്കുള്ളതോ എന്നു പരിശോധിക്കാം. ഈ വിഷയത്തെക്കുറിച്ചു സമർത്ഥമായ ലേഖനങ്ങളും പുസ്തകങ്ങളും അനേകമനേകം പ്രസിദ്ധീകൃതമാകുന്നുണ്ടെങ്കിലും, അതു വീണ്ടും വീണ്ടും നിഷേധിക്കപ്പെടുന്നതുകൊണ്ട് ഇടയ്ക്കിടെ ആവർത്തിക്കേണ്ടതാവശ്യമായിവന്നിരിക്കയാണ്.

ഈശോ പത്രോസുമായി ആദ്യം പരിചയപ്പെട്ടതു് ഗെനേസാർ തടാകത്തിൻെറ കരയ്ക്കുവെച്ചായിരുന്നുവെന്നാണ് വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതു്. പത്രോസും മീൻപിടുത്തക്കാരായ തൻെറ കൂട്ടുകാരും തങ്ങളുടെ തോണികൾ കരയ്ക്കടുപ്പിച്ചു് ഓരോരുത്തരും അവരവരുടെ വലകൾ കഴുകുകയായിരുന്നു. ആ വഴിയേവന്ന മിശിഹ തടാകത്തിൻെറ തീരത്തു തന്നെ ശ്രവിക്കുവാൻ കൂടിയിരുന്നവരോടു് പ്രസംഗിക്കുവാൻ സമീപത്തുണ്ടായിരുന്ന ഏതെങ്കിലും ഒരു വഞ്ചിയുടെ കൊമ്പത്തിരിക്കുന്നതായാൽ കൂടുതൽ സൗകര്യപ്രദമായിരിക്കുമെന്നു കരുതി തെരഞ്ഞെടുത്ത വഞ്ചി പത്രോസിൻേറതായിരുന്നു (ലൂക്ക: 5:3) ഇങ്ങനെ ജനങ്ങളെ പഠിപ്പിക്കുവാൻ പത്രോസിൻെറവഞ്ചി തെരഞ്ഞെടുത്തതിൽ പരമാധികാരസൂചകമായി യാതൊന്നുമില്ലെങ്കിൽ അതങ്ങനെയിരിക്കട്ടെ. മണലിൽ പണിയപ്പെടുന്ന വീടുകൾ അധികനാൾ നിലനില്ക്കയില്ല, എന്നാൽ പാറമേൽ അസ്ഥിവാരമിട്ട് പണിയപ്പെടുന്നവ കൊടുങ്കാററിനെയും വെള്ളപ്പൊക്കത്തെയും അതിജീവിക്കുമെന്നുപറഞ്ഞ മിശിഹ പത്രോസിനെ തൻെറ ശിഷ്യഗണത്തിൽ ചേർക്കുവാൻ കൊണ്ടുവന്ന അവസരത്തിൽ അവനോട് "നീ കേപ്പയെന്നു വിളിക്കപ്പെടും" (യോഹ. 1: 42) എന്നു പറയുകയുണ്ടായി. കേപ്പ എന്നതിനു് പാറ എന്നാണല്ലോ അർത്ഥം. താൻ ലോകാവസാനംവരെ നിലനില്ക്കേണ്ടതായ ഒരു പള്ളി പണിയാനിരിക്കുന്നതുകൊണ്ടു അതിനടിസ്ഥാനമായ പാറയെ മുൻകൂട്ടി കണ്ടുവച്ചതാണെന്നാണ് "റോമാക്കാർ" ഇതിനെക്കുറിച്ചു് പറയുന്നതു്. ഒരുപക്ഷെ തോമ്മാശ്ലീഹായോടായിരുന്നു ക്രിസ്തു "നീ കേപ്പ എന്നു വിളിക്കപ്പെട്ടു"മെന്നു് പറഞ്ഞിരുന്നതെങ്കിൽ ക്രിസ്തുവിൻെറ പള്ളി തോമയാകുന്ന പാറമേൽ പണിയപ്പെട്ടേനെ. "റോമാക്കാരും" അതിനെ എതിർക്കുമായിരുന്നില്ല. പക്ഷെ ക്രിസ്തു തിരഞ്ഞെടുത്തതു് പത്രോസിനെയാണ്; ആരെങ്കിലും ഒരാൾ വേണമല്ലൊ. മിശിഹ പിന്നീട് പത്രോസുമായി സംഭാഷിക്കുന്നിടത്തെല്ലാം അദ്ദേഹത്തിനു മററുള്ള ശ്ലീഹന്മാരെക്കാൾ മുൻഗണന നൽകുന്നതായി കാണാം. പത്രോസ് അപ്രകാരംതന്നെ ശ്ലീഹന്മാരുടെ ഗണത്തിൻെറ വക്താവെന്ന നിലയിലാണു് മറുപടിപറയുന്നതും. ശ്ലീഹന്മാരുടെ പൊതുവായ കുററങ്ങൾക്ക് മിശിഹ ശാസിക്കുന്നതു് പത്രോസിനെയാണ്. (മത്തായി 26:40. ലൂക്ക 22:31—32, ലൂക്ക: 12:41)

സുവിശേഷകന്മാർ ശ്ലീഹന്മാരെക്കുറിച്ചു് പറയുന്നിടത്തെല്ലാം പത്രോസിൻെറ പേർ ആദ്യമാണ് ഉപയോഗിച്ചിരിക്കുന്നതു്.





മാപ്പാപ്പാ തിരുമേനിയുടെ ദിവ്യബലി

"ശെമവോനും അവനോടുകൂടിയുള്ളവരും അവനെ അന്വേഷിച്ചിരുന്നു" (മാർക്കോസ് 1:36). "ശെമവോനും അവനോടുകൂടിയുള്ളവരും ഉറക്കത്തിൽ ഭാരപ്പെട്ടിരുന്നു" (ലൂക്ക 9:32). "ശെമവോൻ ശ്ലീഹന്മാരോടുകൂടി ഉത്തരമായി അവരോടു പറഞ്ഞു" (നടപടി 5:29). ഇതുപോലെ മററു പലേടത്തും പത്രോസിൻെറപേർ ഒന്നാമതായി എഴുതപ്പെട്ടിരിക്കുന്നതു് ഇക്കാര്യത്തിൽ അവരെല്ലാവരും ഏകാഭിപ്രായക്കാരായിരുന്നതുകൊണ്ടല്ലെങ്കിൽ പിന്നെന്തുകൊണ്ടായിരിക്കണം? സുവിശേഷകനായ മത്തായി ശ്ലീഹന്മാരുടെ പേരുകൾ പറയുന്നതിപ്രകാരമാണ്: "അവരിൽ ഒന്നാമൻ കേപ്പ എന്നു വിളിക്കപ്പെടുന്ന ശെമവോനും, അവൻെറ സഹോദരൻ അന്ത്രയോസും, സബദിയുടെ പുത്രനായ യാക്കോബും" അങ്ങനെ പേരുകൾ ഓരോന്നോരോന്നായി പറഞ്ഞശേഷം ഒടുവിൽ "തന്നെ ഒററിക്കൊടുത്തവനായ യൂദാസ്കറിയോത്തായും" (മത്തായി 10:2-4) എന്നാണവസാനിപ്പിക്കുന്നതു്. നമ്മുടെ കർത്താവിൻെറ സ്വർഗ്ഗാരോഹണത്തിനു വളരെ കൊല്ലങ്ങൾക്കുശേഷമാണല്ലൊ സുവിശേഷം എഴുതപ്പെട്ടതു്. പത്രോസിൻെറ പേർ ഒന്നാമതും യൂദാസിൻെറ പേർ അവസാനവും പറഞ്ഞിരിക്കുന്നതു് പത്രോസ് പരമാധികാരിയാണെന്നും യൂദാസ് ഒററുകാരനാണെന്നും സാർവ്വത്രികമായി അറിയപ്പെട്ടതിനുശേഷം സുവിശേഷം എഴുതപ്പെട്ടതുകൊണ്ടാണെന്നാണ് "റോമാക്കാർ" പറയുന്നതു്. അതുകൊണ്ടല്ലെങ്കിൽ പിന്നെന്തുകൊണ്ടായിരിക്കാം? സന്ദർഭവശാൽ അങ്ങനെ എഴുതിപ്പോയതാകുമോ? അതാകാൻ തരമില്ല; എല്ലാവരും സന്ദർഭവശാൽ പത്രോസിൻെറ പേർ ആദ്യം ഉപയോഗിച്ചുപോയതാണെന്നു പറഞ്ഞാൽ, അതു് സംഭാവ്യമായി തോന്നുന്നില്ല. ക്രിസ്തു തൻെറ ശിഷ്യഗണത്തിൽ ആദ്യം ചേർത്ത ആളായതുകൊണ്ടാണെന്നു് പറയുവാൻ ന്യായമില്ല. ആദ്യം പത്രോസിനെയല്ലല്ലൊ തെരഞ്ഞെടുത്തതു് (യോഹ: 1:40-42). പ്രായത്തിൽ വലിയവനായിരുന്നതിനാലാണെന്നു പറയുവാനും തരമില്ല. പത്രോസിൻെറ ജ്യേഷ്ഠനായ അന്ത്രയോസ് കൂടുതൽ വയസ്സുചെന്നയാളായിരുന്നല്ലോ. ബുദ്ധിസാമർത്ഥ്യം കൂടുതലുള്ളതുകൊണ്ടാണെന്നു് പറയുവാൻ നിവൃത്തിയില്ല. യാക്കോബും യോഹന്നാനും മററും പത്രോസിനെക്കാൾ എത്രയോ സമർത്ഥന്മാരായിരുന്നുവെന്നു് വേദപുസ്തകം സാക്ഷിക്കുന്നുമുണ്ട്.

പത്രോസിനെ പരമാധികാരിയാക്കാൻ അയാളിലുണ്ടായിരുന്ന വിശേഷത എന്തായിരുന്നു? മിശിഹായുടെദൃഷ്ടിയിൽ വലിയവനായിരിക്കാനുള്ള യോഗ്യത പത്രോസിലായിരുന്നിരിക്കണം. "വലിയവൻ ചെറിയവനെപ്പോലെയും, തലവൻ ശുശ്രൂഷകനെപ്പോലെയും ഇരിക്കണം" (ലൂക്ക: 22 : 26) എന്നാണല്ലൊ കർത്താവു് ഉപദേശിച്ചിട്ടുള്ളതു്. ഈ സ്വഭാവം പത്രോസിൽ കാണുന്നത്ര മററാരിലും കണ്ടിരുന്നില്ലെന്നാണ് സുവിശേഷകന്മാർ സാക്ഷിക്കുന്നതു്. പത്രോസ് മിശിഹായെ ആദ്യമായി കണ്ടുമുട്ടിയ അവസരത്തിൽ മിശിഹ അത്ഭുതം പ്രവർത്തിക്കുന്നതുകണ്ടു്, മിശിഹായിൽ എന്തോ ദൈവികശക്തിയുണ്ടെന്നു മനസ്സിലാക്കിയപ്പോൾ "എൻെറ കർത്താവേ, ഞാൻ പാപിയായ മനുഷ്യനാകകൊണ്ടു് നീ എന്നിൽനിന്നു് അകന്നുപോകേണമെ" (ലൂക്ക. 5:8) എന്നാണ് അപേക്ഷിച്ചതു്. അപ്രകാരംതന്നെ മിശിഹ ശിഷ്യരുടെ കാലുകൾ കഴുകുന്ന അവസരത്തിൽ പത്രോസിൻെറ കാലു കഴുകുവാൻ സമീപിച്ചപ്പോൾ പത്രോസ് കർത്താവിനോടു് പറയുകയാണ്: "എൻെറ കർത്താവേ നീ എൻെറ കാലു കഴുകുകയോ? നീ ഒരുനാളും എൻെറ കാലു കഴുകേണ്ട." അതിനു മറുപടിയായി കർത്താവു് "നിന്നെ കഴുകാതിരുന്നാൽ നിനക്കു് എന്നോടുകൂടി പങ്കില്ല" എന്നു പറഞ്ഞപ്പോൾ "അങ്ങനെയെങ്കിൽ എൻെറ കാലുകൾ മാത്രമല്ല, എൻെറ കൈകളും, എൻെറ തലയുംകൂടി കഴുകേണമെ" (യോഹ. 13: 8—9) എന്നു പ്രതിവചിച്ചുകൊണ്ടു് തൻെറ ഹൃദയ എളിമയെ പ്രകടമാക്കി. ഇതുപോലെ പല സന്ദർഭങ്ങളിലും, ദേവാലയത്തിൻെറ ഒരു മൂലയിൽ നിന്നുകൊണ്ടു് ഭയത്തോടും വിറയലോടുംകൂടി പ്രാർത്ഥിച്ച ചുങ്കക്കാരൻെറ മനസ്ഥിതി പത്രോസിൽ ദൃശ്യമാകുന്നുണ്ട്.

മേൽപ്പറഞ്ഞ ന്യായങ്ങളിൽ നിന്നു് പത്രോസിനു് മററു ശ്ലീഹന്മാരിൽവെച്ച് എന്തോ ഒരു വിശേഷസ്ഥാനമുണ്ടെന്നു് ഊഹിപ്പാൻമാത്രമേ സാധിക്കയു

ഋ. ക്രിസ്തു പത്രോസിനു് ആ ഉന്നതസ്ഥാനം വാഗ്ദാനംചെയ്കയും പിന്നീടു് തന്റെ ഉയിർപ്പിനുശേഷം അവസാനമായി നൽകുകയും ചെയ്തിട്ടുള്ളതായി വളരെ വ്യക്തമായും സംശയരഹിതമായും വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടു്. മിശിഹ ആരാണെന്നും തന്റെ മനുഷ്യാവതാരത്തിന്റെ ഉദ്ദേശം എന്താണെന്നുംമററുമുള്ള കാര്യങ്ങൾ ശ്ലീഹന്മാർക്കെല്ലാം അറിവുണ്ടായിരുന്നുവെങ്കിലും



അവരുടെ അറിവു് പൂർണ്ണമാണോ എന്നു് പരീക്ഷിക്കുവാനാണെന്നു തോന്നുന്നു, ഒരിക്കൽ ശ്ലീഹന്മാർ എല്ലാവരും സന്നിഹിതരായിരുന്ന അവസരത്തിൽ അവരോടായിഇപ്രകാരംചോദിച്ചു: "എന്നാൽഞാൻ ആരാകുന്നുവെന്നാണു് നിങ്ങൾപറയുന്നതു്?" അതിനുത്തരംപറഞ്ഞതു് ശെമവോൻ കേപ്പായാണു്: "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ മിശിഹായാകുന്നു" എന്നു് ക്ഷണത്തിൽ ഉത്തരംകിട്ടിയതിൽ സന്തുഷ്ടനായി മിശിഹാ പത്രോസിനോടു പറഞ്ഞു, "നീ കേപ്പയാകുന്നു. ഈ കേപ്പയിന്മേൽ എന്റെ പള്ളി ഞാൻ പണിയും, നരകവാതിലുകൾ അതിന്മേൽ പ്രബലപ്പെടുകയില്ല. സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ നിനക്കു ഞാൻ തരും. നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും. നീ ഭൂമിയിൽ അഴിക്കുന്നതു് സ്വർഗ്ഗത്തിൽ അഴിക്കപ്പെട്ടിരിക്കു"മെന്നു് (മത്തായി 16: 15—19). എല്ലാ ശ്ലീഹന്മാരുടെയും മുമ്പിൽവെച്ചു് "നീ" "നിനക്കു്" എന്നിങ്ങനെ ഏകവചനത്തിൽ സംബോധന ചെയ്തുകൊണ്ടു് പത്രോസിനു് വാഗ്ദാനം ചെയ്ത ഇവയെല്ലാം എല്ലാ ശ്ലീഹന്മാർക്കുമായിട്ടാണെന്നു പറഞ്ഞാൽ അതു് "റോമാക്കാർക്കു്" മനസ്സിലാക്കുവാൻ പ്രയാസമാണു്. പാപങ്ങൾ കെട്ടാനും അഴിക്കാനുമുള്ള അധികാരം ശ്ലീഹന്മാർക്കു പൊതുവായിട്ടു് കൊടുത്തിട്ടുണ്ടെങ്കിലും (യോഹ. 20:23) സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകളും "കെട്ടാനും അഴിക്കാനു"മുള്ള അധികാരവും പത്രോസിനുമാത്രമായിട്ടു് പ്രദാനംചെയ്തിട്ടുള്ളതുകൊണ്ടു്, പത്രോസുമായി ഐക്യത്തിലിരിക്കുന്ന കാലത്തോളമേ മററുള്ളവർക്കു് മേല്പറഞ്ഞ അധികാരം ഉപയോഗിക്കുവാൻ അവകാശമുള്ളുവെന്നാണു് അവർ മനസ്സിലാക്കുന്നതു്.

പത്രോസിനു് വാഗ്ദാനംചെയ്ത ഈ അധികാരങ്ങളെല്ലാം, താൻ 3 പ്രാവശ്യം കർത്താവിനെ നിഷേധിച്ചു പറഞ്ഞതുകൊണ്ടു് നഷ്ടപ്പെട്ടുപോയെന്നാണു് ചിലർ വാദിക്കുന്നതു്. ഇതിൽ എത്രമാത്രം പരമാർത്ഥമുണ്ടെന്നു് പരിശോധിക്കാം. മിശിഹ തന്റെ പീഡാനുഭവങ്ങൾക്കു മുമ്പായി സെത്തുമലയിൽവച്ചു് തന്റെ ശിഷ്യരോടു് പറയുകയുണ്ടായി: "നിങ്ങളെല്ലാവരും ഈ രാത്രി എന്നിൽ ഇടറും. ഇടയനെ അടിക്കും. അവന്റെ ആടുകൾ ചിതറിപ്പോകുമെന്നു് എഴുതപ്പെട്ടിരിക്കുന്നു"വെന്നു് (മാർക്കു് 14:27). ഇതിൽനിന്നു് പത്രോസ് മാത്രമല്ല എല്ലാ ശിഷ്യരും മിശിഹായെ ഉപേക്ഷിച്ചുപോയെന്നു് വ്യക്തമാകുന്നുണ്ടല്ലോ. ഇങ്ങനെ മിശിഹായെ ഉപേക്ഷിച്ച മററു ശ്ലീഹന്മാർക്കും അവരവരുടെ ശ്ലൈഹികസ്ഥാനങ്ങൾ നഷ്ടപ്പെടുവാനിട വന്നിട്ടില്ലെങ്കിൽ പത്രോസിനും ആ കാരണത്താൽ തന്റെ പരമാധികാരം നഷ്ടപ്പെട്ടിട്ടുണ്ടായിരിപ്പാൻ ന്യായമില്ല. പോരെങ്കിൽ പരമാധികാരിയായ പത്രോസ് മററെല്ലാവരെയുംപോലെ സ്വാഭാവികമായ തെററുകൾക്കധീനനാകുവാൻ ഇടയുള്ളതുകൊണ്ടു്, അങ്ങനെ സംഭവിച്ചാലും ഉടനെ മനസ്താപപ്പെട്ടു് ശേഷംപേരെയും വിശ്വാസത്തിൽ ഉറപ്പിക്കേണ്ടതിനു് മിശിഹ പത്രോസിനുവേണ്ടി പ്രത്യേകം പ്രാർത്ഥിച്ചിട്ടുമുണ്ടു്. പീഡാനുഭവങ്ങൾക്കുമുമ്പായി പരിശുദ്ധ കുർബാന സ്ഥാപിച്ചശേഷം ശ്ലീഹന്മാരുടെ ചില സംശയങ്ങൾക്കു് മറുപടിപറയുന്നകൂട്ടത്തിൽ കർത്താവു് പത്രോസിനോടു പറഞ്ഞു: "ശെമവോനെ, ഇതാ! സാത്താൻ നിങ്ങളെ കോതമ്പുപോലെ കൊഴിക്കുവാൻ അന്വേഷിക്കുന്നു. ഞാൻ നിന്റെ വിശ്വാസം ക്ഷയിച്ചുപോകാതിരിക്കുവാൻ നിനക്കുവേണ്ടി പ്രാർത്ഥിച്ചു. നീയും ഒരിക്കൽ നിന്റെ സഹോദരന്മാരെ വീണ്ടും ഉറപ്പിക്കുക" (ലൂക്ക 22: 31, 32). പത്രോസ് മിശിഹായെ 3 പ്രാവശ്യം തള്ളിപ്പറഞ്ഞതു് വാസ്തവംതന്നെ. എങ്കിലും ഈശോയുടെ ഈ പ്രാർത്ഥനയുടെ ഫലമായി പത്രോസിന്റെ വിശ്വാസം ക്ഷയിച്ചുപോയുമില്ല, സഹോദരന്മാരെ വീണ്ടും ഉറപ്പിക്കുകയുംചെയ്തു. ഇക്കാര്യത്തിൽ മിശിഹായ്ക്കു സംശയമുണ്ടായിരുന്നില്ല. തന്റെ ഉയിർപ്പിനുശേഷം മൂന്നാമത്തെ പ്രാവശ്യം ശിഷ്യർക്കു് പ്രത്യക്ഷപ്പെട്ട അവസരത്തിൽ പത്രോസിനെ നോക്കിക്കൊണ്ടു് 3 പ്രാവശ്യം ചോദിച്ചു: "യോനായുടെ പുത്രനായ ശെമവോനെ നീ ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ"യെന്നു്. അതിനുത്തരമായി 3 പ്രാവശ്യവും "ഉവ്വ് കർത്താവെ, ഞാൻ നിന്നെ സ്നേഹിക്കുന്നുവെന്നു് നീ അറിയുന്നുവല്ലോ" എന്നു പത്രോസ് പറഞ്ഞപ്പോൾ "എന്റെ ആടുകളെ (മുഴുവൻ) എനിക്കായി നീ മേയ്ക്കുക" (യോഹ. 21: 15—17) എന്നു് 3 പ്രാവശ്യവും പത്രോസിനെ അധികാരപ്പെടുത്തി. പത്രോസിനു് ആട്ടിൻകൂട്ടം മുഴുവന്റെയും മേൽ നൽകപ്പെട്ട ഈ പരമാധികാരംനിമിത്തമാണു് അദ്ദേഹത്തിന്റെ പിൻഗാമികളെയും സഭ മുഴുവന്റെയുംമേൽ ആത്മീയകാര്യങ്ങളിൽ പരമാധികാരമുള്ളവരായി "റോമാക്കാർ" എല്ലാകാലത്തും സ്വീകരിച്ചുപോരുന്നതു്.

പത്രോസിന്റെ മുഖ്യസ്ഥാനത്തെ തെളിയിക്കുന്ന പ്രസ്താവങ്ങൾ വേദപുസ്തകത്തിൽത്തന്നെ വേറെയും അനേകമുണ്ടു്. ക്രിസ്തു ഉയിർത്തതിനുശേഷം ശ്ലീഹന്മാരിൽ ആദ്യം പ്രത്യക്ഷനായതു് പത്രോസിനാണു് (ലൂക്ക 24 : 34, I കൊറ. 15:5) യൂദസ്കറിയോത്തയുടെ മരണത്താൽ ഒഴിവാക്കപ്പെട്ട സ്ഥാനത്തേക്കു് വേറൊരുവനെ തെരഞ്ഞെടുത്തതു് പത്രോസിന്റെനേതൃത്വത്തിലാണു് (നട.1: 23-26) പരിശുദ്ധാത്മാവിനെ പ്രാപിച്ചശേഷം ആദ്യംസുവിശേഷം പ്രസംഗിച്ചതു് പത്രോസാണു് (നട. 2:14) ശ്ലീഹന്മാരിൽആദ്യം അത്ഭുതം പ്രവർത്തിച്ചതു പത്രോസാണു് (നട. 3:6). പത്രോസിനെ കാരാഗൃഹത്തിലാക്കിയപ്പോഴാണു് സഭ മുഴുവനിൽനിന്നു് ഇടവിടാതെയുള്ള പ്രാർത്ഥന സമർപ്പിക്കപ്പെട്ടതു്. (നട. 12:5) പരിച്ഛേദനത്തെപ്പററിയുള്ള തർക്കമുണ്ടായപ്പോൾ അതിനുള്ള തീരുമാനമുണ്ടാ...വാൻ സമ്മേളിച്ച സൂനഹ...ാസിൽ ആദ്ധ്യക്ഷ്യം വഹിച്ചതും അതിനു തീ

ഷ്ട്ട കല്പിച്ചതും പത്രോസാണു്. (നട. 15: 7—11) ഇങ്ങനെ അന്നു് പത്രോസിനു് സഭ മുഴുവൻ അനുവദിച്ചുകൊടുത്തിരുന്ന അധികാരങ്ങളും അവകാശങ്ങളുംതന്നെയാണു് ഇന്നും, എന്നും "റോമാക്കാർ" അദ്ദേഹത്തിന്റെ പിൻഗാമികൾക്കും അനുവദിച്ചു കൊടുത്തുകൊണ്ടിരിക്കുന്നതു്. അല്ലാതെ 5-ാം നൂററാണ്ടിൽ നെസ്തോറിയസിന്റെ കാലത്തോ ആ നൂററാണ്ടിൽ എവുതിക്കോസിന്റെകാലത്തോ അല്ലെങ്കിൽ 16-ാം നൂററാണ്ടിൽ മാർട്ടിൻ ലൂതറിന്റെകാലത്തോ പുതിയതായി കൂട്ടിച്ചേർത്ത ഒരു സിദ്ധാന്തമല്ല ഈ "പത്രോസിന്റെ പരമാധികാരം."

പരമാധികാരത്തെ തെളിയിക്കുന്ന ഇത്രയേറെ തെളിവുകളുള്ളപ്പോൾ അതിനെ എതിർത്തുനില്ക്കുന്നതു് ബുദ്ധിഹീനമെന്നു കരുതി ചില പ്രോട്ടസ്റ്റൻറുവിഭാഗങ്ങൾ വാദിക്കുന്നതു് പത്രോസിനു് നൽകപ്പെട്ട പരമാധികാരം അദ്ദേഹത്തിനുമാത്രമായിരുന്നു; തന്റെ മരണത്തോടുകൂടി ആ അധികാരം അവസാനിക്കുകയും ചെയ്തു; പിൻഗാമികളായ മാർപ്പാപ്പാമാർക്കു് ആ അധികാരം അവകാശപ്പെടുവാൻ ന്യായമില്ല എന്നെല്ലാമാണു്. ശ്ലീഹന്മാർക്കുണ്ടായിരുന്ന അധികാരങ്ങളും സ്ഥാനങ്ങളും അവരുടെ പിൻഗാമികൾക്കുമുണ്ടായിരിക്കുമെന്നു് പഠിപ്പിക്കുന്ന യാക്കോബായരെ സംബന്ധിച്ചിടത്തോളം മുൻവാദം യോജിച്ചതല്ലല്ലോ. അതുകൊണ്ടു് അവർ അവകാശപ്പെടുന്നതു് പത്രോസിന്റെ യഥാർത്ഥപിൻഗാമികൾറോമാമാർപ്പാപ്പാമാരല്ല, അന്തിയോക്കിയായിലിരിക്കുന്ന അവരുടെ പാത്രിയർക്കീസുമാരാണെന്നാണു്. ഈ അടുത്ത കാലംവരെ പരമാധികാരത്തെ ശക്തിയുക്തം എതിർത്തിരുന്ന നെസ്തോറിയരും, യാക്കോബായരെ അനുകരിച്ചു്, പത്രോസിനു് പരമാധികാരമുണ്ടെന്നും തന്റെ പിൻഗാമികൾ നെസ്തോറിയൻ പാത്രിയർക്കീസന്മാരാണെന്നും ക്രമേണ വാദിക്കുവാൻ തുടങ്ങിയിട്ടുണ്ടു്.

പരമാധികാരമെന്നൊന്നു് ഉണ്ടായിരുന്നിട്ടും, അഥവാ ഉണ്ടെന്നു പഠിപ്പിച്ചുംകൊണ്ടുതന്നെ ഇത്രയധികം ഉപവിഭാഗങ്ങൾ ക്രൈസ്തവസഭയിൽ നിലനിൽക്കുന്നതു കാണുമ്പോൾ, മററുചിലർ "തെളിയിക്കുന്ന"പ്രകാരം പരമാധികാരമെന്നതു് ഇല്ലായിരുന്നെങ്കിലത്തെ സ്ഥിതിയെക്കുറിച്ചു് ആലോചിക്കുവാൻതന്നെ പ്രയാസമാണു്.

# ഒരു ലേഖകന്റെ

## തെററിദ്ധാരണകളും അവാസ്തവപ്രസ്താവങ്ങളും

(പി. ഐ. ജോസഫ് ബി. എ.)

"വിദേശപാതിരിമാരെ! നിങ്ങൾക്കിവിടെ സ്ഥാനമില്ല" എന്ന ശീർഷകത്തിൽ ശ്രീ ടി. എൻ. മുകുന്ദൻ എം. എസ്സ്. സി. ഒരാഴ്ചപ്പതിപ്പിൽ, തെററിദ്ധാരണകളും അവാസ്തവപ്രസ്താവങ്ങളുമടങ്ങിയ ഒരു ലേഖനം പ്രസിദ്ധം ചെയ്തിട്ടുണ്ടു്. അതാരംഭിക്കുന്നതു് ഇപ്രകാരമാണു്: "ഭാരതത്തിലെ ജനസംഖ്യ കഴിഞ്ഞ പത്തുകൊല്ലത്തിൽ 14 ശതമാനം വർദ്ധിച്ചിട്ടുണ്ടു്. അതേസമയത്തിനുള്ളിൽ ഇവിടത്തെ ക്രിസ്തുമതാവലംബികളുടെ എണ്ണം32 ശതമാനവും വർദ്ധിക്കുന്നുണ്ടത്രെ. ആസ്സാം, ഒറീസ്സ, ബീഹാർ, ഹൈദ്രബാദ് എന്നീ പ്രവിശ്യകളിലാണു ക്രിസ്ത്യാനികളുടെ എണ്ണം അധികരിച്ചിട്ടുള്ളതു്. ഓരോമാസം കഴിയുന്തോറും 30000 ഹിന്ദുക്കൾ ക്രിസ്ത്യാനികളായി മതപരിവർത്തനംചെയ്യപ്പെടുന്നുണ്ടു്. 1951-ലെ കാനേഷുമാരി വെളിപ്പെടുത്തിയ ഭയാനകമായ ചില സംഗതികളാണു മേലുദ്ധരിച്ചതു്."

### എന്താണു് ഈ വർദ്ധനവിനു കാരണം?

ഇൻഡ്യയിൽ ക്രിസ്ത്യാനികളുടെ എണ്ണം മേൽപ്പറഞ്ഞതോതിൽ വർദ്ധിക്കുന്നുവെന്നുതന്നെ ഇരിക്കട്ടെ. ലേഖകനു "ഭയാനക"മായി തോന്നുന്ന ഈ വർദ്ധനവിനുള്ള കാരണം എന്തെന്നു് അദ്ദേഹം മുൻവിധികളെല്ലാം മാററിനിറുത്തി, നിഷ്പക്ഷബുദ്ധിയോടുകൂടി, ശാന്തമായി ഒന്നു ചിന്തിച്ചുനോക്കുമോ? ക്രിസ്തുമതത്തിനു സ്വതവേയുള്ള വൈശിഷ്ട്യവും ആകർഷകത്വവും, മനുഷ്യരുടെ ആത്മീയദാഹത്തെ ശമിപ്പിക്കുവാൻ അതിനുള്ള ശക്തിയും, സർവ്വോപരി അതിന്റെ ദിവ്യസ്ഥാപകന്റെ അന്യാദൃശമായ വ്യക്തിവിലാസവുമാണു് അതിന്റെ "ഭയാനകമായ" ഈ പ്രചാരത്തിനു കാരണം. അവശരും ആലംബഹീനരുമായ സാധുജനങ്ങളുടെ ഇടയിൽ ക്രിസ്തീയമിഷനറിമാർ നടത്തുന്ന ജീവകാരുണ്യപ്രവർത്തനങ്ങൾ അവരുടെ മതത്തെക്കുറിച്ചുള്ള മതിപ്പു വർദ്ധിപ്പിക്കുന്നതിനു സഹായകമായിട്ടുണ്ടെന്നും വരാം. അതിലും ആശ്ചര്യപ്പെടേണ്ടതില്ല; ആരേയും പഴിച്ചിട്ടുമാവശ്യമില്ല. മററുള്ളവർക്കും ജീവകാരുണ്യപ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ സ്വാതന്ത്ര്യമുണ്ടല്ലോ.

### ഇൻഡ്യയുടെ ഏകതയെ അപകടത്തിലാക്കുന്നെന്നോ?

തുടർന്നു്, ലേഖകൻ അവതരിപ്പിക്കുന്ന പ്രമേയം വിദേശപാതിരിമാർ ഇൻഡ്യയുടെ ഏകതയെ അപകടത്തിലാക്കുന്നെന്നും തൽക്കാരണത്താൽ അവരെ ബഹിഷ്കരിക്കണമെന്നുമാണു്. അവർ ഇൻഡ്യയുടെ ഏകതയെ അപകടത്തിലാക്കുന്നതു എങ്ങനെയാണെന്നു ലേഖകൻ വ്യക്തമാക്കുന്നില്ല. വിദേശികളുടെ ആഗമനത്തിനുമുമ്പു് ഇൻഡ്യയിൽ എത്രമാത്രം "ഏകത" ഉണ്ടായിരുന്നു! ഇപ്പോൾ എത്രമാത്രം ഉണ്ടു്? ഇൻഡ്യയുടെ ഐക്യത്തെ ഭീഷണിപ്പെടുത്തുന്ന ശക്തികൾ ഏവയെല്ലാമാണു്? സാക്ഷാത്തായ ഐക്യത്തിന്റേയും സ്നേഹത്തിന്റേയും സന്ദേശവാഹികളല്ലേ വിദേശീയരും സ്വദേശികളുമായ ക്രിസ്തീയപുരോഹിതന്മാർ? എന്നെല്ലാം ലേഖകൻ സത്യദീക്ഷയോടുകൂടി ഒന്നാലോചിച്ചുനോക്കട്ടെ.

ലേഖനത്തിന്റെ രണ്ടാമത്തെ ഖണ്ഡികയിൽ ലേഖകൻ ഒരേ ശ്വാസത്തിൽ പരസ്പരവിരുദ്ധമായി സംസാരിക്കുന്നതാണു വിചിത്രമായിരിക്കുന്നതു്. അദ്ദേഹം എഴുതുന്നു: "കുപ്രസിദ്ധനായ മെക്കോളെ പ്രഭുവിന്റെ "നൂറുകൊല്ലത്തിനുള്ളിൽ ഒരു കൃസ്ത്യൻ ഇന്ത്യ" എന്ന ആഗ്രഹം സഫലീകരിക്കുവാൻവേണ്ടി ഇവിടത്തെ പാതിരിമാരോടൊരുമിച്ചു് അന്യരാജ്യങ്ങളിൽനിന്നും ഇറക്കുമതി ചെയ്യപ്പെട്ട പാതിരിമാർ ഒരു ഭഗീരഥപ്രയത്നംതന്നെ നടത്തുകയാണു്." അങ്ങനെയെങ്കിൽ, അവരുടെ ലക്ഷ്യം ഒരേകീകൃത ഇന്ത്യയാണല്ലോ. ഒരു "കൃസ്ത്യൻ ഇന്ത്യ"ക്കു് ഏകത്വം ഉണ്ടായിരിക്കയില്ലേ? അതിന്റെ വെളിച്ചത്തിൽ നോക്കുമ്പോൾ, അടുത്ത വാചകത്തിൽ അദ്ദേഹം ഇപ്രകാരം എഴുതിയിരിക്കുന്നതിന്റെ യുക്തി മനസ്സിലാകുന്നില്ല. "ഒരു സ്വതന്ത്ര നാഗാലാൻഡും, ഝാർഖണ്ഡും ആവശ്യപ്പെടുന്ന ഇവരുടെ അനുയായികൾ ഭാരതത്തിന്റെ ഏകതയെ അപകടത്തിലാക്കാതിരിക്കണമെങ്കിൽ, ഇറക്കുമതി ചെയ്യപ്പെട്ട ഈ ദൈവപ്രതിനിധികളെ പുറത്താക്കുകതന്നെ വേണം."

### മതപ്രചാരണമാണു് ലേഖകനു് അസഹ്യമായിരിക്കുന്നതു്

"കൃസ്ത്യാനികൾക്കും കൃസ്തുമതത്തിനും എതിരായി നമുക്കൊന്നും പറയുവാനില്ല" എന്നെഴുതുന്ന ലേഖകൻ അടുത്ത ഖണ്ഡികയിൽ. ക്രിസ്തുമതത്തിന്റെ പ്രചാരണമാണു് ലേഖകനു് അസഹ്യമായിരിക്കുന്നതു്. ക്രിസ്ത്യാനികൾക്കും ക്രിസ്തുമതത്തിനും എതിരായി ലേഖകനൊന്നും പറയുവാനില്ലെങ്കിൽ, ആ മതം പ്രചരിക്കുന്നതിലും അതിന്റെ അനുയായികളുടെ എണ്ണം വർദ്ധിക്കുന്നതിലും അദ്ദേഹം അമർഷം കൊള്ളുന്നതു് എന്തിനെന്നു മനസ്സിലാക്കുവാൻ പ്രയാസം.

"ഇവിടത്തെ ജനങ്ങളുടെ ദേശീയബോധത്തെ നശിപ്പിച്ചു് സാമ്രാജ്യശക്തികളുടെ സ്വാർത്ഥലാഭത്തിനായി അവരെ ചൂഷണംചെയ്യുന്നു" എന്നതാണു് "ഇന്നത്തെ കൃസ്ത്യൻ പാതിരി"മാരുടെമേൽ അദ്ദേഹം ആരോപിക്കുന്ന ഒരു കുററം. എന്നാലദ്ദേഹമതു തെളിയിക്കുന്നില്ല. ക്രിസ്തീയപുരോഹിതന്മാർ, വിശിഷ്യ കത്തോലിക്കാ പുരോഹിതന്മാർ യാതൊരു ജനതയുടേയും ദേശീയതാല്പര്യങ്ങൾക്കു് എതിരല്ല എന്നതാണു പരമാർത്ഥം. "സാമ്രാജ്യശക്തികളുടെ" ഉപകരണങ്ങളുമല്ല അവർ. ഒരു ലൗകിക സാമ്രാജ്യം കെട്ടിപ്പടുക്കുന്നതിനല്ല അവർ വേലചെയ്യുന്നതും. "എന്റെ രാജ്യം ഐഹികമല്ല" എന്നരുളിച്ചെയ്ത ക്രിസ്തുവിന്റെ അനുയായികളാണവർ. നിത്യരക്ഷാമാർഗ്ഗം, അതറിഞ്ഞിട്ടില്ലാത്തവർക്കു ചൂണ്ടിക്കാണിച്ചുകൊടുക്കുക എന്നതാണു് അവരുടെ ലക്ഷ്യം. മറിച്ചു പ്രവർത്തിക്കുന്നവരുണ്ടെങ്കിൽ, അവരെ ബഹിഷ്കരിച്ചുകൊള്ളുക. മിഷനറിമാരെ ഒന്നടങ്കം ആക്ഷേപിക്കുന്നതു യാതൊരു കാരണവശാലും ശരിയല്ല. ഭാരതത്തെ റഷ്യൻ സാമ്രാജ്യശക്തിക്കു് ഒററിക്കൊടുക്കുവാൻ അഹോരാത്രം വേലചെയ്യുന്നവർ പലരുമുണ്ടല്ലോ ഈ നാട്ടിൽ. അവരെസംബന്ധിച്ചു് ഒരൊററ അക്ഷരംപോലും ലേഖകൻ മിണ്ടാതിരിക്കുന്നതു് ആശ്ചര്യകരമായിരിക്കുന്നു.

ഒരു കാര്യംകൂടി. ക്രിസ്ത്യാനികളെ പീഡിപ്പിക്കുന്നതിനു് ക്രിസ്തുമതത്തിന്റെ ആരംഭംമുതൽ ഭരണധുരന്ധരന്മാർ എടുത്തിട്ടുള്ള ഒരടവാണു്, അവർ രാജ്യത്തിന്റെ ശത്രുക്കളാണെന്ന കുററം അന്യായമായി ആരോപിക്കുകയെന്നതു്. റോമയിലെയും മെക്സിക്കോയിലെയും എല്ലാ കമ്മ്യൂണിസ്റ്റു രാജ്യങ്ങളിലെയും മതപീഡനങ്ങളുടെ ചരിത്രം ഇതു തെളിയിക്കുന്നുണ്ടു്. ആധുനികകാലത്തു് പ്രത്യേകിച്ചും ഒരു പ്രത്യേകമതം അനുഷ്ഠിക്കുന്നു അല്ലെങ്കിൽ പ്രചരിപ്പിക്കുന്നു എന്നു പറഞ്ഞു നടപടികൾ സ്വീകരിക്കുവാൻ മൗലികാവകാശവ്യവസ്ഥകൾ അനുവദിക്കുകയില്ല. അതിനാൽ മിഷനറിമാർ വിദേശീയ

(ശേഷം 11-ാംപേജിൽ)

ചെറുകഥ

# മരുമകൾ

(മൈക്കിൾ ഡി. വള്ളനാമറ്റം)

പശ്ചിമാർക്കന്റെ അന്തികതിരുകൾ കുന്നിൻപുറങ്ങളെ തങ്കച്ചാർത്തണിയിച്ചു. ആ കൊച്ചുഭവനത്തിന്റെ വടക്കെ ഉമ്മറപ്പടിയിലിരുന്നു് കറിക്കൊരുക്കുകയാണു് കൊച്ചുമറിയ. വിസ്മൃതിയുടെ അഗാധതയിൽ തള്ളിയിരുന്ന ഭൂതകാലസംഭവങ്ങൾ മായാത്ത ചിത്രങ്ങളായി അവളുടെമുമ്പിൽ പ്രത്യക്ഷപ്പെട്ടു. യാതനയുടെയും പട്ടിണിയുടെയും കരിപുരണ്ട ചിത്രങ്ങളായിരുന്നു അവയിൽ സിംഹഭാഗവും! സുഭിക്ഷതയും സൗഭാഗ്യവുംതികഞ്ഞ നവ്യയുഗവുമായി, ആ വിസ്മൃതഘട്ടങ്ങളെ ഒന്നു് ഒത്തുനോക്കുവാൻ അവൾ നിർബന്ധിതയായി.

“സൊഖംതന്നെ സൊഖം...! ആരൊണ്ടു ചോദിക്കുവാൻ...! എഴുത്തും വായനേം... ഊണും ഉറക്കോം. വീട്ടുവേലക്കല്ലേ ചേഴം പേരുള്ളതു്! അനങ്ങാക്കള്ളം...”

കൊച്ചുമറിയയുടെ അന്തർഗ്ഗതങ്ങൾ താനറിയാതെ ബഹിർഗ്ഗമിച്ചുപോയി. “വല്ലവരും കേട്ടിരിക്കുമോ...!” അവൾ ശങ്കിച്ചു നാലുപാടും ഒന്നു കണ്ണോടിച്ചു. അതാ ഒരു ഭീകരസത്വം അവളുടെ പിമ്പിൽ കലിതുള്ളുന്നു!

“ഹേ...വയസ്സീ! നിങ്ങൾ എന്തുപറഞ്ഞു? ലോകം പുരോഗമിക്കയാണെന്നു് ഇനിയെങ്കിലും മനസ്സിലാക്കണം! അന്നു് അങ്ങനെയെല്ലാമായിരുന്നിരിക്കാം. എന്നാൽ,ഇതു ഇരുപതാംനൂറ്റാണ്ടാണു്; പരിഷ്കൃതയുഗമാണു്.... അന്നത്തെ ഞായങ്ങളൊന്നും ഇന്നു വിലപ്പോകില്ല...”

രോഷാകുലയായ മരുമകൾ ആക്രോശിച്ചു. ഒരു നെടുനിശ്വാസത്തിനുശേഷം അവൾ തുടർന്നു:

“വേണമെങ്കിൽ അനങ്ങാതിരിക്കണം, വല്ലടത്തുംപോയി. ഇവിടെ ജോലിയൊന്നും ചെയ്യണമെന്നില്ല... വേലക്കാരിയെ നിയോഗിച്ചുകൊള്ളാം വീട്ടുവേലയ്ക്കു്. കുറച്ചുദിവസങ്ങളായി, മുക്കിലും മൂലയിലുമിരുന്നു് ശകാരവർഷം തുടങ്ങിയിട്ടു്! ഞങ്ങളുടെ ചെയ്തികളെ നിരൂപണം ചെയ്യാൻ ആർക്കും അവകാശമില്ല. അടങ്ങിയിരുന്നില്ലെങ്കിൽ കാണിച്ചുതരാം അനുഭവം...”

വെന്തുരുകുന്ന ഹൃദയാന്തരാളത്തിൽനിന്നു നിർഗ്ഗമിച്ച ഒരു ദീർഘനിശ്വാസമായിരുന്നു കൊച്ചുമറിയ നൽകിയ മറുപടി. ആ മാതൃമാനസത്തിലെ വികാരവീചികൾ ബാഷ്പബിന്ദുക്കളായി രൂപാന്തരപ്പെട്ടു. മുറ്റത്തെ മാങ്കൊമ്പിലിരുന്ന മഞ്ഞപ്പക്ഷികൾ ഗദ്ഗദസ്വരം മുഴക്കി. ഒന്നുരണ്ടു മാന്തളിരുകൾ ഞെട്ടറ്റു നിലംപതിച്ചു.

കൊച്ചുമറിയയുടെ ഭാഷയിൽ, “തലതിരിഞ്ഞ” പരിഷ്കാരങ്ങളൊന്നും കയറിപ്പറ്റാത്ത ഒരു ഗ്രാമപ്രദേശമായിരുന്നു അതു്. “തിന്നണം... പണിയണം” ഇതിൽ കവിഞ്ഞ തത്വസംഹിതകൾക്കൊന്നിനും പറയത്തക്ക പ്രാധാന്യമൊന്നും അവിടെ കല്പിക്കപ്പെട്ടിരുന്നുമില്ല. ഒരു പടികൂടി മുമ്പോട്ടു കടന്നാൽ, ചുരുക്കം ചില ചെറുപ്പക്കാർക്കു്, അതും പണക്കാരുടെ “പൊന്നുമക്കൾ”ക്കുമാത്രം ഒരു ഭ്രമമുണ്ടു്, സൊള്ളിനടപ്പിൽ! ഇസ്സങ്ങളുടെ വേലിയേറ്റങ്ങളും പണിമുടക്കുകളുടെ ദുരന്തഫലങ്ങളും അവിടെങ്ങും അജ്ഞാതമായിരുന്നു. ഏതായാലും, കൊച്ചുമറിയക്കുമുണ്ടു് ഒരു പുത്രസന്താനം; മാമ്മച്ചൻ. ആ ഗ്രാമീണവിധവയുടെ ജീവിതോഷ്ണത്തെ ലാഘവപ്പെടുത്തുന്ന കുളിർകാറ്റാണു്, ജീവിതസർവ്വസ്വമാണു് അവൻ! കുഞ്ഞുവർക്കീയുടെ അകാലവിയോഗം ആ കർഷകകുടുംബത്തിന്റെ സാമ്പത്തികസ്ഥിതിയെ സാരമായി സ്പർശിച്ചു ദാരിദ്ര്യദുർഭൂതം പല്ലിളിച്ചു, പലപ്രാവശ്യവും! പക്ഷെ അത്ര ഭീരുവായിരുന്നില്ല കൊച്ചുമറിയ. ഒരു ഭീകരസമരത്തിനു തന്നെ അവൾ സന്നദ്ധയായി. അത്യദ്ധ്വാനവും മിതവ്യയവുമായിരുന്നു അവളുടെ മുഖ്യായുധങ്ങൾ. ആ ഭയങ്കരസത്വം കൊച്ചുമറിയയുടെമുമ്പിൽ മുട്ടുമടക്കുകതന്നെ ചെയ്തു. “ഉടുമുണ്ടു്” അരയിൽ വരിഞ്ഞുകെട്ടിക്കൊണ്ടു് പകൽ മുഴുവൻ പണിചെയ്യുകയാണു്, മുഴുപ്പട്ടിണിയിൽ. അന്തിക്കഞ്ഞിയും നാമമാത്രമായിരുന്നത്രെ അവൾക്കു്! ഐശ്വര്യലക്ഷ്മിയുടെ കടാക്ഷവീക്ഷണങ്ങൾ ആ ചെറുഭവനത്തിൽ ക്രമേണ പതിഞ്ഞുതുടങ്ങി. സുഭിക്ഷതയും സമാധാനവും ഓളംവെട്ടുകയായി ആ കർഷകധാമത്തിൽ!

നിരക്ഷരകുക്ഷിയെങ്കിലും അത്ര യാഥാസ്ഥിതികയായിരുന്നില്ല കൊച്ചുമറിയ. പുത്രന്റെ വിദ്യാഭ്യാസകാര്യത്തിൽ അവൾ വേണ്ടത്ര ശ്രദ്ധപതിച്ചു. സ്കൂൾ ഫൈനൽ പരീക്ഷയിൽ സ്റ്റേറ്റിലെ പ്രഥമസ്ഥാനം കരസ്ഥമാക്കിയതു് മാമ്മച്ചനായിരുന്നു. “പണി തെണ്ടി” പലേടങ്ങളിൽ അലഞ്ഞുനടക്കേണ്ട ആവശ്യമുണ്ടായില്ല അവനു്. സ്ഥലത്തെ സ്കൂളധികൃതർ മാമ്മച്ചനെ സസന്തോഷം സ്വാഗതംചെയ്തു. കർമ്മകുശലനായ ഒരു മിഡിൽസ്കൂൾ അദ്ധ്യാപകൻ എന്ന നിലയിൽ ഏതാണ്ടൊരു പേരും പെരുമയും അവൻ സമ്പാദിച്ചുകഴിഞ്ഞു:

അന്ത്യകാലത്തെ അതുലാലംബമായി, ജീവിതാനന്ദത്തിന്റെ പൂർത്തീകരണമായി കൊച്ചുമറിയ പ്രതീക്ഷിച്ചിരുന്നു ഒരു തങ്കക്കുടത്തെ! അതെ, “ആറ്റുനോറ്റുണ്ടായ” തന്റെ “അരുമക്കിടാവിനു്” “വീട്ടിലിരിക്കാൻപറ്റുന്ന” ഒരു “പെണ്ണുംപിള്ളയെ” “കല്യാണംചെയ്തു”കൊടുത്തുകൊണ്ടു് കൃതകൃത്യയാകുവാൻ കാത്തിരിക്കുകയായിരുന്നു അവൾ. ആടയാഭരണങ്ങളുടെ മോടികളോ മിഥ്യാസൗന്ദര്യത്തിന്റെ മോഹനതയോ അവൾ അഭിലഷിച്ചിരുന്നില്ല. “അഴകു വച്ചാൽ ചോറാകുമോ!” ഇതായിരുന്നു കൊച്ചുമറിയയുടെ ആശയഗതി. പക്ഷേ......!

പച്ചപ്പരിഷ്കാരം ഉടലെടുത്ത ഒരു നാഗരികാംഗനയായിരുന്നു കൊച്ചുമറിയക്കു ലഭിച്ച ആ അമൂല്യസമ്പത്തു്; മരുമകൾ! നീലാംബരത്തെ വെല്ലുന്ന സിൽക്കുസാരിയും ക്രാപ്പുചെയ്ത കാർകൂന്തലും ആ ഗ്രാമീണവനിതയ്ക്കു് തെല്ലും പ്രിയംകരമായിരുന്നില്ല പെൺകിടാങ്ങളുടെ കൈത്തണ്ടിൽ “കരങ്കം കെട്ടുന്ന” കാഴ്ചയും അവൾക്കു പുത്തരിയായിരുന്നു!

“ഒരു മെനയുമില്ലാത്ത ഉടയും കെട്ടും; മുറയും ചെറയുമില്ലാത്ത പെരുമാറ്റം; ഇടവിടാതെയുള്ള കുശലംപറച്ചിൽ..... എന്നുവേണ്ടാ......”

മരുമകളെ സംബന്ധിച്ചു് അമ്മായിയമ്മയ്ക്കുള്ള അഭിപ്രായമാരാഞ്ഞ അയൽക്കാരിയോടു് കൊച്ചുമറിയ പറഞ്ഞു.

“എളിമേം താഴ്മേം എങ്ങിനാണെന്നുപോലും അറിഞ്ഞുകൂടാ...... കെട്ട്യോന്റെ ഒപ്പമിരുന്നല്ലെ എഴുത്തും വായനേം, തീനും കുടീ! അതൊക്കെ കിടക്കട്ടെ, ഒരു തീ ഊതാൻപോലും കഴിയത്തില്ല. വെച്ചുവെളമ്പി മേശപ്പുറത്തുവെച്ചാൽ......, അല്ല, ആളുണ്ടായിട്ടായിരിക്കും!!”

മരുമകളുടെ ജീവിതഗതികളെ ഒന്നുകൂടി വിശദീകരിക്കുവാൻ അവൾ നിർബന്ധിതയായി പോൽ!

ആ നവദമ്പതികളുടെ “ഒപ്പമിരുന്നുള്ള ഊണുകഴിക്കലാ”യിരുന്നു കൊച്ചുമറിയക്കു മർമ്മഭേദകം. “എന്റെ പൊന്നേ! കീഴ്‌വയറ്റിലൊരു കത്തലാ ആ കാഴ്ച കാണുമ്പോൾ.” അയൽക്കാരിയോടു് ഏതദ്വിഷയത്തെ സംബന്ധിച്ചു് സംസാരിക്കാറുണ്ടായിരുന്നു അവൾ. “പത്തുപതിനാറു കൊല്ലം ഞാനും പൊറുത്തതാ ഒരാമ്പ്രന്നോന്റെകൂടി......! പക്ഷെ, നേരെനിന്നു ഉരിയാടാൻ തൊടങ്ങിയതു്, മാമ്മച്ചനു് വയസ്സു നാലായതിപ്പിന്നാ!! നാഴിക മൂന്നേമുക്കാലുകഴിഞ്ഞില്ല, ഒറ്റമേശയിൽ, ഒപ്പമിരുന്നു് ഊണവരെ ആയിട്ടുണ്ടു്. ഇനി എന്തെല്ലാമാണോ ഉണ്ടാകാൻപോകുന്നതു്....!”

കൊച്ചുമറിയയുടെ ഈ “പഴഞ്ചൻ ഞായങ്ങ”ളൊന്നും, പരിഷ്കൃതമാനസയായ അയല്ക്കാരിക്കു സ്വീകാര്യമായി തോന്നിയില്ല. അവൾ പറഞ്ഞു: “ആക്കു ചേതം...! അവർ പഠിപ്പുകാരാണു്. പണ്ടത്തെപ്പോലൊന്നുമല്ല ഇന്നത്തെ ലോകം..., ഒരു പാത്രത്തിൽനിന്നു തിന്നുകൊള്ളട്ടെ, അവർക്കു പ്രിയംകരമെങ്കിൽ! അക്കാര്യത്തിൽ തലയിടരുതു്, മേലിലെങ്കിലും...” “ആക്കു ചേതം...!” കൊച്ചുമറിയ സമർത്ഥിച്ചു: “ചേതമൊന്നുമില്ല! അതുപോകട്ടെ, വല്ലതും കഴിന്നതു് എടുത്താലെന്താ... അങ്ങു് ഉരുകിപ്പോകാൻ വെണ്ണനെയ്യോമറ്റോ ആണോ! ... അനങ്ങാതിരിക്കാൻ ഞാൻ സമ്മതിക്കത്തില്ല. അല്ലെങ്കിൽ കാണാം എന്റെ കാലം കഴിഞ്ഞിട്ടു്......”

* * *

കാലചക്രം അതിശീഘ്രം ഉരുണ്ടുകൊണ്ടിരുന്നു. ഒരു പത്തുപതിനാറു വത്സരങ്ങൾ അങ്ങനെ കഴിഞ്ഞുപോയി. ഏഴെട്ടു കൊച്ചുകുഞ്ഞുങ്ങളുടെ പിതാവാണു് മാമ്മച്ചൻ. ഗുരുതരമായ നടപടിപ്പിശകുനിമിത്തം സ്കൂൾജോലിയിൽനിന്നും പിരിച്ചുയക്കപ്പെട്ട അയാൾ, സകുടുംബം ദാരിദ്ര്യത്തിന്റെ അഗാധതയിലേക്കു നിപതിച്ചുകൊണ്ടിരിക്കുന്നു. പണിയന്വേഷിച്ചു് പല സ്ഥലങ്ങളിലും അയാൾ സഞ്ചരിച്ചുനോക്കി. “പഠിച്ചപണി പതിനെട്ടും” പ്രയോഗിച്ചു. ഒരു പ്യൂണിന്റെ ജോലിയെങ്കിലും ലഭിക്കുവാൻ. പക്ഷെ, താനർഹിക്കുന്ന ജീവനമാർഗ്ഗം എന്നേക്കുമായി അയാൾക്കു് അടയ്ക്കപ്പെട്ടിരുന്നു. മാമ്മച്ചൻ ഭഗ്നാശനായില്ല. വ്യവസായരംഗത്തേക്കു് ഒന്നു കടന്നുനോക്കി. അവിടെയും രക്ഷയില്ലായിരുന്നു അയാൾക്കു്! കർഷകവൃത്തിയിൽ തെല്ലും പരിചയമില്ലതാനും. അയാൾ ഇതികർത്തവ്യതാമൂഢനായി. വീട്ടുമുതലുകൾ പണയപ്പെടുത്തിയും തീറുവിറ്റും, വീട്ടുകാര്യങ്ങൾക്കു കോട്ടം വരുത്താതെ “ഡീസന്റായി” തന്നെ ജീവിച്ചു കുറെക്കാലത്തേക്കു്. അങ്ങനെ, സ്ഥാവരജംഗമവസ്തുക്കൾ നിശ്ശേഷം അന്യാധീനത്തിലായി. പാപ്പരത്തം അയാളുടെമുമ്പിൽ കോട്ടുവാവിട്ടുതുടങ്ങി! അനന്തരകരണീയം എന്തെന്നറിയാതെ അയാൾ കുഴങ്ങി. “ആത്മഹത്യയോ... അതു പാടില്ല.” അയാൾ ചിന്തിച്ചു പലപ്രാവശ്യം ചിന്തിച്ചു. ഒരു സുപ്രഭാതത്തിൽ ഒരു ശ്രുതി പരന്നു, “മാമ്മച്ചൻ പട്ടാളത്തിലായെ”ന്നു്. “സ്വന്തം പെറ്റമ്മയെ ഇറക്കിവിട്ട അവനുണ്ടോ അവിടെയും ഗതികിട്ടുക...! അവളോ, അവളനുഭവിക്കും അതിൽക്കൂടുതലായി...!!” ജനസാമാന്യം പ്രവചിച്ചു.

“എന്താ... റോസമ്മേ! വല്ല എഴുത്തുംവരുന്നുണ്ടോ ഈയിടെ?” അയൽവക്കത്തെ ലീലാമ്മ ചോദിച്ചു.

“എനിക്കെങ്ങും ഒന്നും കിട്ടുന്നില്ല. ഭാര്യേം മക്കളും പഞ്ഞം കിടന്നു തുലഞ്ഞാലെന്താ ...!”

റോസമ്മ സവ്യഥം പ്രതിവചിച്ചു. അവളുടെ നയനങ്ങൾ ബാഷ്പപൂരിതങ്ങളാണു് ഏതുസമയത്തും. യൗവനവും താരുണ്യവും നശിച്ചു്, അസ്ഥിമാത്രശേഷമായ ഒരു മനുഷ്യരൂപമായി പരിണമിച്ചിരിക്കയാണു് അവൾ! ഉടലൊതുങ്ങി, തല മെഴുത്തു്, “വാൽമാക്രി”കളെപ്പോലെ ഏഴെട്ടു കുഞ്ഞുമക്കളും! വഴിവക്കത്തെ പുറമ്പോക്കിലുള്ള ഒരു ചെറ്റക്കുടിലിലാണു് ആ ദുർഭഗജീവികൾ ദിനരാത്രങ്ങൾ കഴിച്ചുകൂട്ടുന്നതു്. ഉടുതുണിയല്ലാതെ മറ്റൊന്നും അവശേഷിച്ചിരുന്നില്ല മാമ്മച്ചന്റെ വിയോഗഘട്ടത്തിൽ. ഏതായാലും ഉദാരമതികളായ പൊതുജനങ്ങൾ, നിരാധാരരായ ആ സമസൃഷ്ടങ്ങളെ സംരക്ഷിച്ചുകൊണ്ടിരിക്കയാണു് ഒരുവിധത്തിൽ .....! അവളുടെ പട്ടുസാരിയും റിസ്റ്റ്‌വാച്ചും കാലത്തിന്റെ ഒഴുക്കിൽ നഷ്ടീഭവിച്ചുപോലും! പണിയെടുക്കാൻ കഴിവില്ല; കഴിവുണ്ടെങ്കിൽ പരിചയമില്ല; പരിചയമുണ്ടെങ്കിൽ പണിയില്ലതാനും! ഇതാണു് റോസമ്മയുടെ ഇന്നത്തെ അനുഭവം. നാട്ടുകാർ നൽകുന്ന “നക്കാപ്പിച്ചി”കൾകൊണ്ടു് തൃപ്തിയടയുകയാണു് “ഇരുപതാംനൂറ്റാണ്ടി”ലെ ആ “പുരോഗമനക്കാരി”! “പഠിക്കും മക്കളെ.... നിങ്ങളു....!” കണ്ണീരും കൈയുമായി പടികടത്തപ്പെട്ട ആ വത്സലമാതാവിന്റെ വചസ്സുകൾ അവളുടെ കർണ്ണപുടങ്ങളിൽ ഇന്നിയും പ്രതിധ്വനിച്ചുകൊണ്ടാണിരിക്കുന്നതു്.

കൊച്ചുമറിയ! അവൾ പ്രസിദ്ധമായ ഒരു വൃദ്ധമന്ദിരത്തിൽ സസുഖം ജീവിച്ചുവരുന്നു. മരുമകളുടെ ആഗ്രഹാനുസരണം, അതെ, പ്രാണപ്രേയസിയുടെ പ്രണയദ്യോതകമായ ഒരു കടാക്ഷത്തിനുവേണ്ടി, പൊറ്റുവളർത്തിയ ആ അരുമക്കിടാവിനാൽ സ്വഭവനത്തിൽനിന്നും ബഹിഷ്കൃതയായ കൊച്ചുമറിയക്കു് ജീവകാരുണ്യപ്രവർത്തനങ്ങളുടെ ശിരസ്സായ ആ ആതുരാലയം മാത്രമായിരുന്നു അഭയം നൽകിയതു്. പ്രാർത്ഥനയിലും തപശ്ചര്യകളിലും നിമഗ്നയായി സമയം പോക്കുകയാണു് ആ വന്ദ്യവയോധിക. മാമ്മച്ചന്റെ വിയോഗവാർത്ത മുത്തശ്ശിയെ അത്യധികം സന്തപിപ്പിച്ചു. അശ്രുപൂർണ്ണമായ നയനങ്ങളോടുകൂടി, പുത്രന്റെ മാനസാന്തരത്തിനും പ്രത്യാഗമനത്തിനുമായി പ്രാർത്ഥിച്ചുവരുന്നു ആ വത്സലമാതാവു്.

“അമ്മേ......!”

ആ ബ്രഹ്മാണ്ഡമന്ദിരത്തിന്റെ പൂമുഖത്തുനിന്നും ആ ദീനസ്വരം അന്തരീക്ഷത്തിലേക്കുയർന്നു. ലജ്ജയുടെ നെടുവീർപ്പുകളും അനുതാപത്തിന്റെ പ്രലപനങ്ങളും ആ മഹാസ്ഥാപനത്തെ മുഖരിതമാക്കിക്കൊണ്ടിരുന്നു. വിസ്മയവും പരിഭ്രാന്തിയും ജനസഞ്ചയത്തിൽ അങ്കുരിച്ചു. പ്രാർത്ഥനാനിരതയായിരുന്ന ആ പടുകിഴവിയുടെ കാതിലും പ്രതിധ്വനിച്ചു പ്രസ്തുതശബ്ദം. കൈവിരലുകളിൽ തൂങ്ങിക്കിടക്കുന്ന ജപമാലയുമായി പൂമുഖത്തേക്കു നീങ്ങി വന്ദ്യവൃദ്ധയും.

“അമ്മേ........!!”

ആ ഗദ്ഗദസ്വരം വീണ്ടും ശ്രാവ്യമായി.

“മോനേ.....മാമ്മച്ചാ.....!”

ആ ശുഷ്കിച്ച കരവല്ലികൾ ആഗതന്റെ ദേഹത്തെ ആവരണം ചെയ്തുകഴിഞ്ഞു.

“അമ്മേ, ക്ഷമിക്കുമോ.....ഈ പാപിയോടു്!”

അയാളുടെ കണ്ണുകളിൽനിന്നു് അടർന്നുവീണ കണ്ണീർകണങ്ങൾ മുത്തശ്ശിയുടെ വയോമുഖത്തിൽ മുത്തുമണികൾക്കൊപ്പം വിളങ്ങിക്കൊണ്ടിരുന്നു.

“ക്ഷമിക്കുമെന്നോ..... തങ്കക്കുടമേ! കുരിശിൽവച്ചുപോലും പാപികളായ നമുക്കുവേണ്ടി പ്രാർത്ഥിച്ചില്ലേ ആ നല്ലദൈവം! ഞാൻ എല്ലാം മറന്നിട്ടു്, നിനക്കുവേണ്ടി പ്രാർത്ഥിക്കയായിരുന്നു.......”

ആ മാതൃപുത്രഹൃദയങ്ങൾ മസൃണീഭവിച്ചുപോയി സ്നേഹപാരവശ്യത്താൽ!

“അമ്മേ....! ദുർഭഗയും പാ

നിത്യമായ സന്തോഷത്തിനു്

പണമാണു് മനുഷ്യനെ സന്തോഷവാനും ദുഃഖിതനുമാക്കുന്നതു്. ജീവിതത്തിലെ ഓരോ പ്രധാന സന്ദർഭത്തിലും പണം അപരിത്യാജ്യമായ ഒരു വസ്തുവാണു്. എല്ലാ മാസത്തിലും നിങ്ങളുടെ വരുമാനത്തിൽ ഒരു ക്ലിപ്തമായ അംശം ബാങ്കിൽ നിക്ഷേപിക്കുക. അങ്ങനെ ആ തുക വർദ്ധിച്ചു് ചുരുങ്ങിയ ഒരു കാലയളവിനുള്ളിൽ അതു നിങ്ങൾക്കു് ധൈര്യവും പ്രചോദനവും തരുവാൻ തക്കവണ്ണം മതിയായ ഒരു സംഖ്യയായി രൂപാന്തരപ്പെട്ടും. നിങ്ങളുടെ നിക്ഷേപങ്ങൾക്കു്.

ദി കാത്തലിക്ക് ബാങ്ക് ഓഫ് ഇൻഡ്യാ ക്ലിപ്തം.
ഹെഡ് ആഫീസ്: ചങ്ങനാശ്ശേരി

ബ്രാഞ്ചുകൾ
ആലപ്പുഴ – അതിരമ്പുഴ – കോഴിക്കോട്
ചങ്ങനാശ്ശേരി – എടത്വാ – കോട്ടയം
മണിമല – തിരുവനന്തപുരം
കാഞ്ഞിരപ്പള്ളി

K.P.S

തൈക്കാട്ട് മൂസ്സ് വക

ഇ. ടി. എം. വൈദ്യശാല

ബ്രാഞ്ച്: ആലുവാ (റെയിൽവെസ്റ്റേഷനു സമീപം)

എല്ലാ വ്യാഴാഴ്ചയും ഒരുമണിമുതൽ അഞ്ചുമണിവരെ

ഇ. ടി. ആര്യൻമൂസ്സ് അവർകൾ

വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ച് ചികിത്സ നിശ്ചയിക്കുന്നതുമാണ്..


വിമർശനവീഥി

# അസാന്മാർഗ്ഗികനിർദ്ദേശത്തെ ആരോഗ്യമന്ത്രിണി എതിർക്കുന്നു

യന്ത്രനിർമ്മാതാവ് താൻ നിർമ്മിക്കുന്ന യന്ത്രത്തിനു് ഒരുദ്ദേശ്യം കല്പിക്കുന്നു. ആ ഉദ്ദേശ്യം പ്രാവർത്തികമാക്കാനുള്ള പണിത്തരങ്ങളാണ് അയാൾ ആ യന്ത്രത്തിൽ കൊള്ളിച്ചുവയ്ക്കുന്നത്. ആ പണിത്തരങ്ങൾ ഉപയോഗിക്കേണ്ട വിധത്തെപ്പററി അയാൾ ചില നിർദ്ദേശങ്ങൾ നൽകുന്നു. ആ നിർദ്ദേശങ്ങളനുസരിച്ചുവേണം ആരും യന്ത്രം കൈകാര്യം ചെയ്യാൻ. എന്നാൽ മാത്രമേ യന്ത്രംകൊണ്ടുദ്ദേശിക്കുന്ന കാര്യം സാധിക്കുവാൻ കഴിയുകയുള്ളൂ. ആ നിർദ്ദേശങ്ങൾ അവഗണിച്ചാൽ യന്ത്രം നിഷ്ഫലമാകുമെന്നു മാത്രമല്ല ആപൽക്കരമായി പരിണമിക്കുകയും ചെയ്യും. മോട്ടോർകാറിന്റെ നിർമ്മാതാവ് നൽകുന്ന നിർദ്ദേശങ്ങളനുസരിച്ച് അതു കൈകാര്യം ചെയ്യാഞ്ഞാൽ അതു ഗതാഗതത്തിനു ഉപകരിക്കുകയില്ലെന്നു മാത്രമല്ല, അതിൽ യാത്രചെയ്യുന്നവർ അപകടത്തിൽ ചെന്നു ചാടുകയും ചെയ്യും.

## സാന്മാർഗ്ഗികതത്വങ്ങൾ

സ്രഷ്ടാവായ ദൈവം ഒരു പ്രത്യേക ഉദ്ദേശ്യം വച്ചുകൊണ്ടാണ് മനുഷ്യപ്രകൃതിയാകുന്ന സജീവവും ബുദ്ധിമത്തുമായ യന്ത്രത്തെ നിർമ്മിച്ചിട്ടുള്ളത്. ആ ഉദ്ദേശ്യം സാധിക്കുവാനാവശ്യമായ സകല ശക്തികളും ആ യന്ത്രത്തിനു അവിടുന്നു പ്രദാനംചെയ്തിട്ടുണ്ട്. അവയെ കൈകാര്യം ചെയ്യേണ്ട വിധത്തെപ്പററി അവിടുന്നു നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. അവയനുസരിച്ചുവേണം പ്രസ്തുത ശക്തികളെ കൈകാര്യം ചെയ്യാൻ. എന്നാൽ മാത്രമേ മനുഷ്യശക്തികൾ അവയാൽ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള കാര്യത്തിനു ഉതകുകയുള്ളൂ. ആ നിർദ്ദേശങ്ങളെ അവഗണിച്ചാൽ മനുഷ്യശക്തികൾ വഴിതെററി പ്രവർത്തിക്കുകയും മനുഷ്യനെ നാശഗർത്തത്തിൽ കൊണ്ടുചാടിക്കുകയുംചെയ്യും. മനുഷ്യശക്തികളെ അവയുടെ ലക്ഷ്യം പ്രാപിക്കത്തക്കവിധം കൈകാര്യം ചെയ്യുവാൻ സ്രഷ്ടാവായ ദൈവം മനുഷ്യഹൃദയത്തിൽത്തന്നെ ആലേഖനം ചെയ്തിട്ടുള്ള നിർദ്ദേശങ്ങളാണ് സന്മാർഗ്ഗതത്വങ്ങൾ. ഈ ലോകത്തിലെ ജീവിതംതന്നെ നീതിയിലും സ്നേഹത്തിലും സമാധാനത്തിലും കഴിച്ചുകൂട്ടുവാൻ പ്രസ്തുതതത്വങ്ങൾ അനുഷ്ഠിച്ചേ മതിയാവൂ. അനുഷ്ഠിക്കാത്തപക്ഷം മനുഷ്യജീവിതം അനീതിയും വിദ്വേഷവും അസമാധാനവും നിറഞ്ഞതായിരിക്കും. ആധുനികകാലത്ത് കുടുംബങ്ങളിലും സമുദായങ്ങളിലും രാഷ്ട്രങ്ങളിലും നടമാടിക്കാണുന്ന നാശങ്ങൾ ഈ സന്മാർഗ്ഗതത്വങ്ങളെ മനുഷ്യർ അനുഷ്ഠിക്കാത്തതിന്റെ ഫലങ്ങൾമാത്രമാണ്.

## സനാതനങ്ങൾ

മനുഷ്യപ്രകൃതി എന്നും ഒന്നാണ്. സ്രഷ്ടാവ് അതിനു നിശ്ചയിച്ചിട്ടുള്ള ഉദ്ദേശ്യവും, അതു സാധിക്കുവാൻ അതിനു പ്രദാനംചെയ്തിട്ടുള്ള ശക്തികളും, അവയുടെ പ്രയോഗത്തെ സംബന്ധിച്ച് നൽകിയിട്ടുള്ള നിർദ്ദേശങ്ങളും മനുഷ്യപ്രകൃതിയെപ്പോലെതന്നെ എന്നും ഒന്നുതന്നെയാണ്. ആകയാൽ സാന്മാർഗ്ഗികതത്വങ്ങൾ മൗലികാംശങ്ങളെ സംബന്ധിച്ചിടത്തോളം സനാതനങ്ങളാകുന്നു. കാലദേശാദിസാഹചര്യങ്ങളാൽ അവയുടെ സാരാംശത്തിനു മാററംവരുന്നില്ല. പ്രയോഗത്തിന്റെ ചില വ്യത്യാസങ്ങൾ മാത്രമേ ആ സാഹചര്യങ്ങൾ നിമിത്തം സംഭവിക്കുവാൻ പാടുള്ളൂ. ഈ തത്വം ആധുനികലോകം, പ്രത്യേകിച്ചും യഥാർത്ഥമായ ഈശ്വരവിശ്വാസം സ്വീകരിക്കാത്ത ലോകം, സ്വീകരിക്കുന്നില്ല. സാമ്പത്തികവും സാമുദായികവും ശാരീരികവും മാനസികവും മററുമായ വൈഷമ്യങ്ങളും സമ്മർദ്ദങ്ങളും നേരിടുമ്പോൾ അവയിൽനിന്ന് മോചനം നേടുവാൻവേണ്ടി സന്മാർഗ്ഗതത്വങ്ങളെ നിഷേധിക്കുവാനോ അവഗണിക്കുവാനോ അവയുടെ പിടി തീരെ അയക്കുവാനോ അവർ മടിക്കുന്നില്ല. ഇതിനു അനേകം ദൃഷ്ടാന്തങ്ങൾ ചൂണ്ടിക്കാണിക്കാവുന്നതാണ്.

## ഉല്പാദനശക്തി കെടുത്തൽ

ജനസംഖ്യ ലോകത്തിൽ ക്രമാതീതമായി വർദ്ധിക്കുന്നുണ്ടെന്നും, അതിനൊരു നിയന്ത്രണം നിർബന്ധപൂർവ്വം ചെലുത്തിയില്ലെങ്കിൽ ഭക്ഷ്യവിഭവങ്ങളുടെ ദൗർലഭ്യത്താൽ മനുഷ്യവംശം നശിക്കുമെന്നും, തന്മൂലം കൃത്രിമമായ ജനനനിരോധനം സർക്കാർ തന്നെ മുന്നിട്ടുനിന്ന് ഏർപ്പെടുത്തി ജനസംഖ്യാവർദ്ധനവിനു പരിഹാരമുണ്ടാക്കണമെന്നും ഉള്ള അസാന്മാർഗ്ഗികനിർദ്ദേശം ഇതിനൊരുദാഹരണമാണ്. ആ നിർദ്ദേശം ഇന്ത്യയിൽ പലേടങ്ങളിലും പലയവസരങ്ങളിലും മുഴങ്ങിക്കേട്ടിട്ടുണ്ട്. ഇപ്പോൾ ഇതാ ആ ജാതിയിൽപ്പെട്ട അസാന്മാർഗ്ഗികമായ വേറൊരു നിർദ്ദേശം ഇന്ത്യൻ പാർലമെന്റിന്റെ ഉപരിസഭയിൽ, കൗൺസിൽ ഓഫ് സ്റ്റേററ്സിൽ, മുഴങ്ങിക്കേട്ടിരിക്കുന്നു.

ഒരു ഗവർണ്ണറുടെ പത്നിയും കൗൺസിൽ ഓഫ് സ്റ്റേററ്സിലെ ഒരംഗവുമായ മിസ്സസ് ലീലാവതി മുൻഷി, ജനസംഖ്യാവർദ്ധനവ് നിയന്ത്രിക്കുകയും സുശക്തവും ആരോഗ്യകരവുമായ ഒരു ജനതതിയെ കെട്ടിപ്പടുക്കുകയും ചെയ്യാനുള്ള മാർഗ്ഗമെന്നഭാവത്തിൽ, കഴിഞ്ഞ ആഗസ്റ്റ് 28-ാംനു ആ സഭയിൽ അവതരിപ്പിച്ച അനൗദ്യോഗിക പ്രമേയമാണത്. പൊറുക്കാരോഗങ്ങളോ ബുദ്ധിഭ്രമമോ ബാധിച്ചിരിക്കുന്ന സകല പ്രായംചെന്നവരുടേയും മേൽ "സ്റ്റെറിലൈസേഷൻ" എന്ന (സന്താനോല്പാദനത്തിനു അശക്തരാക്കുന്ന) ശസ്ത്രക്രിയ നടത്തണമെന്ന് ഒരു നിയമം പാസാക്കണമെന്നാണ് അവരുടെ നിർദ്ദേശം.

## ആരോഗ്യമന്ത്രിണിയുടെ എതിർപ്പ്

കേന്ദ്രത്തിലെ ആരോഗ്യമന്ത്രിണി ശ്രീമതി രാജ്കുമാരി അമൃത്കൗർ പ്രസ്തുത നിർദ്ദേശത്തെ ഏററവും ശക്തിയായി എതിർത്തു. "അശാസ്ത്രീയം, അസാന്മാർഗ്ഗികം, അപ്രായോഗികം" എന്ന് ആ മഹതി അതിനെ അപലപിച്ചു.

"ഇത്തരത്തിലുള്ള ജോലി ഏറെറടുക്കുന്ന ഒരു ഗവർമ്മെന്റിൽ ഭാഗഭാഗിത്വം വഹിക്കുക എനിക്കു വളരെ ദുഃഖകരമായിരിക്കുന്നു. നമ്മുടെ രാഷ്ട്രപിതാവ് ഇന്നു ജീവനോടെ ഇരുന്നെങ്കിൽ ഈ ജാതിയിലുള്ള പ്രമേയത്തെ എതിർക്കുന്നതിൽ അദ്ദേഹം ഒന്നാമനാകുമായിരുന്നു. ജനസംഖ്യാവർദ്ധനവിനു തടയിടുവാൻ നിങ്ങൾക്കാഗ്രഹമുണ്ടെങ്കിൽ, ദൈവം മനുഷ്യനു നൽകിയിട്ടുള്ളതും വിനിയോഗിക്കുവാൻ അവനു കർത്തവ്യവും അവകാശവുമുള്ളതുമായ ആത്മനിയന്ത്രണമാണ് അതിനുള്ള മാർഗ്ഗം. ശാസ്ത്രത്തിന്റെ വീക്ഷണകോണത്തിൽനിന്നു നോക്കിയാൽ പ്രമേയം പരിപൂർണ്ണമായും അശാസ്ത്രീയമാകുന്നു; ധർമ്മത്തിന്റെ വീക്ഷണകോണത്തിൽനിന്നു നോക്കിയാൽ, അതു പരിപൂർണ്ണം അസാന്മാർഗ്ഗികമാകുന്നു; പ്രായോഗികതയുടെ വീക്ഷണകോണത്തിൽനിന്നു നോക്കിയാൽ, അതു നിശ്ശേഷം അപ്രായോഗികമാകുന്നു."

എന്നാണ് ആ മഹതി പ്രമേയത്തെ ശക്തിയുക്തമായ ഭാഷയിൽ എതിർത്തുകൊണ്ടു പ്രസ്താവിച്ചത്. "അബദ്ധമായ ആദർശസംഹിതയിൽനിന്നും ധാരണയിൽനിന്നും ഉത്ഭവിച്ച സാങ്കല്പികമായ അസംബന്ധം" എന്ന് അവർ അതിനെ ചിത്രീകരിച്ചു. ഇന്നത്തെ ജനസംഖ്യയുടെ അനേകമിരട്ടിയെ തീററിപ്പോററാൻ, ശാസ്ത്രത്തിന്റെ പുരോഗതിയും ഉല്പാദകശക്തികളുടെ ശരിയായ വിനിയോഗവും വഴിയായി, അനേകം മാർഗ്ഗങ്ങളുണ്ട്. എന്നിരിക്കെ ജനസംഖ്യാവർദ്ധനവിനു തടയിടുവാൻ ജനനനിരോധനം, കുടുംബസംവിധാനം, ഉല്പാദനശക്തി കെടുത്തൽ എന്നിവയെപ്പററി ആളുകൾ സംസാരിക്കുന്നത് എത്രയോ വിചിത്രമെന്ന് മന്ത്രിണി ആശ്ചര്യപ്പെട്ടു. അനന്തരം ഇങ്ങനെ തുടർന്നു:-

ഈ രാജ്യത്ത് സഹനം വളരെ ഉണ്ടെന്നുള്ളതിനും, വൈദ്യസഹായത്തിനുള്ള ഏർപ്പാടുകൾ മതിയാകുന്നില്ലെന്നുള്ളതിനും സംശയമില്ല. എന്നാൽ മതിയാവോളം വൈദ്യസഹായം നൽകുന്നതിനും പൊറുക്കാരോഗങ്ങളെ പൊറുപ്പിക്കുന്നതിനുമുള്ള വിധങ്ങൾ ശാസ്ത്രംവഴിയായി കണ്ടുപിടിക്കുന്നതിനു മാർഗ്ഗങ്ങൾ അന്വേഷിക്കുകയാണ് ശരിയായ പരിഹാരം. ബുദ്ധിഭ്രമം പിടിപെട്ട ഒരാൾ പൊറുക്കാരോഗം ഉള്ള ആളാണെന്നോ, ക്ഷയരോഗം വളരെയധികം വർദ്ധിച്ചിട്ടില്ലാത്തിടത്തോളം പൊറുപ്പിക്കുവാനോ തടഞ്ഞുനിർത്തുവാനോ പാടില്ലാത്തതാണെന്നോ യാതൊരു ഡോക്ടറും ഇന്നു പറയുകയില്ല. ജന്മനാ കുഷ്ഠനായവന്റെമേലും ഉല്പാദനശക്തി കെടുത്തുന്ന ശസ്ത്രക്രിയ നടത്തണമെന്നാണോ ആവശ്യപ്പെടുന്നതെന്ന് ആ മഹതി ചോദിച്ചു. "വളരെ ശാസ്ത്രീയമായ മനോഭാവം" ഈ വിഷയത്തിൽ ചെലുത്തിയിരുന്നെങ്കിൽ നന്നായിരുന്നുവെന്നാണ് അവരുടെ ആഗ്രഹം. പ്രമേയങ്ങൾ പാസാക്കുന്നതുകൊണ്ടോ, രോഗികളുടേയും ബുദ്ധിഭ്രമം പിടിപെട്ടവരുടേയും ഉല്പാദനശക്തി കെടുത്തുന്നതുകൊണ്ടോ ജനസംഖ്യാവർദ്ധനവ് തടയാവുന്നതല്ല. ദരിദ്രകുടുംബത്തിൽ ജനിക്കുന്നവരും സംരക്ഷിക്കപ്പെടുവാൻ കഴിയുന്നവരുമായ കുട്ടികളാണ് കുഷ്ഠരോഗികളായ മാതാപിതാക്കന്മാരിൽനിന്ന് ജനിച്ച കുട്ടികളെക്കാൾ കൂടുതൽ അനാരോഗ്യർ. ആ ദരിദ്രജനങ്ങളുടെ ഉല്പാദനശക്തി കെടുത്തിക്കളയണമെന്നാണോ ആവശ്യപ്പെടുന്നത്? മാത്രമല്ല, കുഷ്ഠരോഗം പിടിപെട്ട ആളുടെ ഉല്പാദനശക്തി കെടുത്തിക്കളഞ്ഞാലും അവൻ അങ്ങുമിങ്ങും സഞ്ചരിച്ച് തന്റെ രോഗം മററുള്ളവരിലേക്ക് സംക്രമിപ്പിക്കുകയില്ലെന്നുള്ളതിനു് ഉറപ്പൊന്നുമില്ലല്ലോ.

## അപ്രായോഗികം

പ്രമേയത്തിന്റെ അപ്രായോഗികതയെ പരാമർശിച്ച് മന്ത്രിണി ചോദിച്ചു. അതു പ്രാവർത്തികമാക്കുവാൻ ഏർപ്പെടുത്തേണ്ടിവരുന്ന യന്ത്രസാമഗ്രികളുടെ സ്വഭാവവും വൈപുല്യവും സാമാജികന്മാർക്കല്പമെങ്കിലും അറിയാമോയെന്ന്. ഒരു പ്രത്യേകവ്യക്തിക്കു പിടിപെട്ടിരിക്കുന്ന ചിത്തഭ്രമമോ കുഷ്ഠരോഗമോ പൊറുക്കാത്തതാണെന്ന് ഖണ്ഡിതമായി വിധിപറയുവാൻ കഴിവുള്ള വിദഗ്ദ്ധന്മാരെ എവിടെനിന്നാണു കിട്ടുക? അമേരിക്കാ മുതലായ രാജ്യങ്ങളിൽപ്പോലും നിലവിലുള്ള നിയമങ്ങൾ ശാസ്ത്രം പുരോഗമിക്കുന്നതിനുമുമ്പ് കടലാസിൽ പാസാക്കിയിടുക മാത്രം ചെയ്തിട്ടുള്ളവയാണ്. അവിടങ്ങളിൽ ഉല്പാദനശക്തി കെടുത്തിയിട്ടുള്ളവരുടെ സംഖ്യ എത്രയെന്നു അന്വേഷിച്ചാൽ മിക്കവാറും ആരുമില്ലെന്നായിരിക്കും കണ്ടുപിടിക്കുക. "നമ്മുടെ രാജ്യത്തിന്റെ ഇപ്പോഴത്തെ സ്ഥിതി ആലോചിച്ചാൽ ഞാൻ ഒരുപടികൂടി കടന്ന് പറയും, കടലാസിൽ ഏററവുമെളുപ്പമെന്നു കാണുന്ന മാർഗ്ഗംവഴിയായി യാതൊരു പ്രശ്നവും പരിഹരിക്കുവാൻ നാം ഒരിക്കലും സമ്മതിക്കരുതെന്ന്." അഭ്യസ്തവിദ്യരെന്ന് ഭാവിക്കുന്ന സ്ത്രീകൾ പലപ്പോഴും തന്നെ സമീപിച്ച്, കൃത്രിമമായ ജനനനിരോധനോപകരണങ്ങളുടെ പ്രയോഗത്താൽ ജനസംഖ്യാ വർദ്ധനവുപ്രശ്നത്തിനു് പരിഹാരമുണ്ടാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നു മന്ത്രിണി പ്രസ്താവിച്ചു. ആ നിവേദനവും ഉല്പാദനശക്തി കെടുത്തണമെന്നുള്ള നിവേദനത്തെപ്പോലെതന്നെ അപ്രായോഗികമാകുന്നു. ബുദ്ധിഭ്രമമോ കുഷ്ഠരോഗമോ പാരമ്പര്യസിദ്ധമാണെന്ന് ആർക്കെങ്കിലും പറയുവാൻ കഴിയുമോ എന്നു മന്ത്രിണി ചോദിച്ചു. സമുന്നതങ്ങളായ ഗവമ്മെൻറുദ്യോഗങ്ങൾ വഹിച്ചിരുന്ന പിതാക്കളുടെ മക്കൾക്ക് ബുദ്ധിഭ്രമം പിടിപെട്ടതായി രണ്ടു ദൃഷ്ടാന്തം തനിക്കറിയാം. ആ പിതാക്കന്മാരുടെ ഉല്പാദനശക്തി ഇപ്പോൾ കെടുത്തണമോ? ഭ്രാന്തന്മാരുടെ കുട്ടികൾ പലപ്പോഴും ഭ്രാന്തന്മാർ അല്ല. "ഏതായാലും ഈ ജാതിയിലുള്ള പ്രശ്നങ്ങളെ സുബുദ്ധിയോടും ശരിയായ പരിഗണനയോടും ഈ സഭയിൽനിന്നു ഞാൻ പ്രതീക്ഷിക്കുന്ന മനോഭാവത്തോടുംകൂടി ഈ സഭ കൈകാര്യം ചെയ്യേണ്ടതാണ്" എന്ന് മന്ത്രിണി പറഞ്ഞു.

## സൃഷ്ടിപരമായ മാർഗ്ഗങ്ങൾ

ക്ഷയരോഗികളോടും കുഷ്ഠരോഗികളോടും പെരുമാറേണ്ടവിധം അവരെ ഒററപ്പെടുത്തി പാർപ്പിക്കുന്നതിനു് ആരോഗ്യകേന്ദ്രങ്ങളും ഐസലേസൻ വാർഡുകളും പണിയിക്കുകയാണ്, അല്ലാതെ അവരുടെ ഉല്പാദനശക്തി കെടുത്തുകയല്ല. വേണ്ടിടത്തോളം വൈദ്യസഹായം നൽകുകയും, കഴിയുന്നതും നേരത്തെ രോഗം പരിശോധിപ്പിക്കുകയും ചികിത്സനടത്തുകയും ചെയ്യാൻ അത്തരം രോഗികളെ പ്രോത്സാഹിപ്പിക്കുകയും ചെയ്താൽ ആ രോഗങ്ങളെ തടുത്തുനിർത്താൻ സാധിക്കും. എന്നാൽ ഇതുപോലുള്ള പ്രമേയം സ്വീകരിക്കുകയോ നിയമം പാസാക്കുകയോ ചെയ്താൽ, അത്തരം രോഗങ്ങളുള്ളവർ ചികിത്സയ്ക്കൊരിക്കലും വരികയില്ല, പിന്നെയോ വളരെ വർദ്ധിക്കുന്നതുവരെ ആ രോഗങ്ങൾ അവർ മറച്ചുവയ്ക്കുകയേ ഉള്ളൂ. ഈ പ്രമേയത്തിന്റെ അപകടം കിടക്കുന്നത്, ഈ രാജ്യം ഡൽഹികളെക്കൊണ്ടുള്ളതല്ല, പ്രത്യുത ഗ്രാമങ്ങളെക്കൊണ്ടുള്ളതാണെന്ന വസ്തുത ശരിയായി മനസ്സിലാക്കാത്തതിലാണ്. ഈ പ്രമേയം നടപ്പിലാക്കുവാനുള്ള സജ്ജീകരണങ്ങൾ ഉണ്ടാക്കുക സാദ്ധ്യമാണോ? എത്രവളരെ വ്യവഹാരങ്ങളാണ് അതിൽനിന്നു ഉത്ഭവിക്കുക. ആകയാൽ "പ്രമേയത്തെ പിൻതാങ്ങുവാൻ എനിക്കു സാദ്ധ്യമല്ല; എന്റെ കഴിവിൽപ്പെട്ട സകല ശക്തിയോടുംകൂടെ ഞാൻ അതിനെ എതിർക്കുന്നു" എന്നു പറഞ്ഞുകൊണ്ടാണ് ആരോഗ്യമന്ത്രിണി തന്റെ പ്രസംഗം ഉപസംഹരിച്ചത്

## മിസ്സസ് ആൽവായുടെ എതിർപ്പ്

പ്രസിദ്ധ പാർലമെന്റേറിയൻ പത്രലേഖകനായ ജോവാക്കീം ആൽവായുടെ പത്നി മിസ്സി

---

പിന്നീയമായ എന്നോട്ടം.....!"

ശോകാതിരേകത്താൽ അർദ്ധപ്രാണയായി, മാതൃപദങ്ങളെ പ്രണമിച്ചുകൊണ്ട് റോസമ്മ യാചിച്ചു. അർദ്ധനിമീലിതങ്ങളായ അവളുടെ നയനയുഗ്മങ്ങളിൽനിന്നു നിർഗമിച്ചിരുന്ന ബാഷ്പപ്രവാഹം പരിസരങ്ങളെപ്പോലും നനച്ചു കഴിഞ്ഞിരുന്നു.

"ഓമനേ......ഞാൻ കൂടുതൽ പ്രാർത്ഥിച്ചു നിനക്കുവേണ്ടി. എല്ലാം പൊറുത്തു നമ്മുടെ നല്ല ദൈവം! നിങ്ങടെ കുഞ്ഞുങ്ങളെയും അവിടുന്നു കാത്തുകൊള്ളും....." മുത്തശ്ശി തുടർന്നു: "കഴിഞ്ഞതൊക്കെ മറക്കണം കേട്ടോ! നിങ്ങൾക്കു പിടിക്കാത്ത പലതും ഞാനും പറഞ്ഞുപോയിട്ടുണ്ട്. പക്ഷെ, എല്ലാം നിങ്ങടെ നന്മയ്ക്കുവേണ്ടിയായിരുന്നു മക്കളേ! ഇപ്പം മനസ്സിലായില്ലേ...... മേലിലെങ്കിലും തമ്പുരാന് ഒത്തവിധം പെരുമാറണം. എല്ലാം ചൊവ്വാക്കിത്തരും അവിടുന്ന്!"

---

പകപ്പവകാശം

സ് വയലാറു് ആൽവായും പ്രമേയത്തെ എതിർത്തു. ജനനനിരോധനം, കുടുംബ സംവിധാനം, അവയെക്കാളെല്ലാം കഷ്ടമായ ഉല്പാദനശക്തി കെടുത്തൽ എന്നീ "വിദേശീയ ആശയങ്ങളാൽ" ഈ രാജ്യം "ആക്രമിക്കപ്പെടുകയാണെന്നു്" ആ മഹതി പറഞ്ഞു. "നാം എവിടെയാണു് ചെന്നവസാനിക്കുന്നതെന്നു് എനിക്കറിഞ്ഞുകൂടാ. സാമ്പത്തികമായ പുനഃസംവിധാനപരിപാടി ഏറ്റെടുക്കേണ്ടതിനെപ്പററിനാം കൂടുതൽ ചിന്തിക്കണമെന്നാണു് ഞാൻ പറയുന്നതു്." സമുദായഭ്രമമുള്ള സ്ത്രീകളുടെയിടയിൽ പ്രത്യേകിച്ചും കുടുംബസംവിധാനം ഒരു ഫാഷനായിത്തീർന്നിരിക്കുകയാണു്. ഇംഗ്ലണ്ടിൽ 1975 ആകുമ്പോൾ വൃദ്ധന്മാർ അധികവും കുട്ടികൾ വളരെ ചുരുക്കവുമായിരിക്കുമെന്നു് അവർ വായിച്ച റിപ്പോർട്ടിൽ കാണുന്നു. "കുടുംബസംവിധാനത്തിന്റേയും ഉല്പാദനശക്തി കെടുത്തലിന്റേയും ഫലം അതാണു്."

മനുഷ്യരെ പ്രധാനമായി സാമ്പത്തികജീവികളായി കണക്കാക്കിയാൽ, മതത്തെ ആധാരമാക്കിയുള്ള സന്മാർഗ്ഗതത്വങ്ങൾക്കു് മനുഷ്യജീവിതത്തിലുള്ള സ്ഥാനം വിസ്മരിച്ചാൽ, ഇത്തരം അസന്മാർഗ്ഗികങ്ങളായ അഭിപ്രായങ്ങൾ നല്ലയാളുകളെന്നു് വിചാരിക്കപ്പെടുന്നവരുടെ മനസ്സിൽ കടന്നുകൂടുന്നതും നിയമനിർമ്മാണത്താൽ അവയ്ക്കു പ്രാബല്യവും പ്രചാരവും നൽകണമെന്നു് ആഗ്രഹിക്കുന്നതും ആശ്ചര്യകരമല്ല തന്നെ.

---

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ എന്റെ ഭാര്യയുടെ കണ്ണിലുണ്ടായ ഒരു സുഖക്കേടു് ഭേദപ്പെട്ടതിനു് ഉപകാരസ്മരണ.

ഇരിമ്പൻ തോമ് ഔസേപ്പ്
അരനാട്ടുകര

---

## വീണ്ടും ചില ശബ്ദങ്ങൾ

(പ്രൊഫസർ ജെ. മീനാട്ടൂർ)

ആംഗലസാഹിത്യകാരനായ ബെല്ലോക്കിന്റെ ക്രിസ്ത്വാഭിധ ഹിലെരി എന്നാണു് ഉച്ചരിക്കുക. housewife (വീട്ടുകാര്യങ്ങൾ അന്വേഷിക്കുന്ന സ്ത്രീ എന്ന അർത്ഥത്തിൽ)— ഹൗസ് വൈഫ്. housewife (തയ്യൽസാധനങ്ങൾ വച്ചു സൂക്ഷിക്കുന്ന കൊച്ചുപെട്ടി എന്ന അർത്ഥത്തിൽ)—ഹസിഫ്.

midwifery — മിഡ്‌വിഫ്റി; മിഡിഫ്റി എന്നുമാകാം.
Maugham — മോം
mesne — മീൻ
hyperbole — ഹൈപ്പേ(ർ)ബെലി
Panorama — പനൊരാമ
plateau — പ്ലാറോ
Iolanthe — ഐയൊലാന്തി
courtesy — കേർട്ടിസി
curtsy — കേ(ർ)ട്സി
vice versa — വൈസിവേർസ
leapt — ലെപ്റ്റ്
leaped — ലെപ്റ്റ്; ലീപ്റ്റ് എന്നുമാകാം
leant — ലെൻറ്
leaned — ലെൻറ്; ലീൻറ് എന്നുമാകാം
Levi (പേരു്) — ലീവയ്
lettuce — ലെററിസ്
Balliol — ബെയ്‌ലിയെൽ
Professor — പ്രൊഫെസർ; പ്രൊഫെസർ എന്നുമാകാം

Book Review

## ST. PAUL
## The Apostle

(By Rt. Rev. L. Raymond B. A., D. D., D. C. L., Bishop of Allahabad. Society of St.Paul, Allahabad, U.P.Pages XVI+112. Price Rs. 1—8—0.)

This little book, as its illustrious author states, "is a simple life of St. Paul, intended as an introduction to the most fascinating figure of the Apostolic Age", and does not claim to be an exhaustive or critical study. Nor does it fall within the scope of the book to make a theological or scriptural study of St. Paul. The purpose His Excellency has in view is to acquaint the Catholics of India, which is essentially a mission country, with the apostolic labours of St. Paul, so that they too may be imbued with his spirit and animated by his zeal. Moreover, as His Excellency points out to know St. Paul is to know Our Lord more intimately. Hence a close study of St. Paul will stand us in good stead in the long and laborious task of forming Christ in us and of impregnating us with His noble and supernatural ideals. His Excellency's purpose, therefore, has been very praiseworthy and, we are glad to note, his efforts has been crowned with success.

From the book one can get an adequate and connected idea of the journeys of St. Paul, the "vanquished rebel, whom God leads in triumph through the nations." As a matter of fact, this book provides, so to say, the key to the proper understanding of the Acts of the Apostles and the Epistles of St. Paul, of which we are now previleged to have a beautiful translation, thanks to the strenuous efforts and untiring zeal of Mgr. Ronald Knox. One of the positive merits of the book is that its learned author is keenly alive to the political and economic problems besetting India, and painfully aware of the social inequalities and caste prejudices rampant in the country. What is most remarkable is that the book is written in His Excellency's masterly, inimitable style which will surely be enjoyed by the readers. Indian Catholics may very well be proud of this scholarly prelate, who, of late, has been the recipient of the honorary degree of Doctor of Laws from Boston University, Mass, U.S.A. It is reported that the speech he made on that occasion, according to the college authorities, was one of the best ever delivered on such an occasion. We congratulate His Excellency most heartily on his brilliant achievements, both as writer and speaker.


കൃഷി വദ്ധിപ്പിക്കുക

കൃഷി അഭിവൃദ്ധിപ്പെടണമെങ്കിൽ നല്ലകന്നുകാലികൾ അത്യന്താപേക്ഷിതമാണല്ലൊ. കമേർസ്യൽ റൈസ് മില്ലിൽ പ്രത്യേക നിലയിൽ തയ്യാറാക്കുന്ന കീർത്തിപെട്ട കന്നുകാലി ആഹാരം വാങ്ങി ഉപയോഗിച്ചു കന്നുകാലികളെ പുഷ്ടിപ്പെടുത്തുക. ട്രേയിഡ് മാക്ക് നോക്കി വാങ്ങുവിൻ




കമ്മേർസിയൽ റൈസ് മിൽ
കൊക്കാലെ — തൃശ്ശൂർ
Phone 102 Tel: CIARYEM

കച്ചവടക്കാരുടെ ശ്രദ്ധയ്ക്കു്
വീണ്ടും വിലകൾ കുറച്ചിരിക്കുന്നു
തൃശ്ശൂർ കൊക്കാലെ കമ്മേർസിയൽ റൈസ്സ് മില്ലിൽ

തയാറാക്കുന്ന പ്രസിദ്ധിനേടിയ ഉഴുന്നുമാവു്, കലപ്പില്ലാത്ത ആട്ടമാക്കു് നല്ലെണ്ണ, കീർത്തിപ്പെട്ട കന്നുകാലി ആഹാരം, തനി കറാച്ചി പപ്പടക്കാരം, എള്ളുംപിണ്ണാക്കു് ഇതുകൾ ടി കമ്പനിയിലും, കമ്പനിക്കാർ ഏർപ്പെടുത്തിയ കച്ചവടക്കാർ പക്കലും, അഞ്ചുവിളക്കിനടുത്തുള്ള ഞങ്ങളുടെ ഡെപ്പോവിലും കിട്ടുന്നതാണു്.

C. R. M. വിലാസം നോക്കി വാങ്ങിക്കുക.

Phone No.102, P. B. No.47
Tel: CIARYEM
N. B. ഒരിക്കൽ വാങ്ങി പരീക്ഷിപ്പിൻ.


## Tips to Sanctity For Youth

(By Fr. Ted S. S. P. Society of St. Paul, Allahabad, U. P. Pages 78. Price 0—7—0)

Dedicated to our Indian Youth, this booklet ought to be read by every boy and girl of our country. "It is the purpose of this little book to help the youth of today realize that they can attain sanctity and become saints by merely fulfilling their daily duties well for the love of God." (Foreword)

The book contains seventy-seven short instructions, admirable for their clarity and persuasiveness. Be Yourself, First things First, Don't play with the Devil, The Magic of a Good word, The Value of a Smile, Happy Living, Proper use of Time etc. are some of the interesting topics discussed. The book is enjoyable not only for the subjects treated but also for the manner in which they are treated, with homely examples and little anecdotes. Buy a copy of the book and you will never regret it.


ഗുരുഗീത

ക്രിസ്തുനാഥന്റെ ജീവചരിത്രം, ഉപദേശസംഹിതയും! സുവിശേഷത്തിൽനിന്നു് സാഹിത്യതിലകൻ സി. കെ. മററം കെ. എച്ചു്. എസു്. സാഹിത്യഭാഷയിൽ സമാഹരിച്ചതു്. പാലാ മെത്രാനച്ചൻ തിരുമനസ്സിലെ ഉജ്ജ്വലത്തായ അവതാരികയും, ചങ്ങനാശ്ശേരി, തിരുവല്ലാ, കൊല്ലം, തിരുവനന്തപുരം പിതാക്കന്മാരുടെ അനുഗ്രഹലേഖനങ്ങളും. വിശിഷ്ടമായൊരനുക്രമണിക, പ്രതിദിനപാരായണസജ്ജീകരണം. 151 + 18 പേജുകൾ. വില ക. 1—8—0 ആദ്യത്തെ പത്തപേക്ഷകർക്കു് 30 പുസ്തകത്തിനു് ക. 35. 50 അപേക്ഷകർക്കു് ക. 60. ഒററപ്രതികൾ ബുക്കു്സ്റ്റാളുകളിൽ അന്വേഷിക്കുക.

സി. കെ. മററം, കൊറവിലങ്ങാടു്


## ഗുരുഗീത

(പാലാമെത്രാൻ തിരുമനസ്സുകൊണ്ടു)

ലോകൈകഗുരുവായ ഈശോനാഥന്റെ ജീവിതവും ഉപദേശവും എന്തെന്നറിയണമെങ്കിൽ പുതിയനിയമഗ്രന്ഥം വായിക്കണം. പുതിയനിയമം വായിക്കാത്തവർ സാമാന്യേന ക്രിസ്തുവിനെപ്പററി അജ്ഞരായിരിക്കും: Ignorance of Scripture is ignorance of Christ. "വിശുദ്ധ ലിഖിതങ്ങളെ അറിയാതിരിക്കുക ക്രിസ്തുവിനെ അറിയാതിരിക്കുക"തന്നെയാണു് എന്നു് വേദശാസ്ത്രപാരംഗതനായ വി. ഈറാനിമ്മോസു് പ്രസ്താവിക്കുന്നു. അതുപോലെതന്നെ Knowledge of the Scripture is knowledge of Christ—വിശുദ്ധ ലിഖിതങ്ങളെ അറിയുക എന്നുവച്ചാൽ ക്രിസ്തുവിനെ അറിയുക തന്നെയാണെന്നു് പറയാവുന്നതാണു്. ഈ തത്വം ആസ്പദിച്ചാണു് വേദപുസ്തകപാരായണത്തിനു് തിരുസഭ വിശ്വാസികളെ പ്രോത്സാഹിപ്പിക്കുന്നതു്.

പുതിയനിയമം എന്നും പുതിയതുതന്നെ. പുരോഗമിക്കുന്ന ലോകത്തിൽ പുതിയതു പലതും പഴയതാകുന്നുണ്ടു്. അപ്രസക്തങ്ങളാകുന്നുണ്ടു്. അസ്ഥാനത്താകുന്നുണ്ടു്. ക്രിസ്തുവിന്റെ ദിവ്യസന്ദേശമാകട്ടെ എന്നും അഭിനവമായി നിലകൊള്ളുന്നു. അതു സംസാരസാഗരത്തിലെ തിരത്തള്ളലിൽപ്പെട്ടു് മുങ്ങിമറയുന്നില്ല. അതു ശാസ്ത്രജ്ഞാനത്തിന്റെ വർദ്ധമാനമായ ദീപ്തിപൂരത്തിൽ അസ്പഷ്ടമാകുന്നില്ല. അതു് ആശയവിപ്ലവങ്ങൾ നിമിത്തം പരിവർത്തനവിധേയമാകുന്നില്ല. അതു് മാനവവംശത്തിനു് മാർഗ്ഗദർശനം നൽകിക്കൊണ്ടു് നൂററാണ്ടുകളെ ഭരിക്കുന്നു. അതു വ്യക്തികളെ സംസ്കരിക്കുന്നു. സമുദായങ്ങളെ സമുദ്ധരിക്കുന്നു. രാഷ്ട്രങ്ങളെ പ്രബോധിപ്പിക്കുന്നു. അതു് ശാശ്വതസമാധാനത്തിനും സനാതനസൗഭാഗ്യത്തിനും ഉറപ്പുനൽകുന്നു. പുതിയ നിയമഗ്രന്ഥമാണു് ഗ്രന്ഥം (The Book). സാക്ഷാൽ ഗ്രന്ഥം ഒന്നേയുള്ളു. അതു പുതിയനിയമമല്ലാതെ മറൊന്നുമല്ല, എന്നത്രെ അനേകഗ്രന്ഥങ്ങളുടെ കർത്താവായ സർ വാൾട്ടർ സ്കോട്ടു് പ്രസ്താവിച്ചിരിക്കുന്നതു്.

ലോകോത്തരമായ ഈ ഗ്രന്ഥം മലയാളികൾ വേണ്ടതു ഉപയോഗിക്കുന്നുണ്ടോ, ആസ്വദിക്കുന്നുണ്ടോ എന്നു സംശയം. ശുദ്ധമായ ഭാഷയിൽ ഹൃദ്യമായ രീതിയിൽ ഈ ഗ്രന്ഥം നമ്മുടെ ഭാഷയിൽ അവതരിക്കപ്പെടാതിരുന്നതുകൊണ്ടായിരിക്കണം വായനക്കാർ ഇതിനെ വേണ്ടതു വിലമതിക്കാതിരുന്നിട്ടുള്ളതു്. ആ ന്യൂനത ഒരു തികഞ്ഞ സാഹിതീഭക്തൻ ഇപ്പോൾ അശേഷതഃ പരിഹരിച്ചിരിക്കുന്നു. അദ്ദേഹം ആരെന്നോ? സാഹിത്യതിലകൻ ഷെവലിയർ ഫാദർ സി. കെ. മററം അവർകൾ തന്നെ.

സാഹിത്യമർമ്മജ്ഞനായ ഫാദർ സി. കെ. മററത്തെ കേരളീയർക്കു് പരിചയപ്പെടുത്തേണ്ടതില്ല. അരനൂററാണ്ടുകാലം സാഹിതീക്ഷേത്രത്തിലെ സന്തതോപാസകനായി വർത്തിക്കുന്ന ആചാര്യനാണദ്ദേഹം. പ്രശസ്തി ആർജ്ജിച്ചുകഴിഞ്ഞിട്ടുള്ള അനേകം സാഹിത്യകൃതികൾ അദ്ദേഹത്തിന്റെ തൂലികയിൽനിന്നും ഇതിനകം നിർഗ്ഗളിച്ചിട്ടുണ്ടു്. അദ്ദേഹത്തിന്റെ കൃതികൾ ഭാഷാസൗകുമാര്യംകൊണ്ടും ആശയവൈശിഷ്ട്യംകൊണ്ടും ഒന്നാംകിടയിൽ നില്ക്കുന്നവയാണെന്നു് പരക്കെ സമ്മതിക്കപ്പെട്ടിരിക്കുന്നു.

ഇപ്പോൾ അദ്ദേഹം പുതിയനിയമഗ്രന്ഥത്തെ "ഗുരുഗീത" എന്ന അഭിധാനത്തിൽ മാതൃഭാഷയിലാക്കി പ്രസിദ്ധീകരിക്കയാണു്. എത്രയും ക്ലേശാവഹമായ ഈ കൃത്യം ഇത്ര സമാദരണീയമാംവണ്ണം നിർവ്വഹിച്ചിരിക്കുന്ന അദ്ദേഹത്തെ ഞാൻ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. പ്രതിദിനപാരായണത്തിനുതകുന്ന രീതിയിൽ തീയതികൾ കാണിച്ചും ആണ്ടുവട്ടം ആകെ വികസിപ്പിച്ചും സംവിധാനം ചെയ്തിരിക്കുന്ന ഈ മഹൽഗ്രന്ഥം കേരളത്തിലെ സകല ഭവനങ്ങൾക്കും ഒരു അവശ്യഭൂഷണമാണു്.

നിസ്തുലമായ സാഹിത്യസേവനംകൊണ്ടു് സാഹിത്യതിലകൻ എന്ന ബഹുമതിയും, പുണ്യസ്ഥലങ്ങളിലേക്കു ചെയ്ത തീർത്ഥയാത്രകൾകൊണ്ടും മററും ഷെവലിയർ സ്ഥാനവും (Knight of the Holy Sepulchre) സമ്പാദിച്ചിട്ടുള്ള അനുഗൃഹീതനാണു് ഫാദർ സി. കെ. മററം. അദ്ദേഹത്തെ അനുമോദിക്കുന്നതിനും ഈ അവസരം ഞാൻ ഉപയോഗിച്ചുകൊള്ളട്ടെ. ഗ്രന്ഥകർത്താവിനു് സർവ്വവിധ ഭാവുകങ്ങളും ആശംസിച്ചുകൊണ്ടു് "ഗുരുഗീത" കേരളീയസഹോദരങ്ങളുടെ മുമ്പിൽ സസന്തോഷം അവതരിപ്പിച്ചുകൊള്ളുന്നു.

✠ Sebastian Vayalil
Bishop of Palai
മെത്രാസനമന്ദിരം, പാലാ.
1953 സെപ്റ്റംബർ 3.

---

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

റോസ ചുമ്മാർ, തൃശൂർ

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ്ബ് നടുവത്തുശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ബി. ഏ., ഡി. ഡി.

Vol. 27 | ERNAKULAM, SEPTEMBER 16, 1953 | No. 5


## മാർപ്പാപ്പമാരുടെ പ്രശംസയ്ക്കു പാത്രമായ അൽമായപ്രമുഖൻ

ഇന്നു ലോകത്തിൻെറ നാനാഭാഗങ്ങളിലും വ്യാപിച്ചിരിക്കുന്ന വിൻസെൻറ് ഡി പോൾ കോൺഫറൻസുകളുടെ സ്ഥാപകനായ ഫ്രെഡറിക് ഒസ്സാനാം സാമൂഹികപ്രവർത്തകരുടെ ആദർശദീപമാണ്. അദ്ദേഹത്തിൻെറ ജീവിതവും പ്രവർത്തനപരിപാടികളും മാർപ്പാപ്പമാരുടെ മുക്തകണ്ഠമായ പ്രശംസയ്ക്കു വിഷയമായിട്ടുണ്ട്.

### പത്താംപീയൂസുമാർപ്പാപ്പയുടെ പ്രശംസ

ഫ്രെഡറിക്കു ജനിച്ചതിൻെറ ശതാബ്ദജൂബിലി 1913-ൽ പാരീസിൽവച്ചാഘോഷിച്ചു. തദവസരത്തിൽ പത്താംപീയൂസുമാർപ്പാപ്പാ കർദ്ദിനാൾ വെനൂത്തെല്ലിയെ തൻെറ പ്രതിനിധിയായി നിയമിക്കുകയും ഫ്രെഡറിക്കിനെപ്പററിയുള്ള തൻെറ അഭിനന്ദനം താഴെ ചേർക്കുന്ന വാക്കുകളിൽ രേഖപ്പെടുത്തുകയും ചെയ്തു. "അദ്ദേഹത്തിൻെറ നാമത്തെ നാം ബഹുമാനിക്കുകയെന്നതു് ഉചിതമായിരിക്കുന്നു. കാരണം, അദ്ദേഹം സ്വജീവിതം മുഴുവനും —നിർഭാഗ്യവശാൽ അതു വളരെ ഹ്രസ്വമായിപ്പോയി —കത്തോലിക്കാവിശ്വാസത്തിൻെറ രക്ഷാകരമായ ഫലദായകത്വത്തെ സ്വലേഖനങ്ങളും പ്രവർത്തനങ്ങളും മുഖേന പ്രകാശിപ്പിക്കുവാൻവേണ്ടി ഉഴിഞ്ഞുവച്ചു. അതിലദ്ദേഹം അനന്യസാധാരണമായ വിജയംവരിക്കുകയും ചെയ്തു. യഥാർത്ഥത്തിൽ കത്തോലിക്കാമതതത്വങ്ങൾക്കുവേണ്ടി പോരാടിയിട്ടുള്ള വീരയോദ്ധാക്കളിൽ ഒരുവനായി അദ്ദേഹത്തെ പരിഗണിക്കേണ്ടിയിരിക്കുന്നു." അദ്ദേഹം സ്ഥാപിച്ച വിൻസെൻറ് ഡി പോൾ സംഘത്തെ അഭിനന്ദിച്ചുകൊണ്ടു് തിരുമേനി ഇപ്രകാരം തുടർന്നു പ്രസ്താവിച്ചു: "ജനസമുദായത്തെ ക്രിസ്തീയചൈതന്യംകൊണ്ടു നിറയ്ക്കുവാൻ ആഗ്രഹിക്കുന്നവർ ഒസ്സാനാമിനെ തങ്ങളുടെ വഴികാട്ടിയും ഗുരുവുമായി സ്വീകരിക്കുന്നപക്ഷം, പ്രസ്തുത കാര്യസാദ്ധ്യത്തിനുവേണ്ടി അവർക്കു ചെയ്യാവുന്ന മഹത്തായ ഒരു സേവനമായിരിക്കുമതു്."

അമേരിക്കൻ ഐക്യനാടുകളിൽ വിൻസെൻറ് ഡി പോൾ കോൺഫറൻസുകൾ നിർവ്വഹിക്കുന്ന സേവനത്തെ തദ്ദേശീയമെത്രാന്മാർ പത്താംപീയൂസു മാർപ്പാപ്പയെ അറിയിച്ചപ്പോൾ തിരുമനസ്സുകൊണ്ടു് അതീവസന്തുഷ്ടിയോടെ ഇപ്രകാരം പ്രസ്താവിച്ചു: "ജനങ്ങളുടെ ഹൃദയങ്ങൾ ദൈവത്തിനായി നേടേണ്ടതു് അങ്ങനെയാണ്. വിൻസെൻറ് ഡി പോൾ സംഘത്തിൻെറ പ്രചാരത്തിനുവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു. ആ സംഘം ഒസ്സാനാമിൻെറ ചൈതന്യത്തെ ലോകത്തിൻെറ നാനാഭാഗങ്ങളിലേക്കും കൊണ്ടുചെല്ലണമെന്നാണു നമ്മുടെ ഏററവും തീക്ഷ്ണമായ ആഗ്രഹം. കാരണം, പരസ്നേഹത്തിൻെറ മഹാപ്രേഷിതനായിരുന്ന, അരൂപിയിൽ നമ്മുടെ കർത്താവിനോടുതന്നെ ഏകീഭൂതനായിരുന്ന, വി. വിൻസെൻറ് ഡി പോളിൻെറ ചൈതന്യവിശേഷംതന്നെയാണ് അദ്ദേഹത്തിനുള്ളതും." (The Secret of Frederick Ozanam, Pages 95, 96 & X)

1909-ൽ തിരുമേനിയെ സന്ദർശിച്ച വിൻസെൻറ് ഡി പോൾസംഘാംഗങ്ങളോടു തിരുമേനി ഇപ്രകാരം പ്രസ്താവിച്ചു: "പ്രിയമക്കളേ, നിങ്ങളെ നാം അനുമോദിക്കുന്നു. നിങ്ങളുടെ പരിശ്രമങ്ങൾ മൂലം നമ്മുടെ ഹൃദയത്തിനു നൽകിക്കൊണ്ടിരിക്കുന്ന അസാമാന്യമായ ആശ്വാസത്തിനു ഞാൻ കൃതജ്ഞനാണ്. നമ്മുടെ പൗരോഹിത്യജൂബിലി സംബന്ധിച്ചു് നിങ്ങൾ ചെയ്തിട്ടുള്ള ആശംസകളും മംഗളങ്ങളും സ്വീകാര്യങ്ങൾതന്നെ. എങ്കിലും നിങ്ങളുടെ ഉത്സാഹത്താൽ സിദ്ധിച്ചിട്ടുള്ള വിജയത്തേയും നിങ്ങളുടെ സേവനത്തിൻെറ ഫലസമൃദ്ധിയേയുമാണു നാം കൂടുതൽ വിലമതിക്കുന്നതു്. 1833-ൽ ഫ്രെഡറിക്ക് ഒസ്സാനാം ബീജാവാപംചെയ്ത ആ കടുകുമണി, ഇന്നൊരു മഹാവൃക്ഷമായിത്തീർന്നു്, അതിൻെറ ശാഖോപശാഖകൾ ലോകത്തിൻെറ നാനാഭാഗങ്ങളിലേക്കും വ്യാപിപ്പിച്ചിരിക്കുന്നു. എഴുപത്തിയാറുകൊല്ലംകൊണ്ടു് ഫ്രാൻസ്, ഇററലി, ഹോളണ്ട്, സ്വിററ്സർലണ്ടു്, ഇംഗ്ലണ്ടു്, അമേരിക്ക, ക്യാനഡ, ഓസ്ട്രേലിയ എന്നീ രാജ്യങ്ങളിൽ അതു് ഉത്തരോത്തരം അഭിവൃദ്ധിപ്രാപിച്ചുവരുന്നു.

"പ്രിയ മക്കളേ, അത്ഭുതപൂർവ്വമായ ഈ വിജയത്തിൽ നാമും നിങ്ങളോടുകൂടി സന്തോഷിക്കുന്നു. പക്ഷേ നിങ്ങളുടെ സേവനതീക്ഷ്ണത സുസ്ഥിരമാകുന്നതിനും പൂർവ്വോപരി വർദ്ധിക്കുന്നതിനും നാമാഗ്രഹിക്കുന്നു. ദൈവസ്നേഹത്താൽ പ്രേരിതരായ നിങ്ങൾ പുരോഗമിക്കുക. അതിനു വേണ്ട ഉത്തേജനം ബലിപീഠത്തിൽനിന്നും നിങ്ങൾക്കു പ്രാപിക്കാം. സാധുക്കളിൽ ക്രിസ്തുവിനെത്തന്നെ നിങ്ങൾ ദർശിച്ചാലും! നിങ്ങളുടെ പ്രവൃത്തികൾക്കു് വിജയവും ദൈവാനുഗ്രഹവും സ്വയം ഉണ്ടായിക്കൊള്ളും." (Fr. C. K. Mattom's "Frederick Ozanam" Page 130)

### പേപ്പൽപ്രതിനിധിയുടെ അഭിനന്ദനം

1913-ൽഫ്രെഡറിക്കു് ഒസ്സാനാമിൻെറ ജന്മശതാബ്ദജൂബിലിയിൽ പേപ്പൽ പ്രതിനിധിയായി സംബന്ധിച്ച കാർഡിനൽ വനുത്തെല്ലി തൻെറ സുദീർഘമായ പ്രഭാഷണത്തിൻെറ ഇടയ്ക്കു് ഇപ്രകാരം പ്രസ്താവിച്ചു: "മാനുഷികമായ രീതിയിൽ ഈ കോൺഫറൻസുകളെ വ്യാഖ്യാനിക്കുക സാദ്ധ്യമല്ല. അവ യഥാർത്ഥത്തിൽ ദൈവത്തിൻെറ പ്രവൃത്തികളാണ്. ലോകം മുഴുവനിലും ചിതറിക്കിടക്കുന്ന സംഘാംഗങ്ങളുടെ സുസ്ഥിരമായ ഐക്യം, സംഘത്തിൻെറ വിശ്വാസചൈതന്യത്തിൻെറ അവികലത, അതിൻെറ അത്ഭുതകരമായ ജീവകാരുണ്യപ്രവർത്തനങ്ങൾ, അതിൻെറ ദാനധർമ്മങ്ങളുടെ സമൃദ്ധി, അതിൻെറ പ്രേഷിതവൃത്തിയുടെ സംഖ്യാതീതങ്ങളായ സൽകൃത്യങ്ങൾ ഇവയെല്ലാം അതിനു വിശ്വാസനിർഭരമായ യുഗങ്ങളിലെ സേവനസമൂഹങ്ങളുടെ (Orders of Chivalry) അഭിനവരൂപത്തിലുള്ള പുനരുത്ഥാനത്തിൻെറ ഒരു പ്രതീതി പ്രദാനംചെയ്തിരിക്കുന്നു. പരക്ഷേമതത്പരത്വത്തിൻെറയും ഭൂതദയയുടേയും മനുഷ്യോപകാരത്തിൻേറയും പേരിലുള്ള വഴിപിഴച്ച പ്രയത്നങ്ങൾക്കെതിരായി, ക്രിസ്തീയസ്നേഹത്തിൻെറ സർവ്വശക്തമായ ഒരു കുരിശുയുദ്ധം, സമാധാനത്തിൻെറ ആയുധങ്ങളാകുന്ന ദാനങ്ങളും അതിസ്വാഭാവികമായ സേവനതല്പരതയുംകൊണ്ടു് നിർവ്വഹിക്കുവാൻ ദൈവത്താൽ അയക്കപ്പെട്ടിരിക്കുന്ന ഒരു സമൂഹമാണതെന്നു തോന്നിപ്പോകുന്നു." (The Secret of Frederick Ozanam P. 95)

### 11-ാംപീയൂസ്മാർപ്പാപ്പയുടെ പ്രശംസ

വിൻസെൻറ് ഡി പോൾ സംഘത്തിൻെറ പ്രസിഡൻറിനു 1922 ഏപ്രിൽ 5-ാംനു 11-ാം പീയൂസുമാർപ്പാപ്പ അയച്ച തിരുവെഴുത്തും ശ്രദ്ധാർഹമായിരിക്കുന്നു. അതിൽ പറഞ്ഞിരുന്നതു് ഇപ്രകാരമാണ്: "വിൻസെൻറ് ഡി പോൾ സംഘത്തിൻെറ നാനാവിധമായ പ്രവർത്തനങ്ങളെ ശ്ലാഘിക്കുന്നതിനും അവരുടെ മതതീക്ഷ്ണതയേയും പരിശുദ്ധസിംഹാസനത്തോടു് അവർക്കുള്ള ഭക്ത്യാദരങ്ങളേയും അഭിനന്ദിക്കുന്നതിനും അവരുടെ പരിശ്രമങ്ങളിലെല്ലാം ദൃശ്യമാകുന്ന ദിവ്യപ്രചോദനത്തെ കണ്ടാനന്ദിക്കുന്നതിനുമുള്ള അവസരങ്ങൾ നമുക്കു മുമ്പേതന്നെ ലഭിച്ചിട്ടുള്ളതാണ്. സ്വാർത്ഥപരിത്യാഗത്തിൻെറ മധുരിമ നമ്മുടെ ദിവ്യരക്ഷകൻെറ സ്നേഹമസൃണമായ ഹൃദയത്തിൽനിന്നു ഗ്രഹിച്ചിട്ടുള്ള ഈ മഹാസ്ഥാപനത്തിന്മേൽ തൻെറ നിസ്സീമമായ ദാനങ്ങൾ അനുസ്യൂതം വർഷിക്കണമെന്നും ഈ കാലത്തു് അത്യന്താപേക്ഷിതമായ പ്രസ്തുതസംഘത്തെ സമൃദ്ധമായി അനുഗ്രഹിക്കണമെന്നും നാം ദൈവത്തോടു പ്രാർത്ഥിക്കുന്നു." (Frederick Ozanam P. 131)

### ഒസ്സാനാമിനെപ്പററി 12-ാംപീയൂസുമാർപ്പാപ്പ

1952 ഏപ്രിൽ 27-ാംനു 12-ാം പീയൂസുമാർപ്പാപ്പ റോമിൽസമ്മേളിച്ച വിൻസെൻറ് ഡി പോൾ കോൺഫറൻസുകളുടെ ദേശീയകോൺഗ്രസ്സിൽ സംബന്ധിച്ചവരോടു് നടത്തിയ പ്രഭാഷണം രണ്ടും മൂന്നും ലക്കങ്ങളിലായി ഞങ്ങൾ ഉദ്ധരിച്ചിരുന്നല്ലോ. അതിൽനിന്നു ഫ്രെഡറിക് ഒസ്സാനാമിൻെറ ജീവിതത്തെ സ്പർശിക്കുന്ന ഒരു ഭാഗം ഞങ്ങൾ വീണ്ടുമുദ്ധരിക്കുന്നു: "നിങ്ങളുടെ പതാകാവാഹിയായ ഫ്രെഡറിക് ഒസ്സാനാമിൻെറ കാര്യം ചിന്തിക്കുക. സഭയ്ക്കുവേണ്ടി തൻെറ ജീവിതകാലത്തു അദ്ദേഹം ചെയ്തുകൊണ്ടിരുന്നസേവനങ്ങൾ എത്രയെത്ര! അദ്ദേഹം ഒരെഴുത്തുകാരനും ഒരു പ്രാസംഗികനും ഒരു പ്രഫസ്സറും ഒരു പണ്ഡിതനും ഒരു രാഷ്ട്രീയപ്രവർത്തകനുമായിരുന്നു. 40 കൊല്ലംമാത്രം ദീർഘിച്ച ആ ജീവിതം എത്ര സംഭവബഹുലമായിരുന്നു! എന്നിട്ടും ഏതു സംഗതിയാണ് അദ്ദേഹത്തെ ഏററവുമധികം പ്രശസ്തനാക്കിയതു്? അദ്ദേഹം സ്ഥാപിച്ച കോൺഫറൻസുകളല്ലയോ?"

ഇപ്രകാരം മാർപ്പാപ്പമാരുടെ പ്രശംസയ്ക്കു പാത്രീഭവിച്ചിരിക്കുന്ന ഫ്രെഡറിക് ഒസ്സാനാമിൻെറ ചൈതന്യം നമ്മിൽ വളർത്തുന്നതിനു നാം അശ്രാന്തപരിശ്രമം ചെയ്യേണ്ടിയിരിക്കുന്നു. നമ്മുടെ ജീവകാരുണ്യപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനു് അതു് അത്യന്താപേക്ഷിതവുമാണ്. അതുകൊണ്ടാണു ഈ മഹാപുരുഷനെപ്പററി സവിസ്തരം പ്രതിപാദിക്കാമെന്നു് ഞങ്ങൾ തീരുമാനിച്ചതു്. അദ്ദേഹത്തിൽ വിളങ്ങിയിരുന്ന വിവിധഗുണങ്ങളിലേക്കു പ്രവേശിക്കുന്നതിനുമുമ്പ്, അദ്ദേഹത്തിൻെറ ഒരു ജീവചരിത്രസംക്ഷേപം നൽകുന്നതു പ്രയോജനപ്രദമായിരിക്കുമെന്നു വിചാരിക്കുന്നു.

### ജീവചരിത്രസംക്ഷേപം

ഫ്രെഡറിക്കു് ഒസ്സാനാമിൻെറ പൂർവ്വികർ യഹൂദന്മാരായിരുന്നു. ക്രിസ്തുവിനുമുമ്പു 1-ാംനൂററാണ്ടിൽ റോമാസാമ്രാജ്യം ഭരിച്ചിരുന്ന ജൂലിയസ് സീസറിൻെറ സൈന്യത്തിൽ ഒരുദ്യോഗസ്ഥനായിരുന്ന ജറമിയ ഒസ്സാനാം ചക്രവർത്തിയെ അനുഗമിച്ചു്, മററു പല യഹൂദന്മാരോടുകൂടി, ഗാളിൽ (ഇന്നത്തെ ഫ്രാൻസിൽ) താമസമുറപ്പിച്ചു. 7-ാംനൂററാണ്ടിൽ, ആ കുടുംബത്തിൽ ജാതനായ സാമുവൽ ഒസ്സാനാം വി. ഡിഡിയെയുടെ കരങ്ങളിൽനിന്നു ജ്ഞാനസ്നാനം സ്വീകരിച്ചു ക്രിസ്ത്യാനിയായി. അനന്തരതലമുറകൾ ക്രിസ്തീയവിശ്വാസം അഭംഗം പാലിച്ചുവന്നു. ഫ്രെഡറിക്കിൻെറ പിതാവു് അന്തോണി ഒസ്സാനാമിൻെറ ജന്മദേശം ഫ്രാൻസിൽ ലയൺസ് എന്ന നഗരമായിരുന്നു. കുറെക്കാലം അദ്ദേഹം നെപ്പോളിയൻ ചക്രവർത്തിയുടെ കീഴിൽ യുദ്ധസേവനം അനുഷ്ഠിച്ചെങ്കിലും, 25-ാമത്തെ വയസ്സിൽ, യുദ്ധത്തിലേററ ഒരു മുറിവുനിമിത്തം സൈനികവൃത്തി മതിയാക്കി പാരീസിൽ വന്നു വിജയപ്രദമായ ഒരു ബിസിനസ്സുതുടങ്ങി. ലയൺസിലെ ഒരു പട്ടുകച്ചവടക്കാരൻെറ പുത്രിയെയാണ് അദ്ദേഹം വിവാഹം ചെയ്തിരുന്നതു്. തൻെറ ബന്ധത്തിൽപ്പെട്ട ഒരാൾക്കുവേണ്ടി ജാമ്യംനിന്നതിൻെറ ഫലമായി സ്വത്തു മുഴുവൻ നശിച്ചു. തന്നിമിത്തം അദ്ദേഹം കുടുംബസമേതം ഇററലിയിലെ ഒരു നഗരമായ മിലാനിൽ പോയി അദ്ധ്യാപകവൃത്തി ആരംഭിച്ചു. അവിടെ വച്ചു സ്വപരിശ്രമഫലമായി 36-ാമത്തെ വയസ്സിൽ വൈദ്യശാസ്ത്രത്തിൽ ഡോക്ടർ ബിരുദം നേടി, ചികിത്സയുമാരംഭിച്ചു. ചികിത്സ അധികഭാഗവും സൗജന്യമായിട്ടാണു നടത്തിവന്നതു്. മിലാനിൽവച്ചാണു ഫ്രെഡറിക് ജാതനായതു്. തൻെറ പിതാവിൻെറ 14 മക്കളിൽ 5-ാമത്തേതായിരുന്നു ഫ്രെഡറിക്. അധികംതാമസിയാതെ അവരെല്ലാവരും സ്വദേശമായ ലയൺസിലേക്കു മടങ്ങിപ്പോന്നു. ഫ്രെഡറിക് പഠനത്തിൽ വളരെ സമർത്ഥനായിരുന്നു. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം അദ്ദേഹം നിയമം പഠിച്ചുതുടങ്ങി. ആദ്യം ലയൺസിലെ ഒരഭിഭാഷകൻെറ കീഴിൽ അഭ്യസനം നടത്തി. പിന്നീടു പാരീസിലെ സൊർബോൺ സർവ്വകലാശാലയിൽ ചേർന്നു നിയമവും വിദേശഭാഷകളും പഠിച്ചു. ഇക്കാലഘട്ടത്തിൽ രണ്ടുകൊല്ലം അദ്ദേഹം പ്രസിദ്ധ ഗണിതശാസ്ത്രജ്ഞനായ അംപേയറിൻെറ ഭവനത്തിൽ വസിക്കുകയുണ്ടായി. അക്കാലത്തു പ്രസിദ്ധരായ പല പണ്ഡിതന്മാരുമായി പരിചയപ്പെടുവാൻ അദ്ദേഹത്തിനു ഭാഗ്യം സിദ്ധിച്ചു.

അക്രിസ്തീയമായ അടിയൊഴുക്കുകൾക്കു തടയിടുവാനുള്ള ശ്രമം ഫ്രെഡറിക് ഒരു യുവാവായിരിക്കുമ്പോൾത്തന്നെ തുടങ്ങിയതാണ്. 20 വയസ്സാകുന്നതിനുമുമ്പു് അദ്ദേഹം ഒരെഴുത്തുകാരനായിത്തീർന്ന സംഗതി പ്രത്യേകം പ്രസ്താവ്യമാണ്. സൊർബോൺ സർവ്വകലാശാലയിലെ ഒരു വിദ്യാർത്ഥിയായിരിക്കുമ്പോൾ മതവിശ്വാസത്തിനെതിരായി ഒരു പ്രഫസ്സർ ചെയ്ത പ്രസ്താവങ്ങളെ വിനയപൂർവ്വം പ്രതിഷേധിക്കുന്നതിൽ അദ്ദേഹം മുൻകൈയെടുത്തു പ്രവർത്തിച്ചു. 1831 ലാണ് അദ്ദേഹം ആ സർവ്വകലാശാലയിൽ പ്രവേശിച്ചതു്. 1832-ൽ പാരീസിൽ കോളറ തുടങ്ങിയപ്പോൾ ഫ്രെഡറിക് ആതുരശുശ്രൂഷ ചെയ്യുന്നതായി നാം കാണുന്നുണ്ടു്. ആ കൊല്ലത്തിൻെറ അവസാനത്തിലാണ് ആ സർവ്വകലാശാലയിലെ ഒരു മുൻപ്രഫസ്സറായിരുന്ന ബെയിലിയുടെ അദ്ധ്യക്ഷതയിൽ ഒരു പഠനക്കളരി ആരംഭിച്ചതു്. ഫ്രെഡറിക് ആയിരുന്നു അതിൻെറ ജീവനാഡി. അങ്ങനെ സഭാചരിത്രപഠനം ലക്ഷ്യംവച്ചു തുടങ്ങിയ കോൺഫറൻസ് "നിങ്ങൾ നിങ്ങളുടെ പ്രവൃത്തികൾ ഞങ്ങൾക്കു കാണിച്ചുതരിക" എന്ന വെല്ലുവിളിയെ സ്വീകരിച്ചുകൊണ്ടു് പരോപകാരകൃത്യങ്ങളുടെ ഒരു കോൺഫറൻസായി രൂപാന്തരപ്പെട്ടു. 1833 മേയിൽ ഫ്രെഡറിക് വേറെ ആറു വിദ്യാർത്ഥികളേയും കൂട്ടിക്കൊണ്ടു് ബെയിലിയുടെ മുറിയിൽ ചെന്നു. അവിടെവച്ചാണ് വിൻസെൻറ് ഡി പോൾ സഖ്യത്തിൻെറ 1-ാമത്തെ കോൺഫറൻസ് നടന്നതു്. എന്നാൽ 1834 ഫെബ്രുവരിയിൽ മാത്രമേ ആ പേർ സ്വീകരിക്കപ്പെട്ടുള്ളു. "നാം സാധുക്കളുടെ പക്കൽ പോകണം"— ഇതായിരുന്നു

## തിരുനാൾ മംഗളം



ചങ്ങനാശ്ശേരി മെത്രാൻ തിരുമനസ്സിലെ നാമഹേതുക ദിനം അടുത്ത തിങ്കളാഴ്ച.



ഫ്റെഡറിക്കിന്റെ ഉൽബോധനം. തന്റെ എളിമനിമിത്തം സഖ്യത്തിന്റെ പ്രസിഡൻറുസ്ഥാനം അദ്ദേഹം സ്വീകരിച്ചില്ല. ആ സ്ഥാനം നാല്പതുവയസ്സുപ്രായമുണ്ടായിരുന്ന ബെയിലിക്ക നൽകി. മററുസ്ഥാപകപ്രവത്തകരും ഫ്റെഡറിക്കിന്റെ സമവയസ്കരായിരുന്നു —ഏതാണ്ട് 19-നും 22-നും മദ്ധ്യേ. 1837-ൽ സംഘത്തിനു മാർപ്പാപ്പയുടെ അംഗീകാരം ലഭിച്ചു.

ഇക്കാലഘട്ടത്തിൽ ഫ്റെഡറിക് നിവ്വഹിച്ച മറെറാരു സംഗതി പാരീസിലെ നോത്തർഡാം കത്തീഡ്രലിൽ നോമ്പുകാലപ്രസംഗത്തിനു് അടിസ്ഥാനമിട്ടതാണു്. ഫ്റാൻസിലെ ജനങ്ങളെ ആദ്ധ്യാത്മികമായി ഉണത്താൻ ആ ഒരു മാർഗ്ഗമേയുള്ളുവെന്നു് അദ്ദേഹം തീരുമാനിച്ചു. 1833-ൽ രണ്ടു സ്നേഹിതരുമൊരുമിച്ചു് പാരീസ് മെത്രാപ്പോലീത്തയെ ചെന്നുകണ്ടു് വിവരം ബോധിപ്പിച്ചു. 1835-ലെ നോമ്പുകാലത്താണു് സംഗതി നടപ്പായതു്. സുപ്രസിദ്ധനായ ഫാദർ ലക്കോർദേർ ആയിരുന്നു പ്രാസംഗികൻ. നോത്തർഡാം കത്തീഡ്രലിൽ അലതല്ലിയ അദ്ദേഹത്തിന്റെ വാഗ്ധോരണിയിൽ പാരീസുമാത്രമല്ല, ഫ്റാൻസുമുഴുവൻ പുളകമണിഞ്ഞു.

1839-ൽ ഫ്റെഡറിക് നിയമത്തിലും സാഹിത്യത്തിലും ഡോക്ടർബിരുദങ്ങൾ നേടി. വിദേശഭാഷാഭ്യസനവും മറ്റും പുരോഗമിച്ചുകൊണ്ടിരുന്നു. അഭിഭാഷകവൃത്തി സ്വീകരിക്കുവാൻ അദ്ദേഹത്തിനു് ഇഷ്ടമില്ലായിരുന്നതുകൊണ്ടു് ലയൺസ് സവ്വകലാശാലയിൽ നിയമപ്രഫസ്സരുദ്യോഗം സ്വീകരിച്ചു. 1841-ൽ ആ സവ്വകലാശാലയുടെ റെക്ടരുടെ മകളെ, തന്റെ ആദ്ധ്യാത്മികഗുരുവിന്റെ ഉപദേശപ്രകാരം അദ്ദേഹം വിവാഹംചെയ്തു. ആ ദാമ്പത്യവല്ലരിയിൽ മൊട്ടിട്ടു വികസിച്ച ഏകകുസുമത്തെയാണു് കഴിഞ്ഞപ്രാവശ്യം ഉദ്ധരിച്ച "അന്ത്യശാസന"ത്തിൽ അദ്ദേഹം അനുസ്മരിക്കുന്നതു്.

കുറച്ചുകാലം ലയൺസിൽ ജോലിനോക്കിയശേഷം ഒരു മത്സരപ്പരീക്ഷയിൽ വിജയംനേടി പാരീസിലെ സൊർബോൺ സവ്വകലാശാലയിൽ സാഹിത്യപ്രഫസ്സറായി ഭവിച്ചു. 1844-ൽ അദ്ദേഹം ആ വകുപ്പിന്റെ അദ്ധ്യക്ഷനായി. ഒഴിവുകാലമെല്ലാം ഗ്രന്ഥരചനയ്ക്കായിട്ടാണു് വിനിയോഗിച്ചുവന്നതു്. കൂടാതെ, ആണ്ടുവട്ടം മുഴുവനും വിൻസെൻറു് ഡി പോൾ സംഘത്തിന്റെ കാര്യങ്ങളിലും വ്യാപൃതനായിരുന്നു.

1851-ൽ ഫ്റെഡറിക്കിന്റെ ആരോഗ്യം ക്ഷയോന്മുഖമായി. ദേഹസുഖാത്ഥം ഇക്കാലഘട്ടത്തിൽ അദ്ദേഹം പല വിദേശയാത്രകളും കഴിച്ചു. പറയത്തക്ക ഫലമൊന്നുമുണ്ടായില്ല. 1853 സെപ്റ്റംബർ 8-ാംനു അദ്ദേഹം തന്റെ പാവനാത്മാവിനെ ദൈവതൃക്കരങ്ങളിൽ കയ്യാളിച്ചു.

ഫ്റെഡറിക് മരിച്ചപ്പോൾ വിൻസെൻറ് ഡി പോൾ സംഘം സ്ഥാപിതമായിട്ടു 20 കൊല്ലംമാത്രമേ ആയിരുന്നുള്ളുവെങ്കിലും അന്നതിനു പാരീസിൽമാത്രം 2000 അംഗങ്ങളുണ്ടായിരുന്നു. 5000 കുടുംബങ്ങളാണു് അവർ സന്ദർശിച്ചുവന്നതു്. ഫ്റാൻസിൽ ആകപ്പാടെ 500 കോൺഫറൻസുകളുണ്ടായിരുന്നു. മററനേക കോൺഫറൻസുകൾ ഇംഗ്ലണ്ടു്, ഐർലൻറ്, സ്പെയിൻ, ബൽജിയം, അമേരിക്ക മുതലായ രാജ്യങ്ങളിലുമുണ്ടായിരുന്നു. ഇന്നു 70 രാജ്യങ്ങളിലായി 18,500 കോൺഫറൻസുകളും 200,000-ൽപ്പരം അംഗങ്ങളുമുണ്ടു്. പത്താംപീയൂസ് തിരുമേനി പ്രസ്താവിച്ചതുപോലെ, "1833-ൽ ഒസ്സാനാം പാകിയ കടുകുമണി ഇന്നൊരു വൻവൃക്ഷമാണു്." മാത്രമല്ല, "മിഷൻ വൈദികരുടെ സംഘത്തിലും അതുല്യരായ ഉപവിയുടെ സഹോദരികളിലും ജീവിക്കുന്ന വിൻസെൻറു് ഡി പോൾ അധുനാതനകാലത്തു് കോൺഫറൻസുകളുടെ സ്തുത്യർഹമായ സംഘടനയിലും അതിജീവിക്കുന്നു. അവർ അദ്ദേഹത്തിന്റെ വിശ്വാസത്തിന്റേയും ഉപവിയുടേയും പ്രേഷിതചൈതന്യത്തിന്റേയും അവകാശികളാണു്. അങ്ങനെ ആ സംഘം ഒരു പുതിയ തലമുറയാണു്, അപ്രതിക്ഷിതവും അസംഖ്യവുമായ ഒരു സന്താനപരമ്പരയാണു്." (പത്താംപീയൂസ്). ഫ്റെഡറിക്കിന്റെ വിശ്വാസചൈതന്യത്തെപ്പററി അടുത്തതിൽ.

## പ്രസാധകക്കുറിപ്പുകൾ

### മദ്രാസ് മെത്രാപ്പോലീത്തായുടെ ആഹ്വാനം ദുരിതനിവാരണത്തിനു സഹായിക്കുവാൻ

ഗോദാവരിയിൽ അടുത്തുണ്ടായ വെള്ളപ്പൊക്കം അഭൂതപൂവ്വകമായതോതിൽ നാശകരമായിത്തീന്നു. സ്വത്തുക്കളുടേയും വിളവുകളുടേയും നഷ്ടം 10 കോടി രൂപയിലധികം വരുമെന്നാണു് കണക്കാക്കപ്പെട്ടിരിക്കുന്നതു്. സംസ്ഥാനഗവമ്മെൻറും കേന്ദ്രവും കഴിവുള്ള സഹായങ്ങളെല്ലാം നൽകിക്കൊണ്ടിരിക്കുകയാണു്. പണവും വസ്ത്രവും ദാനംചെയ്യണമെന്നു് പ്രധാനമന്ത്രി അഭ്യത്ഥന പുറപ്പെടുവിച്ചു. മദ്രാസിലെ ഷെറീഫ് ഈയിടെ വിളിച്ചുകൂട്ടിയ സമ്മേളനത്തിൽ അവിടത്തെ നേതാക്കന്മാർ സന്നിഹിതരായി ഉദാരമായ സഹായം അഭ്യത്ഥിച്ചു. മദ്രാസ്-മൈലാപ്പൂർ മെത്രാപ്പോലീത്താ ഡോക്ടർ മത്ത്യാസ് ഈ ദുരിതനിവാരണപ്രവത്തനങ്ങളിൽ തന്റെ സഹകരണം വാഗ്ദാനംചെയ്തു.

മദ്രാസിലെ മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയത്തെ പിന്താങ്ങിക്കൊണ്ടു് മെത്രാപ്പോലീത്താതിരുമേനി ചെയ്ത പ്രസംഗത്തിൽ, ഈ വെള്ളപ്പൊക്കംപോലുള്ള ആപത്തുകൾ ഗുരുതരമായ നാശങ്ങൾക്കു് കാരണമാകുന്നുണ്ടെങ്കിലും, ജനങ്ങളെ തമ്മിൽ യോജിപ്പിക്കുവാനും ഒന്നിച്ചു നിത്തുവാനും സഹായകമാണെന്നു് പ്രസ്താവിച്ചു ആ നിലയിൽ ഈ ആപത്തുകൾ അനുഗ്രഹമായി സ്വയം പരിണമിക്കുന്നു. പരോപകാരത്തിനായി സ്വജീവൻ പ്രതിഷ്ഠിച്ചിരിക്കുന്നവനെന്നനിലയിൽ തനിക്കു് മദ്രാസിലെ ഷെറീഫിനോടു് കൃതജ്ഞതയുണ്ടു്, പ്രസ്തുത യോഗത്തിൽ സംബന്ധിക്കുവാൻ തന്നോടു് അദ്ദേഹം ആവശ്യപ്പെട്ടതിനു്. മദ്രാസ് പട്ടണത്തിലുള്ള ജനങ്ങൾ മുഴുവനും പൊട്ടുന്നനവെ പാപ്പിടമില്ലാത്തവരും ധരിച്ചിരിക്കുന്ന വസ്ത്രങ്ങൾ മാത്രമുള്ളവരും അങ്ങനെ ഒന്നുമില്ലാത്തവരുമായിത്തീന്നുവെന്നു് ഒരു നിമിഷത്തേക്കു് വിഭാവനംചെയ്താൽ, ഈ വെള്ളപ്പൊക്കംമൂലം ജനങ്ങൾക്ക നേരിട്ടിരിക്കുന്ന നാശത്തിന്റെ വൈപുല്യം മനസ്സിലാക്കാൻ കഴിയും. തങ്ങളുടെ സഹോദരങ്ങൾ സഹായത്തെ അർഹിച്ചിരിക്കുന്ന ഈ സന്ദർഭത്തിൽ എല്ലാവരും തങ്ങളുടെ ഹൃദയങ്ങളേയും അതിലും പ്രത്യേകിച്ചു് തങ്ങളുടെ മടിശ്ശീലകളേയും തുറന്നുവയ്ക്കേണ്ടതാണു്.

* * *

### കത്തോലിക്കാ സ്ഥാപനങ്ങളുടെ സഹായം

ഈ സെപ്റ്റംബർ ആരംഭത്തിൽ തന്റേപേക്ക് കുറെ പാൽപ്പൊടി വിദേശത്തിൽനിന്നു് വന്നെത്തുമെന്നും, അതിൽ 100 വീപ്പ അഥവാ 20,000 റാത്തൽ പാൽപ്പൊടി തന്റെ ആദ്യത്തെ സഹായമായി ദുരിതനിവാരണകമ്മിററിയെ ഏല്പിക്കുന്നതാണെന്നുംതിരുമേനി പ്രസ്താവിച്ചു. പള്ളികളിലേക്കും കത്തോലിക്കാസ്ഥാപനങ്ങളിലേക്കും അവിടുന്നു് അഭ്യത്ഥനകൾ അയച്ചിട്ടുണ്ടു്. ആകയാൽ ദുരിതനിവാരണഫണ്ടിലേക്കു് കൂടുതൽ സഹായം ചെയ്യാൻ കഴിയുമെന്നാണു് തന്റെ ബോദ്ധ്യം. അമേരിക്കയിലുള്ള തന്റെ സുഹൃത്തുക്കൾക്കു്, പ്രത്യേകിച്ചും കത്തോലിക്കാ പരസ്നേഹങ്ങളുടെ ഡയറക്ടർക്കു് താൻ എഴുതിയിട്ടുണ്ടെന്നും, അവർ വിവരങ്ങൾ അറിയുവാൻ ഉടനടി കമ്പിയടിച്ചുവെന്നും തിരുമേനി പറഞ്ഞു. വത്തമാനപ്പത്രങ്ങളിൽനിന്നെടുത്ത കട്ടിംഗുകളും ഫോട്ടോകളും എയർമെയിലിൽ തിരുമേനി അവർക്കയച്ചുകൊടുത്തിട്ടുണ്ടു്. ആ വഴിക്കു് ഗണ്യമായ സഹായം താൻ പ്രതീക്ഷിക്കുന്നുണ്ടെന്നും, അതും കമ്മിററിയെ താൻ ഏല്പിച്ചുകൊടുക്കുമെന്നും അവിടുന്നു പ്രസ്താവിച്ചു.

അമേരിക്കയിലേയും മററു പാശ്ചാത്യരാജ്യങ്ങളിലേയും കത്തോലിക്കാസ്ഥാപനങ്ങളും കത്തോലിക്കാ വ്യക്തികളും എത്ര പ്രാവശ്യം, എത്രവലുതെ സഹായം, ഇന്ത്യയിലെ ദുരിതനിവാരണത്തിനായി അയച്ചുകൊടുത്തിരിക്കുന്നു. അതിനുവേണ്ടി ശ്രമിക്കുന്ന വിദേശമിഷനറിമാരെയാണു് ഇന്ത്യയുടെ ശത്രുക്കളായി ഒരുകൂട്ടർ അപലപിക്കുന്നതു്.

* * *

### പശ്ചിമജമ്മനിയിലെ തിരഞ്ഞെടുപ്പിൽ ക്രിസ്ത്യൻ ഡെമൊക്രാററിക് കക്ഷിക്കു് നേരിയ ഭൂരിപക്ഷം

കഴിഞ്ഞ ലോകമഹായുദ്ധത്തിനുശേഷം ജമ്മനി രണ്ടായി വിഭജിക്കപ്പെട്ടു. പടിഞ്ഞാറെഭാഗം അമേരിക്ക, ഇംഗ്ലണ്ടു്, ഫ്റാൻസ് എന്നീ പ്രജായത്തരാജ്യങ്ങളുടെ അധീനത്തിലും, കിഴക്കേഭാഗം സ്വേച്ഛാധിപത്യരാജ്യമായ സോവ്യററ് റഷ്യയുടെ അധീനത്തിലുമാണു് കഴിഞ്ഞുകൂടിപ്പോരുന്നതു്. പശ്ചിമജമ്മനിയുടെ ഭരണം അധീശശക്തികൾ മൂന്നും അവിടത്തെ അധികാരികളെത്തന്നെ ഏല്പിച്ചു. തദ്ദേശഭരണം പ്രജായത്തരീതി അവലംബിച്ചുപോരുന്ന ഒരു പാർലമെൻറു് അവിടെയുണ്ടു്. അവരുടെ ആദ്യത്തെ തിരഞ്ഞെടുപ്പു് 1949-ൽ നടന്നു. അതിൽ ക്രിസ്ത്യൻ ഡെമൊക്രാററിക് കക്ഷി വിജയംവരിച്ചു. ആ കക്ഷിയുടെ നേതാവായ കൊൺറാഡ് അഡെനവ്വർ ഗവമ്മെൻറു് രൂപീകരിച്ചു. തന്റെ പാർട്ടിക്കു് തനിഭൂരിപക്ഷമില്ലാതിരുന്നതിനാൽ സ്വതന്ത്രഡെമൊക്രാററിക് പാർട്ടിയേയും ജമ്മൻപാർട്ടിയേയും കൂട്ടുപിടിച്ചു് ഒരു സംയുക്ത ഗവമ്മെൻറാണു് ഇദ്ദേഹം സ്ഥാപിച്ചതു്.

രണ്ടാമത്തെ തിരഞ്ഞെടുപ്പു് ഈ സെപ്റ്റംബർ 6-ാംനു നടന്നു. അതിലും ക്രിസ്ത്യൻ ഡെമോക്രാററിക് കക്ഷിക്കുതന്നെയാണു് ഭൂരിപക്ഷം ലഭിച്ചതു്, അതും നേരിയ ഭൂരിപക്ഷമാണു്. സ്വതന്ത്രഡെമൊക്രാററിക്കക്ഷിയും ജമ്മൻപാർട്ടിയും മുമ്പിലത്തെപ്പോലെ ഡോക്ടർ അഡെനവ്വറിന്റെ കക്ഷിയോടു് ചേന്നുനില്ക്കുമെന്നാണു് വിചാരിക്കാൻ ന്യായമുള്ളതു്. അപ്പോൾ അദ്ദേഹത്തിന്റെ ഗവമ്മെൻറിനു് ഭൂരിപക്ഷം സുനിശ്ചിതമാണു്. ഔദ്യോഗികകണക്കനുസരിച്ചു് ജനപ്രതിനിധിസഭയിൽ 487 ആണു് ആകെ സീററു്. അതിൽ ക്രിസ്ത്യൻ ഡെമൊക്രാററുകൾക്കു് 244; സോഷ്യൽ ഡെമൊക്രാററുകൾക്കു് 150; ഫ്റീ ഡെമൊക്രാററുകൾക്കു് 48; ജമ്മൻപാർട്ടിക്കു് 15; റഫ്യൂജി ബ്ലോക്കിനു് 27; സെൻറർപാർട്ടിക്കു് 3; ഇങ്ങനെയാണു് ലഭിച്ചിരിക്കുന്നതു്. ഈ 6 പാർട്ടികൾക്കുമാത്രമേ സീററുകൾ ലഭിച്ചിട്ടുള്ളു. തിരഞ്ഞെടുപ്പിൽ സംബന്ധിച്ച ബാക്കി 8 പാർട്ടികൾക്കും യാതൊരു സീററും ലഭിക്കുകയുണ്ടായില്ല. പശ്ചിമജമ്മനിയിലെ ഇലക്ഷൻ നിയമമനുസരിച്ചു് പോൾചെയ്ത വോട്ടിന്റെ 5 ശതമാനത്തിൽ കൂടുതൽ കിട്ടിയ പാർട്ടിക്കേ പാർലമെൻറിൽ സീററു ലഭിക്കാൻ അർഹതയുള്ളു. ആ 8 പാർട്ടിക്കും അത്രയും വോട്ടുകൾ കിട്ടിയില്ല. കമ്മ്യൂണിസ്റ്റുപാർട്ടിക്കു് 2·2 ശതമാനം വോട്ടേ കിട്ടിയുള്ളു. പശ്ചിമജമ്മനിയിൽ കമ്മ്യൂണിസ്റ്റുകാക്കു് പറയത്തക്ക യാതൊരു സ്ഥാനവുമില്ലെന്നു താല്പര്യം. ക്രിസ്ത്യൻ ഡെമൊക്രാററിക് പാർട്ടിയുടെ ആശ്ചര്യകരമായ വിജയം തൊഴിലാളിവഗ്ഗങ്ങളധിവസിക്കുന്ന പ്രദേശങ്ങളിലാണുണ്ടായതു്. 330 ലക്ഷം വോട്ടറന്മാരുള്ളതിൽ 85ശതമാനവും പോൾചെയ്തു.

* * *

### പശ്ചിമജമ്മനിയും അററ്ലാൻറിക് സഖ്യവും

ഡോക്ടർ അഡെനവ്വറോളം വ്യക്തിമാഹാത്മ്യമുള്ള മറെറാരു രാജ്യതന്ത്രജ്ഞൻ ഇന്നു ജമ്മനിയിൽ ഇല്ല. അദ്ദേഹം അമേരിക്കൻ പ്രസിഡൻറു് മി. ഐസനോവറിന്റെ സുഹൃത്താണു്. സർവ്വോപരി ഒന്നാംതരം കത്തോലിക്കനുമാണു്. യുദ്ധംമൂലമുണ്ടായ സാമ്പത്തികാധഃപതനത്തിൽനിന്നും പശ്ചിമജമ്മനിയെ ഉദ്ധരിച്ചു് ഇന്നത്തെ യൂറോപ്പിലെ ഇതരരാജ്യങ്ങളിൽ ഒന്നിന്റേയും പിന്നിലല്ലാത്ത സ്ഥാനം അദ്ദേഹം അതിനു സമ്പാദിച്ചുകൊടുത്തു. ഡോക്ടർ അഡെനവ്വറിന്റെ ആദ്യംമുതലുള്ള നയം പാശ്ചാത്യശക്തികളോടു് ചേന്നുനിന്നു്, അവരുടെ സമ്മർദ്ദപരമായ പ്രേരണ റഷ്യയുടെമേൽ ചെലുത്തി, ഇപ്പോഴത്തെ വിഭജനം ഇല്ലാതാക്കി ജമ്മനിയെ ഏകീകരിക്കണമെന്നാണു്. ആ നയമനുസരിച്ചു് അദ്ദേഹം പശ്ചിമജമ്മനിയെ പശ്ചിമയൂറോപ്യൻരാജ്യങ്ങളുൾപ്പെട്ട അററ്ലാൻറിക് സഖ്യത്തിൽ ചേത്തു. ഈ നയത്തെ പ്രധാനമായി എതിത്തുകൊണ്ടിരുന്നതു്, ക്രിസ്ത്യൻ ഡെമൊക്രാററുകൾ കഴിഞ്ഞാൽ പിന്നത്തെ പ്രബലകക്ഷിയും മുഖ്യപ്രതിപക്ഷവുമായ സോഷ്യൽ ഡെമൊക്രാററുകളാണു്. പാശ്ചാത്യരാജ്യങ്ങളുമായുള്ള പശ്ചിമയൂറോപ്പിന്റെ ബന്ധത്തിനു് അയവുവരുത്തണമെന്നാണു് ആ കക്ഷിയുടെ നിർബന്ധം. ജമ്മനിയെ ഏകീകരിക്കണമെന്ന കാര്യത്തിൽ അവരും യോജിക്കുന്നുണ്ടു്. അററ്ലാൻറിക് സഖ്യത്തിൽ പങ്കെടുത്തു്, കമ്മ്യൂണിസ്റ്റുകാർക്കെതിരായുള്ള യൂറോപ്യൻ പ്രതിരോധനിരയിൽ അണിനിരന്നാലേ കിഴക്കൻ ജമ്മനിയെ പശ്ചിമജമ്മനിയോടു് കൂട്ടിച്ചേത്തു് ഏകീകരണം ഉണ്ടാക്കുവാൻ സാധിക്കു എന്ന ക്രിസ്ത്യൻ ഡെമൊക്രാററിക്കു് കക്ഷിയുടെ വാദമാണു് അവർ സ്വീകരിക്കാത്തതു്. പശ്ചിമജമ്മനിയുടെ ആയുധബലം വർദ്ധിപ്പിക്കണമെന്നുള്ള ക്രിസ്ത്യൻ ഡെമൊക്രാററിക്കക്ഷിയുടെ നിശ്ചയവും അവക്കു സമ്മതമല്ല. പാശ്ചാത്യയൂറോപ്യൻ രാജ്യങ്ങളുടെ ഗ്രൂപ്പിൽ പശ്ചിമജമ്മനിലയിച്ചാൽ റഷ്യയുടെ വിരോധം വർദ്ധിക്കുമെന്നും ജമ്മനിയുടെ ഏകീകരണത്തിനു് അതു തടസ്സമാകുമെന്നും, നേരെമറിച്ചു് ഒരു ഗ്രൂപ്പിലും ചേരാതെ കൂടിയാലോചനകൾ നടത്തുന്നപക്ഷം ജമ്മനിയുടെ ഏകീകരണം സാധിക്കുമെന്നുമാണു് അവരുടെ പക്ഷം.' ജമ്മനിയുടെ പുനരായുധീകരണം ജമ്മനിക്കുതന്നെ ആപൽക്കരമായി പരിണമിക്കുമെന്നും അവക്കു ശങ്കയുണ്ടു്. ഈ വ്യത്യസ്തനയങ്ങളിൽ ഡോക്ടർ അഡെനവ്വറിന്റെ നേതൃത്വത്തിലുള്ള ക്രിസ്ത്യൻ ഡെമൊക്രാററിക്കു് കക്ഷിയുടെ നയത്തിന്റെ പിന്നിലാണു് പശ്ചിമജമ്മനിയിലെ മൂന്നിൽ രണ്ടുഭാഗം ജനങ്ങളും നില്ക്കുന്നതെന്നു് ഈ തിരഞ്ഞെടുപ്പു് സ്പഷ്ടമാക്കിയിരിക്കുന്നു. എതിർനയം സ്വീകരിച്ചിരിക്കുന്ന സോഷ്യൽ ഡെമൊക്രാററുകൾക്കു് മുമ്പിലത്തേതിൽ വളരെ കുറവായിമാത്രം വോട്ടും സീററും ലഭിച്ചിരിക്കുന്നതു് ഈ അനുമാനത്തിനു് സ്ഥിരീകരണം നൽകുന്നു. ഈ വസ്തുത ഡോക്ടർ അഡെനവ്വർ തന്നെ തിരഞ്ഞെടുപ്പിനുശേഷം ചൂണ്ടിക്കാണിക്കുകയുണ്ടായി. "കഴിഞ്ഞ 4 കൊല്ലത്തെ സംയുക്ത ഗവമ്മെണ്ടിന്റെ നയങ്ങൾ, പ്രത്യേകിച്ചും സാമ്പത്തികവും വിദേശീയവുമായ നയങ്ങൾ, യൂറോപ്യൻ യൂണിയന്റേയും യൂറോപ്യൻ സംരക്ഷണസഖ്യത്തിന്റേയും നയം ജനങ്ങളിൽ മഹാഭൂരിപക്ഷം അംഗീകരിച്ചിരിക്കുന്നു."

സോവ്യററ് റഷ്യയുടെയും അതിന്റെ പിടിയിൽ നില്ക്കുന്ന കമ്മ്യൂണിസ്റ്റ് ഗവമ്മെണ്ടുകളുടെയും പശ്ചിമയൂറോപ്പിലേക്കുള്ള മുന്നേററത്തെ തടുക്കുന്ന പ്രധാന കോട്ടയായിരിക്കുന്നതു് ജമ്മനിയാണു്. അവിടെ കമ്മ്യൂണിസത്തിനു് പരാജയംവന്നാൽ, പ്രജായത്താദർശങ്ങൾക്കു് ഉറപ്പുലഭിച്ചാൽ, അതു് സോവ്യററ് റഷ്യക്കും കമ്മ്യൂണിസത്തിനും എതിരായ വലിയ വിജയമായിരിക്കും. അതു കൈവരുവാൻ ദൈവം സംഗതിവരുത്തട്ടെ.

* * *

### മിഷനറിമാരെ കരിതേക്കുവാനുള്ള വിരോധികളുടെ വൃഥാശ്രമങ്ങൾ

ഇന്ത്യൻ പാർലമെൻറിൽ തിരു-കൊച്ചിയിലെ കമ്മ്യൂണിസ്റ്റ് സാമാജികനായ മി. പുന്നൂസ് ആഭ്യന്തരമന്ത്രി മി. കഡ്ജുവിനോടു് ഈ സെപ്റ്റംബർ 1-ാംനു ഇങ്ങനെ ചോദിച്ചു:- "ഫോർട്ടുകൊച്ചിയിൽ രണ്ടു ഇറ്റാലിയൻ മിഷനറിമാർ ഇന്ത്യൻ വിരുദ്ധപ്രചരണം നടത്തിക്കൊണ്ടിരുന്നുവെന്നു് ഗവർമ്മെൻറിനറിയാമോ; അറിയാമെങ്കിൽ അക്കാര്യത്തിൽ എന്തു നടപടി സ്വീകരിക്കുവാനാണു് ഗവർമ്മെൻറുദ്ദേശിക്കുന്നതു്?" അതിനു് മന്ത്രി ഇങ്ങനെ മറുപടി പറഞ്ഞു: "ഇക്കാര്യത്തെപ്പററി ചില റിപ്പോർട്ടുകൾ കിട്ടുകയും അവ പരിശോധിച്ചു് റിപ്പോർട്ടു ചെയ്യുവാൻ മദ്രാസ് ഗവർമ്മെൻറിലേക്കു് അയക്കുകയും ചെയ്തിട്ടുണ്ടു്. അവരുടെ റിപ്പോർട്ടു് ഒരാഴ്ചമുമ്പു ലഭിച്ചു. അതിനെപ്പററി ആലോചിച്ചുകൊണ്ടിരിക്കുകയാണു്." ഗോവായുടേയും പോർട്ടുഗീസ് ഗവർമ്മെൻറിന്റേയും കാര്യത്തിലുള്ള നമ്മുടെ നിലയെസംബന്ധിച്ചു് ആ ഇററാലിയൻ മിഷനറിമാർ ഇന്ത്യൻ വിരുദ്ധവീക്ഷണമാണു് സ്വീകരിക്കുന്നതെന്നു് ഗവർമ്മെൻറിന്റെ ദൃഷ്ടിയിൽ പെട്ടിട്ടു

ണ്ടോ എന്ന മി. പുന്നൂസിൻെറ ചോദ്യത്തിന്, അക്കാര്യമാണ് അന്വേഷണത്തിലിരിക്കുന്നതെന്ന് ഡോക്ടർ കഡ്ജു മറുപടി പറഞ്ഞു. ഈ ഘട്ടത്തിൽ മി. മുനിസ്വാമി ചോദിച്ചു. ഏതുതരം ഇന്ത്യൻ വിരുദ്ധപ്രചരണമാണ് ഈ മിഷനറിമാർ നടത്തുന്നതെന്ന്. അതിനു കഡ്ജുവിൻെറ മറുപടിയിൽ, മിഷനറിമാരുടെ മനോഭാവം ഇന്ത്യൻ വിരുദ്ധമാണെന്നും വിദേശീയപത്രങ്ങളിൽ വളരെ ഇന്ത്യൻ വിരുദ്ധങ്ങളായ ലേഖനങ്ങൾ അവർ പരസ്യപ്പെടുത്തുകയും മററു ഇന്ത്യൻ വിരുദ്ധപ്രവത്തനങ്ങളിൽ അവർ വ്യാപൃതരായിരിക്കുകയും ചെയ്യുന്നുവെന്നുമാണ് പരാതി എന്നു പ്രസ്താവിച്ചു. ഇന്ത്യൻ ക്രിസ്ത്യാനികളിൽനിന്നു് മിഷനറിമാർക്കെതിരായി പല പരാതികളും ലഭിച്ചിട്ടുണ്ടെന്ന് മററൊരു ചോദ്യത്തിനുത്തരമായി ഡോക്ടർ കഡ്ജു പറഞ്ഞു. മി. സി. പി. മാത്തൻ ചോദിച്ചു, മദ്രാസ് ഗവർമ്മെൻറ് പ്രസ്തുത ആരോപണത്തെ സ്ഥിരീകരിച്ചിട്ടുണ്ടോയെന്ന്. അതിനു് ഡോക്ടർ കഡ്ജു മറുപടിപറഞ്ഞു, ആ റിപ്പോർട്ട് അവസാനമായി തങ്ങൾ പര്യാലോചിച്ചു കഴിയുന്നതുവരെ അതിൻെറ ഉള്ളടക്കം വെളിപ്പെടുത്തുന്നതു് ആശാസ്യമായിരിക്കുകയില്ലെന്നാണ് തൻെറ അഭിപ്രായമെന്ന്. മി. ഫ്രാങ്ക് ആൻറണി ചോദിച്ചു: യാതൊരു വേട്ടയാടലും ഉണ്ടാകാതിരിക്കുവാനും മിഷനറിമാരുടെ വിദ്യാഭ്യാസപ്രവത്തനങ്ങൾക്ക് തടസ്സംവരുത്തുന്ന യാതൊരു പ്രവൃത്തിയും സ്വീകരിക്കപ്പെടാതിരിക്കുവാനും ഗവർമ്മെൻറ് നടപടികൾ നടത്തുമോ? ഇതിനു് കഡ്ജു മറുപടിപറഞ്ഞു: യാതൊരുവക വേട്ടയാടലും ഉണ്ടാകയില്ല; മിഷനറിമാരുൾപ്പെടെ സകലരോടും നീതി പ്രവത്തിക്കുന്നതാണ്. കൊച്ചിയിലേയും ആസാമിലേയും ബീഹാറിലേയും മദ്ധ്യപ്രദേശത്തേയും മററു സ്ഥലങ്ങളിലേയും മിഷനറിമാർക്കെതിരായുള്ള ഇത്തരം പരാതികൾ ഉള്ള സ്ഥിതിക്ക് അവയെപ്പററി അന്വേഷിക്കുവാൻ ഗവർമ്മെൻറിൽനിന്നു് ഒരു കമ്മിററിയെ ഏല്പെടുത്തുമോ എന്ന വേറെ ചിലരുടെ ചോദ്യത്തിനു് ഡോക്ടർ കഡ്ജു ചിരിച്ചുകൊണ്ടു് മറുപടിപറഞ്ഞു, ആഭ്യന്തരമന്ത്രിയെന്ന നിലയിൽ സകല വ്യക്തികളുടേയും സകല ഗ്രൂപ്പുകളുടേയും സകല സംഘടനകളുടേയും പ്രവത്തനങ്ങളെ സൂക്ഷിച്ചുകൊണ്ടിരിക്കുന്നതു് തൻെറ കത്തവ്യമാണെന്നു്.

* * *

## ആരോപണം തെററിദ്ധാരണാഫലം

മതത്തോടു പൊതുവായും ക്രിസ്തുമതത്തോടു പ്രത്യേകമായും വിരോധം ഉള്ളവർ ക്രൈസ്തവമിഷനറിമാരെപ്പററി ഇത്തരം ആരോപണങ്ങൾ പാർലമെൻററിൽ കുറെനാളുകളായി മുഴക്കിക്കൊണ്ടിരിക്കുകയാണല്ലോ. സ്വന്തം വീടും നാടും വിട്ടു്, ലൗകികമായ സമസ്തവും ഉപേക്ഷിച്ചു്, ദൈവത്തിൻേറയും അവിടുത്തെ മക്കളായ മനുഷ്യരുടേയും സേവനത്തിനായി ആയുഷ്കാലം മുഴുവൻ പ്രതിഷ്ഠിച്ചുകൊണ്ടിരിക്കുന്ന ത്യാഗിവയ്യന്മാരായ മിഷനറിമാരോടുള്ള ഈ വിരുദ്ധമനോഭാവം യാഥാത്ഥ്യത്തിൽ അടിയുറച്ചതാണെങ്കിൽ നമുക്കു മനസ്സിലാക്കാമായിരുന്നു. അവ കുറഞ്ഞപക്ഷം വെറും തെററിദ്ധാരണയുടെ ഫലമാകണെന്നാണ് ഇതുവരെയുള്ള അനുഭവം തെളിയിച്ചിരിക്കുന്നതു്. ഫോർട്ടുകൊച്ചിയിലെ ഇററാലിയൻ മിഷനറിമാരെപ്പററി പാർലമെൻററിൽ ചെയ്ത ആരോപണവും തെററിദ്ധാരണാഫലം മാത്രമാണെന്നു് തിരു-കൊച്ചിയിലെ എം. എൽ. എ. ആയ മി. എ. സി. ലൂയിസ് ഒരു പ്രസ്താവനയിൽ പറഞ്ഞിരിക്കുന്നു.

ഫോർട്ടുകൊച്ചിയിലെ ചില ആംഗ്ലോ ഇന്ത്യൻ വൈദികരും അത്മായരുംചേന്നു്, റോമിൻെറ നേരിട്ടുള്ള ഭരണത്തിലോ ഗോവ പാത്രിയക്കീസിൻെറ കീഴിലോ ഒരു പ്രത്യേകരൂപതയും മെത്രാനേയും അനുവദിക്കണമെന്നപേക്ഷിച്ചു. അവിടെയുള്ള വിദേശികളായ ചില വൈദികർ ഇതിനെ അനുകൂലിച്ചു. ഈ സംഭവം തെററിദ്ധരിച്ചാണ് ആ മിഷനറിമാരുടെമേൽ ഇന്ത്യൻ വിരുദ്ധപ്രചരണങ്ങൾ നടത്തിയെന്ന ആരോപണം കെട്ടിവച്ചതെന്നാണ് മി. ലൂയിസ് പറയുന്നതു്.

മിഷനറിമാരെപ്പററിയുള്ള ആരോപണങ്ങൾ അവയുമട മുഖവിലയ്ക്കു് സ്വീകരിക്കരുതെന്നു താല്പയ്യം.

---

സത്യദീപം വരിസംഖ്യ

| | പ്രതിവഷം |
|---|---|
| ഇൻഡ്യയിൽ | ക. 6—8—0 |
| ഇൻഡ്യക്കു പുറമെ | " 8—0—0 |

---

## അടുത്തയാഴ്ചയിൽ

സെപ്ററംബർ

20 ഞാ: പന്തക്കുസ്താ 17-ാംഞാ. മറിയത്തിൻെറ ഏഴു വ്യാകുലതകൾ
21 തി: മത്തായി
22 ചൊ: മൗരിത്തിയോസ്
23 ബു: ലീനോസ്
24 വ്യാ: മനോഗുണമാതാവു്
25 വെ: പീലിപ്പോസ് ബനീത്തിസ്
26 ശ: കുപ്രിയാനോസും യുസ്തീനായും

## മേൽവിലാസങ്ങൾ

ചിലർ പ്രതിമാസഗ്രന്ഥക്ലബിൻേറയും മതപരമായ സംശയങ്ങൾക്കു കത്തുമുഖേന മറുപടി നൽകുന്ന സ്ഥാപനത്തിൻേറയും മേൽവിലാസങ്ങൾ ഞങ്ങളോടു് ആവശ്യപ്പെട്ടിരുന്നു. എല്ലാവരുടേയും പ്രയോജനത്തിനായി അവ വീണ്ടും പ്രസിദ്ധപ്പെടുത്തുന്നു.

1) സിക്രട്ടറി,
പ്രതിമാസഗ്രന്ഥക്ലബ്ബ്,
എറണാകുളം—1

2) Institute for Home Study,
De Nobili College,
Poona—6

## തിരുകൊച്ചിവാത്തകൾ

### ക്ഷയരോഗസ്റ്റാമ്പ്

തിരുകൊച്ചി സംസ്ഥാനത്തു് വ്യാപകമായ തോതിൽ ക്ഷയരോഗനിവാരണ ഫണ്ടിലേക്കു് പിരിവു നടത്തുന്നതിനുവേണ്ടി ഒക്ടോബർ 2-ാംനു മുതൽ സ്റ്റാമ്പുവില്പന സമ്പ്രദായം ആരംഭിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ആരോഗ്യമന്ത്രി മി. വി. മാധവൻ ഒക്ടോ. 1-ാംനു തിരുവനന്തപുരം റേഡിയോനിലയത്തിൽ നിന്നും പ്രക്ഷേപണം ചെയ്യുന്ന ഒരു പ്രസംഗത്തോടുകൂടി ഇതിൻെറ ഉൽഘാടനം നടക്കുന്നതാണ്.

### റേഷൻ വദ്ധനവ്

1954 ആരംഭംമുതൽ സംസ്ഥാനത്തു് അരിറേഷൻ 8 ഔൺസായി വർദ്ധിപ്പിക്കുന്നതിനുവേണ്ട നടപടികൾ ആരംഭിച്ചിരിക്കുന്നു. തിരുകൊച്ചിയിലേക്കു് കേന്ദ്രഗവർമ്മെൻറനുവദിക്കുന്ന ക്വോട്ടാ മുഴുവൻ ഇൻഡ്യൻ സംസ്ഥാനങ്ങളിൽനിന്നുതന്നെ ലഭിക്കുന്നപക്ഷം പ്രസ്തുത 8 ഔൺസും ഇപ്പോഴത്തെ സൗജന്യവിലയ്ക്കുതന്നെ ലഭിക്കുന്നതാണെന്നറിയുന്നു. അല്ലാത്തപക്ഷം 5 ഔൺസ് ഇപ്പോഴത്തെ വിലയ്ക്കും 3 ഔൺസ് പ്രത്യേക റേഷനായും നൽകപ്പെടുമത്രെ.

### ഡവലപ്മെൻറ് കമ്മിററികൾ

ഭക്ഷ്യോല്പാദനത്തിനു പ്രത്യേകപ്രാധാന്യം നൽകിക്കൊണ്ടു് പഞ്ചവത്സരപദ്ധതിയുടെ നിവ്വഹണത്തെ ത്വരിതപ്പെടുത്തുന്നതിലേക്കു് ഓരോ ഡിസ്ട്രിക്റ്റിലും ലോക്കൽ ഡവലപ്മെൻറ് കമ്മിററികൾ സംഘടിപ്പിക്കുവാൻ ഗവർമ്മെൻറ തീരുമാനിച്ചിരിക്കുന്നു. പദ്ധതിയുടെ പ്രവത്തനങ്ങളിൽ പൊതുജനങ്ങൾ നേരിട്ടു പങ്കെടുക്കത്തക്കവിധം കമ്മിററികളിലേക്കു് അനുദ്യോഗസ്ഥന്മാരെ ഗവർമ്മെൻറ് നോമിനേററുചെയ്യുന്നതാണ്.

---



പശ്ചിമജമ്മനിയിലെ ഭരണമേധാവി ഡോക്ടർ അഡെനേവൂർ

---

### നിമ്മല കോളെജ്

മൂവ്വാററുപുഴ നിമ്മലകോളെജ് സാഹിത്യസമാജങ്ങളുടെ ഉദ്ഘാടനം സെപ്ററംബർ 12-ാംനു തിരുവിതാംകൂർ സവ്വകലാശാല പ്രൊ വൈസ് ചാൻസലർ ശ്രീ പി. ആർ. പരമേശ്വരപ്പണിക്കർ നിവ്വഹിച്ചിരിക്കുന്നു.

### നിയമസഭയിലെ കക്ഷിനില

തി. ത. നാ. കോൺഗ്രസ്സ് കോൺഗ്രസ്സുമായുള്ള ബന്ധം വിടുത്തിയാൽ നിയമസഭയിലെ കക്ഷിനില ഇപ്രകാരമായിരിക്കും.

| | |
|---|---|
| കോൺഗ്രസ്സ് | 47 |
| ഐക്യമുന്നണി | 32 |
| തി. ത. നാ. കോ. | 9 |
| പി. എസ്. പി. | 11 |
| സ്വതന്ത്രർ | 10 |
| ആകെ | 109 |

### തമിഴ്നാടു കോൺഗ്രസ്സിൻെറ തീരുമാനം

തിരു. ത. നാ. കോൺഗ്രസ്സും ഇൻഡ്യൻ നാഷനൽ കോൺഗ്രസ്സുമായുള്ള നിയമസഭാബന്ധം വിടുത്താൻ സെപ്ററം. 13-ാം തീയതി നാഗർകോവിലിൽവച്ചു കൂടിയ തി. ത. നാ. കോൺഗ്രസ്സ് ജനറൽബോഡിയോഗം ഏകകണ്ഠമായി തീരുമാനിച്ചിരിക്കുന്നു. ഈ തീരുമാനത്തിൻെറ വെളിച്ചത്തിൽ മന്ത്രി ശ്രീ ചിദംബരനാഥനാടാർ തൻെറ മന്ത്രിപദം രാജിവച്ചുകൊണ്ടുള്ള കത്തു മുഖ്യമന്ത്രിയെ ഏല്പിക്കുന്നതാണെന്നു് അദ്ദേഹം പത്രപ്രതിനിധികളോടു പ്രസ്താവിച്ചു.

---

സിസ്റ്റർ അൽഫോൻസായുടെ മാദ്ധ്യസ്ഥതാൽ അപേക്ഷിച്ച കാര്യം സഫലമായതിനു കൃതജ്ഞത.

സി. ഡി. അന്ത, തൃശ്ശൂർ

---

## പുതിയ ഭക്ഷ്യ പാകവിധി

1, 2 ഭാഗങ്ങൾ. എരിവുള്ളതും മധുരമുള്ളതുമായ പലവിധ പലഹാരങ്ങൾ, പദാത്ഥങ്ങൾ, പായസങ്ങൾ, ചിത്രാന്നങ്ങൾ ഇവ ഏതു സമുദായക്കാക്കും പരിഷ്കരിച്ച രീതിയിൽ ഉണ്ടാക്കേണ്ടും ക്രമം വിവരിക്കുന്ന ബുക്കു്. വില 1 ക 4 ണ പോസ്റ്റേജ് 9 ണ

Manjeri N. G. Seetharamaiyar,
P. O. Thiruvachira, Via Kallai

---

## ഇൻഡ്യാ വാത്തകൾ

### മരണനികുതി പണമായിത്തന്നെ ഈടാക്കും

എസ്റ്റേററുഡ്യൂട്ടി (മരണനികുതി) പണത്തിനുപകരം ഭൂസ്വത്തായോ കമ്പനി ഓഹരികളായോ സ്വീകരിക്കണമെന്നു് അവതരിപ്പിക്കപ്പെട്ട ഭേദഗതി കേന്ദ്രജനസഭ തള്ളിക്കളഞ്ഞിരിക്കുന്നു. ഇതു സംബന്ധിച്ച ധനകായ്യമന്ത്രിയുടെ പ്രസ്താവനയിൽ, പഞ്ചവത്സരപദ്ധതി നടപ്പിലാക്കുവാൻ ഗവമ്മെണ്ടിനു പണമാവശ്യമാണെന്നും ഷെയറുകളും കെട്ടിടങ്ങളും മററും ലഭിച്ചാൽ പോരെന്നും വ്യക്തമാക്കുകയുണ്ടായി.

### 3 പുതിയ കപ്പലുകൾ ഇന്ത്യയിൽ നിമ്മിക്കപ്പെടുന്നു

മൊത്തം 23000 ടൺ കേവുഭാരംവരുന്ന മൂന്നു കപ്പലുകൾ ഹിന്ദുസ്ഥാൻ ഷിപ്പ്യാർഡിൽ പണിതുകൊണ്ടിരിക്കുന്നുണ്ടെന്നു് കേന്ദ്രമന്ത്രി പാർലമെൻററിൽ പ്രസ്താവിച്ചിരിക്കുന്നു.

### വി. കെ. കെ. മേനോൻ

ബ്രിട്ടനിലെ ഇൻഡ്യൻഹൈക്കമ്മീഷണറായിരുന്ന മി. വി. കെ. കൃഷ്ണമേനോൻ മദ്രാസിൽ നിന്നു കേന്ദ്രകൗൺസിൽ ഓഫ് സ്റ്റേററിലേക്കു് തിരഞ്ഞെടുക്കപ്പെട്ടതിനെത്തുടന്നു് സെ. 7-ാംനു അദ്ദേഹം സത്യപ്രതിജ്ഞ നടത്തിയിരിക്കുന്നു.

### 20 ലക്ഷം അന്ധന്മാർ

ഇന്ത്യയിൽ ഇന്നു് ഉദ്ദേശം 20 ലക്ഷം അന്ധന്മാരുണ്ടെന്നു് കേന്ദ്രമന്ത്രി മൗലാനാ ആസാദ് പാർലമെൻററിൽ വെളിപ്പെടുത്തിയിരിക്കുന്നു.

### വിദ്യാഭ്യാസസമ്പ്രദായം ഉടച്ചുവാക്കണമെന്ന്

ഇന്ത്യയിലെ വിദ്യാഭ്യാസത്തിൻെറ വീക്ഷണഗതിക്കു് അടിസ്ഥാനപരമായിത്തന്നെ ഒരു മാററം ആവശ്യമായിരിക്കുന്നെന്നും ഇപ്പോഴത്തെ വിദ്യാഭ്യാസസമ്പ്രദായം സമൂലം ഒന്നുടച്ചുവാക്കേണ്ടതുണ്ടെന്നും പ്രസിഡണ്ടു് രാജേന്ദ്രപ്രസാദു് ഡൽഹിയിൽ വച്ചു് ചെയ്ത ഒരു പ്രസംഗത്തിൽ പ്രസ്താവിച്ചിരിക്കുന്നു.

## വിദേശവാത്തകൾ

### റഷ്യ ശക്തിസംഭരിക്കുന്നു

19 വയസ്സുള്ള യുവാക്കന്മാരെ സൈനികസേവനത്തിനു വിളിച്ചുകൊണ്ടു് സോവ്യററു രാജ്യരക്ഷാമന്ത്രി ഒരുത്തരവു പുറപ്പെടുവിച്ചിരിക്കുന്നതായി മോസ്കോ റേഡിയോ വെളിപ്പെടുത്തിയിരിക്കുന്നു.

### പോളിഷ് ഉദ്യോഗസ്ഥൻെറ പ്രസ്താവന

കൊറിയയിലെ യുദ്ധത്തടവുകാരെ സൂക്ഷിക്കുന്ന നിഷ്പക്ഷരാജ്യസൈന്യത്തിൽപ്പെട്ട ജാൻഹാജ് ഡൂക്കിവിസ് എന്ന പോളിഷ് ഉദ്യോഗസ്ഥൻ തൻെറ സൈന്യവിഭാഗത്തെ പരിത്യജിച്ചു് കൊറിയയിലെ അമേരിക്കൻ സൈന്യത്തിൻെറ പക്കൽ അഭയംതേടിയിരിക്കുന്നു. അദ്ദേഹം ചെയ്ത ഒരു പ്രസ്താവനയിൽ, പോളണ്ടു് ഒരു യുദ്ധത്തിനൊരുങ്ങിക്കൊണ്ടിരിക്കുകയാണെന്നും അവിടുത്തെ വ്യവസായങ്ങളെല്ലാം അതിനുവേണ്ടിയാണ് പ്രവത്തനം നടത്തിക്കൊണ്ടിരിക്കുന്നതെന്നും വ്യക്തമാക്കുകയുണ്ടായി.

### ദക്ഷിണകൊറിയയിൽ

ദക്ഷിണകൊറിയൻ ആഭ്യന്തരകാര്യമന്ത്രിയേയും കൃഷിവകുപ്പുമന്ത്രിയേയും, അമിതമായി നികുതി വസൂലാക്കി എന്ന കാരണത്താൽ പ്രസിഡണ്ടു് സിംഗ്മൻറീ ഡിസ്മിസ് ചെയ്തിരിക്കുന്നു. ദക്ഷിണകൊറിയൻ റിപ്പബ്ലിക്കിൽ നിലവിലുള്ള എല്ലാ യുവജനസംഘടനകളേയും, അവയിലുള്ള അഴിമതികളും ഭിന്നതകളും പരിഗണിച്ചു്, പിരിച്ചുവിട്ടിരിക്കുന്നതായും പ്രസിഡണ്ടു് പ്രഖ്യാപിച്ചിരിക്കുന്നു.

### ഐക്യരാഷ്ട്ര ജനറൽ അസംബ്ലി പ്രസിഡണ്ടു്

ഐക്യരാഷ്ട്ര ജനറൽ അസംബ്ലിയുടെ ഇത്തവണത്തെ സമ്മേളനത്തിൽവച്ചു് പുതിയ പ്രസിഡണ്ടിൻെറ തിരഞ്ഞെടുപ്പുനടക്കുന്നതാണ്. ഇപ്രാവശ്യത്തെ പ്രസിഡണ്ടുസ്ഥാനാത്ഥികൾ ഇൻഡ്യയിലെ മിസ്സിസ് വിജയലക്ഷ്മി പണ്ഡിററും തായ്ലണ്ടു് വിദേശകാര്യമന്ത്രിയായ പ്രിൻസ് വാൻവൈത്തായകോനുമാണ്.

### ലോകത്തിൽ പകുതിയും അക്ഷരജ്ഞാനമില്ലാത്തവർ

ലോകത്തിലെ ജനങ്ങളിൽ പകുതിഭാഗത്തിനു് എഴുതുവാനൊ വായിക്കുവാനൊ അറിഞ്ഞുകൂടെന്നും ആകെയുള്ള കുട്ടികളിൽ പകുതിയോളം ഭാഗത്തിനു് വിദ്യാലയങ്ങളേ ഇല്ലെന്നും ഐക്യരാഷ്ട്രസമിതിയുടെ ഒരു റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു.

### മാർട്ടിൻ പി. ഡക്കിൻ രാജിവച്ചു

അമേരിക്കൻ കാബിനററിലെ അംഗവും ഡെമൊക്രാററു് പാർട്ടിയിലെ അംഗവുമായ മി. മാർട്ടിൻ പി. ഡക്കിൻ തൻെറ മന്ത്രിസ്ഥാനം രാജിവച്ചിരിക്കുന്നു. ഐസനോവർ കാബിനററിലെ ഏക കത്തോലിക്കാംഗം ഇദ്ദേഹമായിരുന്നു.

### പരി: പിതാവിൻെറ പ്രഭാഷണം

ഏതുവിധത്തിലുമുള്ള വന്ധ്യീകരണത്തെ (Sterilization) നിരോധിച്ചുകൊണ്ടുള്ള കത്തോലിക്കാസഭയുടെ നില മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് ഒരുസംഘം ശാസ്ത്രജ്ഞന്മാരെ അഭിമുഖീകരിച്ചു ചെയ്ത പ്രസംഗത്തിൽ ആവത്തിച്ചു പ്രഖ്യാപിക്കയുണ്ടായി. മനുഷ്യകുലത്തെ സംബന്ധിച്ചിടത്തോളം വംശസംസ്കാരശാസ്ത്രം (Eugenics) അഭേദ്യമായ ധാർമ്മികനിയമങ്ങൾക്കു വിധേയമായിരിക്കണമെന്നു തിരുമേനി പ്രസ്താവിച്ചു.

# മാർ ഈവാനിയോസ് തിരുമനസ്സിലെ കത്തുകളും പ്രസംഗങ്ങളും

(ഫാദർ തോമസ്സ് ഇഞ്ചയ്ക്കലോടി)

II

വിവിധമതസ്ഥരും ഔദാര്യനിധികളുമായ നിരവധി സഹൃദയരുടെ സംഭാവനയാലാണു് ബഥനി ആശ്രമവും മഠവും സമാരംഭിക്കുന്നതിനും അവ ശ്രേയസ്കരമായി നടത്തിക്കൊണ്ടുപോകുന്നതിനും മാർ ഈവാനിയോസു തിരുമേനിക്കു് സാധിച്ചിട്ടുള്ളതു്. ബഥനിയോടു് അനുബന്ധിച്ചുണ്ടായിരുന്ന സ്വത്തുക്കൾ യാതൊരു സഭയുടേയും ട്രസ്റ്റിൽ ഉൾപ്പെടുത്താതെ സ്വതന്ത്രനിലയിൽത്തന്നെ പരിപാലിച്ചുകൊണ്ടുപോകുന്നതിൽ അഭിവന്ദ്യ തിരുമേനി അതീവശ്രദ്ധ പതിപ്പിച്ചിരുന്നു. ബഥനിസ്വത്തുക്കൾ വന്ദ്യതിരുമേനി ഉൾപ്പെട്ടിരുന്ന ഓർത്തഡോക്സുസഭ (മെത്രാൻ കക്ഷി) വകയായിരുന്നുവെങ്കിൽ സമുദായക്കേസിന്റെ വിധിയോടുകൂടെ യാക്കോബായ പാത്രിയർക്കീസിന്റെ ഭരണത്തിൻകീഴിൽ ബഥനി ആയിത്തീരുന്നതിനും തദ്വാരാ, അതിന്റെ പുരോഗമനം അതോടുകൂടെ നിലച്ചുപോകുന്നതിനും ഇടയായിത്തീരുമെന്നു് അതീവബുദ്ധിമാനായ തിരുമേനിക്കു് നല്ലതുപോലെ അറിയാമായിരുന്നു. ഓർത്തഡോക്സുസഭ വ്യവഹാരത്തിൽ പരാജയമടയുകയും, പ്രസ്തുതസഭയുടെ കൈവശമിരുന്ന പള്ളികളും വസ്തുക്കളും അന്യാധീനപ്പെടുകയും ചെയ്യുന്നപക്ഷം തങ്ങൾക്കു് ബഥനിയെങ്കിലും അഭയസ്ഥാനം ആയിരിക്കണമെന്നുള്ള ഉദ്ദേശം നിമിത്തമാണു് ബഥനിവക പള്ളികൾ സ്ഥാപിക്കുന്നതിനും അവയുടെ സ്വതന്ത്രനില സംരക്ഷിച്ചുകൊള്ളുന്നതിനും മാർ ഈവാനിയോസു തിരുമേനിയെ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസു തിരുമേനി അനുവദിച്ചതും ഉപദേശിച്ചതും.

ഏവംവിധം സ്വതന്ത്രനിലയിൽ നടത്തിക്കൊണ്ടിരുന്ന ബഥനിസ്ഥാപനം തന്റെ സഭാപരിവർത്തനത്തോടുകൂടെ കത്തോലിക്കാസഭയിൽ ലയിപ്പിക്കണമെന്നുള്ള ആഗ്രഹം മാർ ഈവാനിയോസു തിരുമേനിയിൽ ലവലേശം ഉണ്ടായിരുന്നില്ല. എന്നാൽ, ഓർത്തഡോക്സുസഭയിലെ മെത്രാന്മാരിലും വൈദികരിലും അത്മേനികളിലും ബഹുഭൂരിപക്ഷത്തിനും അപ്രകാരമുള്ള ഒരു ഭയമുണ്ടായിരുന്നുവെന്നു് അക്കാലത്തു ബഥനിക്കു് എതിരായുണ്ടായ അവരുടെ പ്രവർത്തനങ്ങളിൽനിന്നും പ്രസ്പഷ്ടമായിത്തീർന്നു. ഈ അവസരത്തിൽ കരണീയമായിട്ടുള്ളതു സ്വതന്ത്രമായ ഒരു ട്രസ്റ്റിന്റെ ഭരണത്തിൻകീഴിൽ ബഥനിസ്ഥാപനത്തെ ആക്കിത്തീർക്കുക എന്നതു മാത്രമാണെന്നു മാർ ഈവാനിയോസു തിരുമേനി നിശ്ചയിക്കുകയും അതിലേക്കുവേണ്ട നടപടികൾ നടത്തുകയുംചെയ്തു. ബഥനിയോടു അന്ത്യയാത്രപറഞ്ഞു് ഇറങ്ങിപ്പോരുന്നതിനു് സുമാർ അഞ്ചുമാസങ്ങൾക്കുമുമ്പു് ബഥനിക്കു് സംഭാവന നൽകിയിട്ടുള്ള വിവിധമതസ്ഥരായ മാന്യന്മാരുടെ ഒരു പൊതുയോഗം പെരുനാട്ടിൽ വിളിച്ചുകൂട്ടുകയും അവിടെവെച്ചു തെരഞ്ഞെടുത്ത ഒരു പുതിയ ട്രസ്റ്റിന്റെ കീഴിൽ ബഥനിസ്ഥാപനങ്ങളെ വിട്ടുകൊടുക്കുകയുമാണു് തിരുമേനി ചെയ്തതു്. പ്രസ്തുതയോഗത്തിൽ ബഥനിയുടെ സ്വതന്ത്രനിലയെ വിശദീകരിച്ചുകൊണ്ടു് സുദീർഘവും ശ്രദ്ധേയവുമായ ഒരു പ്രസംഗം മാർ ഈവാനിയോസു തിരുമനസ്സുകൊണ്ടു് നിർവ്വഹിക്കയുണ്ടായി. ആ പ്രസംഗത്തിന്റെ അവസാനത്തിൽ കത്തോലിക്കാസഭയെ ആശ്ലേഷിക്കുവാൻ താൻ ഉൾപ്പെടെയുള്ള ബഥനി ആശ്രമസ്ഥരും കന്യാസ്ത്രീകളും മററു് അനേകായിരങ്ങളും നിശ്ചയിച്ചിരിക്കുന്നതിന്റെ യഥാർത്ഥകാരണങ്ങൾ ഓരോന്നായി പ്രതിപാദിക്കുകയും, അവിടെ സന്നിഹിതരായിരുന്ന അകത്തോലിക്കാ നേതാക്കന്മാരെ കത്തോലിക്കാ പുനരൈക്യത്തിനായി സാദരം ക്ഷണിക്കുകയും ചെയ്തു. പ്രസ്തുത പ്രസംഗത്തിന്റെ അവസാനഭാഗമാണു് ചുവടെ ചേർക്കുന്നതു്.

"അവസാനമായി നമുക്കു നിങ്ങളോടു പറയാനുള്ളതു കത്തോലിക്കാപുനരൈക്യം സംബന്ധിച്ചു നമ്മെപ്പററി ഇയ്യിടെ എവിടെയും പ്രതിധ്വനിച്ചുകൊണ്ടിരിക്കുന്ന ശബ്ദഭേരിയെപ്പററിയത്രെ. ലോകൈകനാഥനായ യേശുക്രിസ്തു മനുഷ്യരുടെ ജീവന്മുക്തിക്കായി ലോകത്തിൽ ഒരു സഭ സ്ഥാപിച്ചു. ക്രമാനുഗതം അതു് അഭിവൃദ്ധിപ്പെട്ടു പുഷ്ടിപ്രാപിച്ചു വന്നിരുന്നു. ക്രിസ്ത്വബ്ദം 451-ാമാണ്ടിൽ സർവ്വലോകക്രിസ്തീയമതാദ്ധ്യക്ഷന്മാർ (ബിഷപ്പന്മാർ) ചേർന്നു നടത്തിയ ഒരു മഹായോഗത്തിൽ (കാൽസിഡോൻ സിന്നഡ്) വെച്ചു ക്രിസ്തീയസഭയിൽ ഒരു പിളർപ്പുണ്ടാകുവാൻ സംഗതിയായി. ന്യൂനപക്ഷക്കാരായ അപൂർവ്വം ചിലരുടെ അഭിപ്രായത്തിനു പ്രാബല്യമുണ്ടാകാഞ്ഞതിനാൽ ഉളവായ ദുരഭിമാനപ്രസക്തിയാണു ആ പിളർപ്പിനു കാരണമെന്നു് പ്രാചീനചരിത്രഗ്രന്ഥങ്ങൾ ഒന്നൊഴിയാതെ സാക്ഷീകരിക്കുന്നുണ്ടു്. ഭിന്നാഭിപ്രായക്കാരായി പിരിഞ്ഞുപോയവർ മറെറാരു സഭയായി രൂപീകരിക്കപ്പെട്ടു. കാലാന്തരത്തിൽ അതു അഭിപ്രായഭേദത്താലും സ്വാതന്ത്ര്യേച്ഛയാലും പലതായി വിഭാഗിക്കപ്പെട്ടു. ഇങ്ങനെ ഉണ്ടായിത്തീർന്ന വിവിധസഭകളിൽ ഒന്നിന്റെ പേരാണു യാക്കോബായസഭ എന്നു സംക്ഷിപ്തമായി പറയാം. ഏകദേശം ഇതുപോലെതന്നെയാണു കേരളത്തിലെ ക്രിസ്തുമതത്തിന്റെയും ചരിത്രമെന്നു നാം ഗൗനിക്കേണ്ടതുണ്ടു്. യേശുക്രിസ്തുവിന്റെ പ്രേഷ്ഠശിഷ്യരിൽ ഒരാളായ മാർത്തോമാശ്ലീഹാ എന്ന പുണ്യാത്മാവിന്റെ തൃപ്പാദസ്പർശനത്തോടുകൂടിയാണു് കേരളത്തിൽ ക്രിസ്തുമതത്തിന്റെ ഉത്ഭവമെന്നു പറയേണ്ടതില്ലല്ലോ. 17-ാം നൂററാണ്ടുകാലംവരെയും, ക്രിസ്ത്യാനികളായിത്തീർന്ന കേരളീയരാസകലം ഒരു വമ്പിച്ച തറവാട്ടിലെ അംഗങ്ങളെന്നുള്ള നിലയിൽ ഏകയോഗക്ഷേമപൂർവ്വം വർത്തിച്ചുപോന്നു. അങ്ങനെയിരിക്കവെയാണു നിസ്സാരമായ ഒരു കാരണത്തിന്മേൽ — അവാസ്തവമായ ഒരു കിംവദന്തിയെ അടിസ്ഥാനമാക്കിക്കൊണ്ടു് — ഏതാനുംപേർ അതിൽനിന്നു ഭിന്നിച്ചുപോവുകയുണ്ടായതു്. മതവിശ്വാസപരമായ യാതൊരു കാരണത്താലുമല്ല ഈയൊരു പിളർപ്പുണ്ടായതെന്നു് ഇവിടെ അനുസ്മരിക്കേണ്ടതുണ്ടു്. പിരിഞ്ഞുപോയവർക്കു "പുത്തൻകൂററുകാർ" എന്നും മററവർക്കു് "പഴയകൂററുകാർ" എന്നും പേരുകളുണ്ടായി. പഴയകൂററുകാരുടെ മതാദ്ധ്യക്ഷൻ സർവ്വലോകക്രൈസ്തവസഭയുടെ പ്രധാനാദ്ധ്യക്ഷന്മാരുടെ ശിരോമകുടമായ മാർപ്പാപ്പയത്രെ. സ്ഥിരമായ ഒരു മതാദ്ധ്യക്ഷൻ ഇല്ലായ്കയാൽ പുത്തൻകൂററുകാർ വളരെ വിഷമിക്കാൻ തുടങ്ങി. തന്നിവാരണാർത്ഥം ചെയ്ത അപേക്ഷയുടെ ഫലമായി യാക്കോബായസഭയുടെ അദ്ധ്യക്ഷൻ (പാത്രിയർക്കീസു്) കേരളത്തിലെ പുത്തൻകൂററുകാരുടെ പരമാദ്ധ്യക്ഷസ്ഥാനം കൈയേററു. അന്നുമുതൽ ഇന്നോളമുള്ള പുത്തൻകൂററുകാരുടെ ചരിത്രം പരിശോധിക്കുന്നപക്ഷം അനവരതമായ അന്തശ്ഛിദ്രത്തിന്റെയും മത്സരവ്യവഹാരാദികളുടെയും കേളീരംഗമായിട്ടുതന്നെയാണു് അതു പരിണമിക്കുകയുണ്ടായതെന്നു കാണാം. ആദ്യമായി അതിൽനിന്നു ഏതാനുംപേർ പിരിഞ്ഞതു നിമിത്തം "തൊഴിയൂർ സഭ" (അഞ്ഞൂർ സഭ) സംജാതമാകാൻ സംഗതിയായി. അനന്തരകാലത്തിൽ കുറെപ്പേർ ആംഗ്ലേയസഭയുടെ അംഗങ്ങളായി ചേർന്നു പിരിഞ്ഞു. പില്ക്കാലത്തു സുദീർഘമായ ഒരു വ്യവഹാരത്തിനുശേഷം കുറെയധികംപേർ ഒന്നായി പിരിഞ്ഞുപോകുകയും, അവർ "മാർത്തോമ്മാ" എന്ന പേരിൽ സ്വതന്ത്രരാകുകയും ചെയ്തു. അനന്തരം അമ്പതു സംവത്സരം തികയുന്നതിനകമായി ഉണ്ടായതത്രെ യാക്കോബായസഭയിൽ ഇപ്പോൾ കാണുന്ന വിഭാഗങ്ങളും വ്യവഹാരങ്ങളും. "ബാവാകക്ഷി", "മെത്രാൻകക്ഷി" എന്നപേരിൽ അതു പ്രബലമായ രണ്ടു സൈന്യപംക്തികളെന്നവണ്ണം പരസ്പരം തുടങ്ങിയ ദ്വന്ദ്വയുദ്ധം ഇന്നും സമാപ്തിയടഞ്ഞിട്ടില്ലല്ലോ.

ഇതിൽ മെത്രാൻകക്ഷിവിഭാഗത്തിൽ ആദ്യകാലത്തു് ഉൾപ്പെടാൻ ഇടയായ നാം അതിന്റെ അഭിവൃദ്ധിക്കും ഉദ്ദേശത്തിനും ഒത്തവണ്ണം യഥാമതി പലതും പ്രവർത്തിച്ചുവെന്നും, നമ്മുടെ ആ സമുദായസേവനംതന്നെയാണു് ഇദംപ്രഥമമായി യാക്കോബായസഭയുടെ അടിത്തട്ടു കാണുവാൻ നമുക്കിടയാക്കിയതെന്നും, അതിനാൽമാത്രമാണു് സ്വദേശം വിട്ടു് സെറാമ്പൂർക്കു പോയതും, അവിടെവച്ചു യാക്കോബായസഭയുമായി ബന്ധമില്ലാത്തവിധം ബഥനി സ്ഥാപിപ്പാൻ നമുക്കു ഇടവരുത്തിയതുമെന്നും നിങ്ങൾ വേണ്ടപോലെ അറിഞ്ഞിട്ടുള്ളതാണു്.

നിശ്ചിതസ്ഥലത്തെത്തുന്നതിൻ കല്ലുംമുള്ളും സദാ ഉണ്ടായിക്കൊണ്ടിരിക്കുന്ന വഴിയിലൂടെ പോകാതെ വെട്ടിത്തെളിച്ചിട്ടുള്ള ശരിയായ ഒരു വഴിയുണ്ടെന്നറിഞ്ഞാൽ ഏതൊരു പാന്ഥനും അതിലൂടെ യാത്രചെയ്യാൻ ഇഷ്ടപ്പെടുമെങ്കിൽ സാർവ്വത്രിക കാതോലിക്കാസഭയുമായി പുനരൈക്യപ്പെടുന്നതിനെപ്പററി നാം ചെയ്ത ആലോചനകളും പരിശ്രമങ്ങളും ആക്ഷേപാർഹമെന്നു നിങ്ങളിലാരും വിധിക്കുമെന്നു നമുക്കു തോന്നുന്നില്ല. ക്രിസ്തുവിന്റെ ആദർശത്തെ പ്രമാണിക്കുകയെന്നതാണു് ഒരു ക്രിസ്ത്യാനിയുടെ ധർമ്മമെങ്കിൽ, അതിനു പ്രതിബന്ധമായി കാണപ്പെടുന്ന സകലത്തേയും അവഗണിച്ചു പ്രവർത്തിപ്പാൻ അവനു കടമയുണ്ടു്. ഓരോരുത്തരുടെ അഭിരുചിക്കും അഭിപ്രായത്തിനും എന്നുതന്നെയല്ല, ദുരഭിമാനത്തിനും ക്രിസ്തുമതം വിധേയമായിരുന്നുകൂടാത്തതത്രെ. ഇതിനെ കാര്യമായി ഗൗനിക്കുന്നവരാണു് ക്രിസ്ത്യാനികളെങ്കിൽ ക്രിസ്തുമതത്തിൽ ഇത്രയധികം ശാഖകളോ വിഭാഗങ്ങളോ ഉണ്ടാകുവാൻ ഇടയുള്ളതല്ല. പൂർവ്വാപരവിരുദ്ധങ്ങളായ ധർമ്മോപദേശങ്ങൾ ക്രിസ്തു ചെയ്തിട്ടില്ലാത്തസ്ഥിതിക്കു് ഒന്നിൽനിന്നു് പലതായി പൊട്ടിത്തെറിച്ചിട്ടുള്ള ഓരോ വിഭാഗത്തിന്റെയും മലിനമായ അസ്ഥിവാരം നമുക്കു കാണാൻ കഴിയുന്നതായിരിക്കും.

ക്രൈസ്തവസഭയുടെ സാക്ഷാൽ ഉടൽ സാർവ്വത്രികസഭയാണെന്നുള്ളതു നിർവ്വിവാദമത്രെ. സാക്ഷാൽ തായ്ത്തടിയിൽനിന്നു ഛേദിക്കപ്പെടുന്ന ഏതൊരു ശാഖയ്ക്കും ജീവച്ഛക്തി ലഭിക്കാവുന്നതല്ല. ഈ സാമാന്യതത്വം ക്രൈസ്തവസഭയിലെന്നതുപോലെ മററവിടെയും കാണുന്നുണ്ടോ എന്നു സംശയം. അജ്ഞതകൊണ്ടോ, ദുരഭിമാനപ്രസക്തിയാലോ അല്ലെങ്കിൽ ദുസ്സ്വാതന്ത്ര്യകാംക്ഷനിമിത്തമോ മാത്രം സാർവ്വത്രികസഭയിൽനിന്നു ഇതരക്രിസ്ത്യാനികൾ അകന്നുനില്ക്കുന്നുവെന്നേ നാം വിചാരിക്കുന്നുള്ളു. ഈവിധത്തിൽ ക്രൈസ്തവസഭയുടെ അന്തർഭാഗത്തേക്കു നാം ദൃഷ്ടി പതിപ്പിച്ചിട്ടുണ്ടെന്നു നാം തുറന്നു പറയട്ടെ. അതിന്റെ ഫലമത്രെ സാർവ്വത്രികസഭയുമായുള്ള പുനരൈക്യാലോചനയെന്നു പറയാം. നമ്മെപ്പോലെ യാക്കോബായസഭയിൽ ജനിച്ചു വളർന്നവരാണെങ്കിലും വേറെ ചിലർക്കും ഈയൊരു ഉൽബോധനം ഉണ്ടായിട്ടുള്ളതായി നിങ്ങളിൽ ചിലരെങ്കിലും അറിഞ്ഞിരിക്കാം. നിര്യാതനായിപ്പോയ രണ്ടാമത്തെ കാതോലിക്കോസിനു് ഈ വിഷയത്തിലുള്ള ആകാംക്ഷയും അക്ഷമതയും എത്രമാത്രമായിരുന്നുവെന്നു് നമുക്കു നല്ലപോലെ അറിവുണ്ടു്. ഇപ്പോഴത്തെ കാതോലിക്കോസും ഇതൊന്നുമാത്രമേ സൈ്വരമായ ക്രിസ്തീയജീവിതത്തിനു് നിദാനമായിട്ടുള്ളുവെന്നു ബോദ്ധ്യംവന്നിട്ടുള്ള ദേഹമത്രെ. ഞങ്ങൾ മൂവരുടെയും ആലോചനകളുടെ ഫലമായി ഇതു സംബന്ധിച്ചു പല കത്തെടപാടുകളും നടക്കുകയുണ്ടായിട്ടുണ്ടു്. ദൈവത്തിനെത്രയോ പ്രസാദകരമായിരിക്കാവുന്ന ഈ പ്രസ്ഥാനത്തെ മലങ്കരമെത്രാപ്പോലീത്തായും അനുകരിക്കുമെന്നുള്ള പ്രതീക്ഷയിന്മേൽത്തന്നെ ഞങ്ങൾ എഴുത്തുകുത്തുകൾ ആരംഭിച്ചു. മാർപ്പാപ്പാ തിരുമനസ്സിലെ പരമാധികാരം സമ്മതിക്കുന്നതും സാർവ്വത്രികസഭയിൽ ഉൾപ്പെട്ടതുമായ ഒരു പ്രത്യേകവിഭാഗമായി കഴിഞ്ഞുകൂടുവാനും, ഞങ്ങൾക്കോരോരുത്തർക്കുമുള്ള വൈദികസ്ഥാനങ്ങളെ യഥാപ്രകാരത്തിൽ വകവെപ്പാനും, ഇതുപര്യന്തം ഉപയോഗിച്ചുവന്നിട്ടുള്ള ആരാധനാരീതികളും മതകർമ്മങ്ങളും മേലിലും നടത്തിക്കൊണ്ടുപോകുവാനുമുള്ള അനുമതിയാണു് ഞങ്ങൾ ആഗ്രഹിക്കുകയും പ്രതീക്ഷിക്കുകയും ചെയ്തുവന്നതു്. എഴുത്തുകുത്തുകൾ നടത്തിവന്നിട്ടുള്ളതു് നാം ആണെങ്കിലും അതു് ഒരു പ്രതിപുരുഷനെന്നുള്ള നിലയിൽ മാത്രമായിരുന്നുവെന്നും, ഞങ്ങൾ എല്ലാവരും ചേർന്നു നടത്തിയ ആലോചനകളുടെ ഫലമാണു് നമ്മുടെ കത്തുകൾ എന്നുമുള്ളതിനു് അവയ്ക്കോരോന്നിനും ലഭിച്ചതായി നമ്മുടെ കൈവശമുള്ള മറുപടിക്കത്തുകൾതന്നെ ആധാരങ്ങളാണു്. കാതോലിക്കാ പുനരൈക്യംസംബന്ധിച്ചു ഇതിനുമുമ്പു മലങ്കര യാക്കോബായസഭയിലെ ആത്മീയാദ്ധ്യക്ഷന്മാരിൽ ചിലർ ശ്രമംചെയ്തുണ്ടായിട്ടുണ്ടെന്നുള്ളതു് ഈ ഘട്ടത്തിൽ സ്മരണീയമത്രെ. ഇവരിൽ ചിലരുടെ പേരുകൾ ഉദ്ധരിക്കുന്നതു് ഇവിടെ അസംഗതമായിരിക്കുകയില്ല. 1909-ൽ നിര്യാതനായ പുലിക്കോട്ടു മാർ യൗസേപ്പ് ദീവന്നാസ്യോസ്, അദ്ദേഹത്തിനു പത്തുമുപ്പതുകൊല്ലത്തിനുമുമ്പു് മലങ്കര മെത്രാപ്പോലീത്തായായിരുന്ന ചേപ്പാട്ടു് മാർ ദീവന്നാസ്യോസ്, 1770-ൽ വലിയ മാർ ദീവന്നാസ്യോസ് എന്ന അപരാഭിധാനത്തിൽ വാണിരുന്ന 6-ാം മാർ തോമ്മാ, അദ്ദേഹത്തിന്റെ മുൻഗാമിയായിരുന്ന 5-ാം മാർ തോമ്മാ ആദിയായി പലരും ഈ വിഷയത്തിൽ യഥാമതി യത്നം ചെയ്തിട്ടുള്ളതായി മലങ്കര യാക്കോബായ സഭാചരിത്രം വിശദപ്പെടുത്തുന്നുണ്ടല്ലോ. ഏവംവിധമായ അവരുടെ പരിശ്രമം ആദരണീയവും സ്തുത്യർഹവുമാണെന്നു പരക്കെ സമ്മതിക്കപ്പെട്ടിരിക്കുന്ന സ്ഥിതിക്കു്, ഞങ്ങളുടെ പുനരൈക്യാലോചനകളുടെ ഉദ്ദേശവും അതിന്റെ പരിശുദ്ധിയും തന്നെ ബോദ്ധ്യപ്പെടാതിരിക്കുന്നതല്ലെന്നു ഞങ്ങൾക്കു വിശ്വാസമുണ്ടു്.

യാക്കോബായസഭയ്ക്കും റോമൻകത്തോലിക്കാസഭയ്ക്കും തമ്മിൽ അന്തർലീനമായ ഒരു ബന്ധമുണ്ടെന്നുള്ള വാസ്തവം നിങ്ങൾ ഗ്രഹിച്ചിരിക്കാം. ഇരുസഭകളിലുമുള്ള വൈദികാദ്ധ്യക്ഷന്മാരുടെ സ്ഥാനസാധുത്വത്തെ ഇരുഷൽ ഭേദംകൂടാതെ അന്യോന്യം വകവയ്ക്കുന്നുണ്ടെന്നും ഇരുകൂട്ടരും മതകർമ്മങ്ങൾക്കു പരസ്പരം മാററു കല്പിക്കുന്നുണ്ടെന്നും നിങ്ങൾക്കു് അറിവുള്ളതാണല്ലോ. അഞ്ചാം ശതകത്തിൽ യാക്കോബായക്കാർ കത്തോലിക്കാസഭയിൽനിന്നു പിരിഞ്ഞുപോകയാൽ അവർ ശീശ്മക്കാരായിത്തീർന്നിരിക്കുന്നതു നിമിത്തം അവർക്കു കത്തോലിക്കാസഭയുമായി സംസർഗ്ഗം ഇല്ലാതിരിക്കുന്നു. ഈദൃശമായ ദുഃസ്ഥിതി ഭേദപ്പെട്ടു് യാക്കോബായക്കാരും, ഓർത്തഡോക്സ്കാരും, ഗ്രീക്കുകാരും, അർമേനിയൻകാരുംമററും ഒന്നായികാതോലിക്കാസഭയുമായി യോജിച്ചു് പൊതുവായ ഒരു അദ്ധ്യക്ഷനെ സ്വീകരിക്കുകയും "ഒരു ആട്ടിൻകൂട്ടവും ഒരു ഇടയനും" എന്നുള്ള വേദോക്തി പ്രായോഗികമായിത്തീരുകയും ചെയ്യത്തക്കവണ്ണമുള്ള ഒരു സൗഭാഗ്യാവസ്ഥ ക്രൈസ്തവലോ

"കാലസിന്റെ കൊലയറ!"

## ഒരു മെക്സിക്കൻ രക്തസാക്ഷി

അഥവാ

കാലസ്സിന്റെ കാലത്തെ മതപീഢനത്തിൽ വീരചരമം വരിച്ച ഫാദർ പ്രോയുടെ ജീവചരിത്രം.

ക്രൗൺ 8-ൽ 100 പേജുള്ള ഈ വിശിഷ്ടഗ്രന്ഥത്തിനു വില 12ണ. മാത്രം. എൽ. എഫ്. പ്രസ്സ്, തേവര; എൽ. എഫ്. ബുക്ക്സ്റ്റാൾ, എറണാകുളം-1; മൂക്കന്നൂർ ഓർഫനേജ് ബുക്ക്ഡിപ്പൊ, എറണാകുളം-1 എന്നീ സ്ഥലങ്ങളിൽ നിന്നും ലഭിക്കാവുന്നതാണു്. വി. പി. ചാർജ്ജ് പുറമെ. വില മുൻകൂർ അയക്കുന്നവർക്കു പോസ്റ്റേജ് സൗജന്യം.

കത്തിനുണ്ടാകണമെന്നു് ഞങ്ങൾ അഗ്രഹിച്ചിട്ടുണ്ടു്; ആഗ്രഹിക്കുന്നുമുണ്ടു്. അതിനാൽത്തന്നെയാണു് സിറിയാരാജ്യത്തു് ബെയ്‌റൂട്ടിൽ താമസിക്കുന്ന മോറാൻ മോർ ഇഗ്നാത്തിയോസ് റഹമാനി പാത്രിയർക്കീസുമായി ഞങ്ങൾ കത്തെടപാടുകൾ നടത്തിവരികയുണ്ടായിട്ടുള്ളതു്. ഇദ്ദേഹം കാതോലിക്കാസഭയിലുള്ള അന്ത്യോക്യാ പാത്രിയർക്കീസാണെന്നു പറയേണ്ടതില്ലല്ലോ.

പുനരൈക്യം സംബന്ധിച്ചു പ്രത്യേകം ചില കാര്യങ്ങൾ യാക്കോബായക്കാരായി ഇവിടെ സന്നിഹിതരായിട്ടുള്ള സുഹൃജ്ജനങ്ങൾ ഗ്രഹിച്ചിരുന്നാൽ കൊള്ളാമെന്നു നാം ആഗ്രഹിക്കുന്നു.

യാക്കോബായക്കാരുടെ കാനോൻപുസ്തകത്തിൽ താഴെപ്പറയുന്ന ഒരു വാചകം ഉണ്ടു: "ലോകത്തിന്റെ നാലുഭാഗങ്ങളിലുമായി നാലു പാത്രിയർക്കീസന്മാർ ഉണ്ടായിരിക്കണം. അവരെല്ലാവരുടെയും തലവനും നേതാവും (നേതാവായ തലവൻ എന്നു പാഠഭേദമുണ്ടു്) റോമിലെ പാത്രിയർക്കീസായിരിക്കണം." അലക്സാന്ത്രിയായിലെ (Alexandria) പാത്രിയർക്കീസും, കുസ്തന്തിനോസ് (Constantinople) പാത്രിയർക്കീസും, അന്ത്യോക്യയിലെ (Antioch) പാത്രിയർക്കീസും റോമിലെ പാത്രിയർക്കീസിനെ അഥവാ മാർപ്പാപ്പായെ തങ്ങളുടെ നേതാവും തലവനുമായി അംഗീകരിക്കേണ്ടതാണെന്നും ഈ ഭാഗത്തു വ്യക്തപ്പെടുത്തുന്നുണ്ടു്. യാക്കോബായക്കാരുടെ പ്രാർത്ഥനാപുസ്തകം പരിശോധിക്കുന്നപക്ഷം റോമിലെ പാത്രിയർക്കീസായ മാർപ്പാപ്പാ വിശുദ്ധനായ പത്രോസിന്റെ യഥാർത്ഥ അനന്തരഗാമിയാണെന്നും, വിശുദ്ധ പത്രോസ് റോമിൽവച്ചു് മരിച്ചുവെന്നും സാക്ഷീകരിക്കുന്നു. ഇവയ്ക്കുപുറമേ, "ഭൂമിയുടെ നാലുഭാഗങ്ങളിലുമുള്ള ദൈവത്തിന്റെ സഭയെ ഭരിക്കുന്നവരായ സർവ്വ മേല്പട്ടക്കാർക്കുംവേണ്ടി" യാക്കോബായസഭയിൽ വിശുദ്ധ കുർബാനമദ്ധ്യേ കഴിക്കപ്പെടുന്ന പ്രാർത്ഥനയെ ഗൗനിക്കുന്നപക്ഷവും പ്രസ്തുത നാലു പാത്രിയർക്കീസന്മാർക്കും സത്യവിശ്വാസികളായ സകല മേല്പട്ടക്കാർക്കും തമ്മിൽ പരസ്പരം ഉള്ള ഐക്യം വിശദമാകുന്നതുമുണ്ടു്.

ഈ പറഞ്ഞതിൽനിന്നു കാതോലിക്കോസോ, ബഥനി മെത്രാപ്പോലീത്തായോ നാമോ കാതോലിക്കാപുനരൈക്യം സംബന്ധിച്ചു ആലോചിക്കുകയും പ്രവർത്തിക്കുകയും ചെയ്തിട്ടുള്ളതു യാക്കോബായക്കാരുടെ ദൃഷ്ടിയിൽ കുറ്റകരമായിരിപ്പാൻ ഇടയുള്ളതല്ലല്ലോ.

മറ്റൊരു സംഗതികൂടി പ്രസ്താവിച്ചുകൊണ്ടു സുദീർഘമായ നമ്മുടെ പ്രസംഗത്തെ നാം അവസാനിപ്പിച്ചുകൊള്ളാം. ബഥനിസന്യാസികൾ യാക്കോബായസഭയ്ക്കാകട്ടെ, റോമൻ കത്തോലിക്കാസഭയ്ക്കാകട്ടെ കാതോലിക്കോസിനാകട്ടെ നാം ഒരുനാളും അധീനമാക്കിക്കൊടുക്കുന്നതല്ലെന്നു നിങ്ങൾ ഗ്രഹിച്ചിരിക്കണം. ബഥനിയെ നാം സ്വതന്ത്രമായി സ്ഥാപിച്ചു. അവ്വണ്ണം അതു് എന്നെന്നും സ്വതന്ത്രമായിത്തന്നെ നിന്നുകൊണ്ടു് അതിന്റെ സ്ഥാപനോദ്ദേശത്തിനനുസരണമായ പരോപകാരപ്രവൃത്തികൾ ചെയ്യത്തക്കവണ്ണം ബഥനിസന്യാസികൾ വിനിയോഗിക്കപ്പെടണമെന്നുമാത്രമാണു് നമുക്കു് ഇപ്പോഴുള്ള അഭിലാഷം. നാം ബഥനിയുടെ സ്ഥാപകനാണെന്നു വരികിലും പലവിധത്തിൽ അതിനെ സഹായിച്ചിട്ടുള്ള നിങ്ങളുമായി ആലോചിച്ചു് ഇതുസംബന്ധമായി പ്രവർത്തിക്കണമെന്നു് ഉദ്ദേശിച്ചത്രെ നിങ്ങളെ നാം ഇവിടെ ക്ഷണിച്ചുവരുത്തീട്ടുള്ളതു്."

(ബഥനിയോഗം പുറം 60-68)

---

വേദശാസ്ത്രപംക്തി

# തിരുപ്പട്ടം

## വൈദികബ്രഹ്മചര്യം

സന്മാർഗ്ഗഭ്രംശംഭവിച്ച ചില വൈദികരില്ലേ? ആകയാൽ വൈദികർ വിവാഹിതരായിരിക്കുന്നതല്ലേ ഭേദം എന്നു ചോദിക്കുന്നവരുണ്ടു്. അതിനു ഫാദർ തേഴ്സ്റ്റൺ മറുപടി പറയുന്നതു് ഇപ്രകാരമാണു്: "വിവാഹം മനുഷ്യന്റെ ജഡികേച്ഛയ്ക്കു പരിധികൾ കല്പിക്കുന്നുണ്ടു്. എന്നാൽ മനുഷ്യവർഗ്ഗത്തിലെ ഒരു വലിയഭാഗമാളുകൾ അവയെ വിശ്വസ്തതാപൂർവ്വം പാലിക്കുന്നില്ല. എന്നിട്ടും ക്രിസ്തീയവിവാഹം നാം നിർത്തലാക്കുന്നില്ലല്ലോ. ഏകഭാര്യാത്വത്തിന്റെ സ്ഥാനത്തു ബഹുഭാര്യാത്വത്തെ പ്രതിഷ്ഠിക്കുന്നതായാൽ പരിഷ്കൃതജനതകൾ കൂടുതൽ സംശുദ്ധരും ചാരിത്ര്യമുള്ളവരും ആയി ഭവിക്കുമെന്നു് ആത്മാർത്ഥമായി വിശ്വസിക്കുന്നവർ ആരുമില്ല. വിവാഹം കഴിക്കുവാൻ കത്തോലിക്കാ പുരോഹിതന്മാർ അനുവദിക്കപ്പെടുകയാണെങ്കിൽ ഇടർച്ചകൾ കുറഞ്ഞിരിക്കുമെന്നോ വൈദികഗണം കൂടുതൽ ബഹുമാനിക്കപ്പെടുമെന്നോ വിചാരിക്കുവാൻ യാതൊരു ന്യായവും കാണുന്നില്ല." പല ക്രിസ്തീയ സഭാവിഭാഗങ്ങളിലെയും വൈദികർ വിവാഹിതരാണു്. എന്നിട്ടുമവർ പരിപൂർണ്ണമായും ആക്ഷേപങ്ങൾക്കു് അതീതരല്ല എന്ന സംഗതിയും സ്മരണാർഹമാണു്. സന്മാർഗ്ഗത്തിൽനിന്നു വ്യതിചലിച്ചവർ അവരുടെയിടയിലുമുണ്ടായിട്ടുണ്ടു്.

കത്തോലിക്കാ സഭാചരിത്രം പരിശോധിക്കുന്നപക്ഷം, വൈദികരുടെയിടയിൽ അവിടെയുമിവിടെയും ചില അധഃപതനങ്ങൾ ഉണ്ടായിട്ടുണ്ടെന്നു കാണാം. വൈദികപട്ടം വളരെയധികം വരപ്രസാദം പ്രദാനംചെയ്യുന്നുണ്ടെങ്കിലും, അതു മനുഷ്യന്റെ ബലഹീനതകളേയും ദുശ്ചാപല്യകളേയും കെടുത്തിക്കളയുന്നില്ല എന്നേ അതിനർത്ഥമുള്ളു. ദൈവാനുഗ്രഹങ്ങളോടു സഹകരിച്ചു യഥായോഗ്യം ജീവിക്കുവാൻ പരിശ്രമിക്കാത്തവൻ അധഃപതിക്കുന്നതിൽ ആശ്ചര്യപ്പെടുവാനില്ല. നൂറുശതമാനം വൈദികരും പരിപൂർണ്ണതാപഥത്തിൽ നിന്നു വ്യതിചലിക്കാത്തവരായിരിക്കുമെന്നു് ആരെങ്കിലും പ്രതീക്ഷിക്കുന്നെങ്കിൽ അവർക്കു മനുഷ്യപ്രകൃതിയെപ്പറ്റി ശരിയായ അറിവില്ലെന്നേ പറയേണ്ടു. നൂറുശതമാനംപേരും ആദർശനിഷ്ഠ പാലിക്കുന്ന ഒരു ജീവിതസ്ഥിതി ഭൂലോകത്തിൽ ഏതാണുള്ളതു്? ഒരുവിധത്തിൽ അല്ലെങ്കിൽ മറ്റൊരുവിധത്തിലുള്ള പരാജയങ്ങൾ എല്ലാ ജീവിതരംഗങ്ങളിലും കാണാം. ഗവൺമെന്റുദ്യോഗസ്ഥന്മാർ, വക്കീലന്മാർ, അദ്ധ്യാപകന്മാർ, കച്ചവടക്കാർ തുടങ്ങി വിവിധജോലികളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ഇടയിൽ, സ്വകർത്തവ്യങ്ങൾ അക്ഷരംപ്രതി അനുഷ്ഠിക്കുന്ന ആദർശസമ്പന്നർ വളരെപ്പേരുണ്ടു്. എന്നാൽ അവർ നൂറുശതമാനംപേരും അങ്ങനെയാണെന്നു് ആരും പറകയില്ല. അതുപോലെ, ഒരു ഗണത്തിൽപ്പെട്ട ഒരാൾ ഒരു തെറ്റു ചെയ്താൽ, ആ ഗണം മുഴുവനും അയാളെപ്പോലെയുള്ളതാണെന്നും ആരും പറകയില്ല. ഒരു ഡോക്ടർ തന്റെ അശ്രദ്ധനിമിത്തം ഒരാളെക്കൊന്നു എന്നു കരുതി എല്ലാ ഡോക്ടർമാരും "ആളെക്കൊല്ലി"കളാണെന്നു് പറയുന്നതു് അന്യായമായിരിക്കും. ഈ തത്വമനുസരിച്ചു്, ഒരു വൈദികൻ സന്മാർഗ്ഗപഥത്തിൽനിന്നു വ്യതിചലിക്കാനിടയായാൽത്തന്നെ, എല്ലാവരിലും ആ കുറ്റം ആരോപിക്കുന്നതും വൈദികഗണത്തെ പൊതുവിൽ അധിക്ഷേപിക്കുന്നതും അന്യായവും അനീതിയുമായിരിക്കും.

ബ്രഹ്മചര്യം പാലിക്കുക അസാദ്ധ്യമാണെന്നു പറയുന്നവർക്കു് നൽകാവുന്ന സമാധാനം അതു് അഭംഗം പാലിക്കുന്നവർ അനേകായിരംപേർ ഉണ്ടായിട്ടുണ്ടെന്നും ഇപ്പോഴുണ്ടെന്നുമാണു്. ബ്രഹ്മചാരികളായ യോഗീശ്വരന്മാർ ഹൈന്ദവരുടേയും മറ്റക്രൈസ്തവജാതിക്കാരുടേയും ഇടയിലുംഉണ്ടായിട്ടുണ്ടു്. ആ സ്ഥിതിക്കു് ദൈവത്തിന്റെ പ്രത്യേകവരപ്രസാദവും സംരക്ഷണവും പ്രാപിച്ചിരിക്കുന്നവരും നിത്യം വിശുദ്ധ കൂദാശകളെ കൈകാര്യം ചെയ്യുന്നവരും പ്രാർത്ഥനയിലും പ്രായശ്ചിത്തകൃത്യങ്ങളിലും ദിനങ്ങൾപോക്കുന്നവരും രോഗികളും മരണാസന്നരുമായുള്ള സമ്പർക്കംമുഖേന പാരത്രികജീവിതത്തെപ്പറ്റി സദാ ചിന്തിക്കുന്നതിനു് അവസരം ലഭിക്കുന്നവരുമായ കത്തോലിക്കാ പുരോഹിതർക്കു ചാരിത്രശുദ്ധി പരിപൂർണ്ണമായി പാലിക്കുക എത്രയോ എളുപ്പമാണു്.

ബ്രഹ്മചര്യം അസാദ്ധ്യമാണെന്നുവാദിക്കുന്നവരോടുതൽക്ഷണം ചോദിക്കാവുന്ന ഒരു ചോദ്യമിതാണു്: അവിവാഹിതരായി ലോകത്തിലുള്ള എല്ലാവരും ചാരിത്ര്യശുദ്ധി പാലിക്കാത്തവരാണെന്നാണോ നിങ്ങൾ പറയുന്നതു്? നിങ്ങൾക്കുമുണ്ടായിരിക്കുകയില്ലേ വിവാഹം കഴിക്കാത്ത മക്കളും സഹോദരന്മാരും സഹോദരികളും അമ്മാവന്മാരും അമ്മാവിമാരും? അവരെല്ലാവരും അശുദ്ധജീവിതം നയിക്കുന്നവരാണെന്നാണോ നിങ്ങൾ പറയുന്നതു്? വിവാഹിതരായ എത്രയോ പുരുഷന്മാരാണു് ഉദ്യോഗവും മറ്റും പ്രമാണിച്ചു് അവരുടെ ഭാര്യമാരിൽനിന്നുമകന്നു വിദേശങ്ങളിൽ പോയി വസിക്കുവാൻ നിർബന്ധിതരാകുന്നതു്! അവർക്കും ബാധകമാണല്ലോ അവിഹിതമായ ഈ കുറ്റാരോപണം. ചുരുക്കിപ്പറഞ്ഞാൽ, ബ്രഹ്മചര്യം അസാദ്ധ്യമാണെന്ന വാദം അനേകായിരം സ്ത്രീപുരുഷന്മാരുടെ ജീവിതചര്യയിന്മേൽ കരിതേക്കുന്ന ഒന്നാണു്. ബ്രഹ്മചര്യം അസാദ്ധ്യമാണെന്നു വാദിക്കുന്നവർ തങ്ങളുടെ ദുഷിച്ച ജീവിതത്തിന്റെ മാനദണ്ഡം വച്ചുകൊണ്ടു് മറ്റുള്ളവരേയും അളക്കുന്നു എന്നുമാത്രമേ വിചാരിക്കേണ്ടതുള്ളു.

ബ്രഹ്മചര്യം മനുഷ്യപ്രകൃതിക്കു് എതിരാണെന്നു ചിലർ വാദിക്കുന്നു. മനുഷ്യന്റെ ദുഷിച്ച, മൃഗീയമായപ്രകൃതിയെയാണു് അവർ ഉദ്ദേശിക്കുന്നതെങ്കിൽ അവർ പറയുന്നതു ശരി. എന്നാൽ അവന്റെ ഉൽകൃഷ്ടമായ, സുബുദ്ധിയുടെ നിയന്ത്രണത്തിനു് അധീനമായ, വരപ്രസാദത്തിന്റെ പിന്തുണ ലഭിക്കുന്ന പ്രകൃതിയെയാണു് അവർ ഉദ്ദേശിക്കുന്നതെങ്കിൽ അവർ പറയുന്നതു തെറ്റു്. ഈ വിഷയംസംബന്ധിച്ചു് വി. പൗലോസ് എഴുതിയിരിക്കുന്നതു ശ്രദ്ധേയമാണു്: "...നന്മചെയ്യുവാൻ ഇച്ഛിക്കുന്ന എന്റെ മനസ്സിനോടു യോജിക്കുന്ന ഒരു നിയമം ഞാൻ കാണുന്നു. തിന്മ എനിക്കു് അടുത്തിരിക്കുന്നല്ലോ. എന്നാൽ ദൈവത്തിന്റെ നിയമത്തെപ്പറ്റി ആഭ്യന്തരമനുഷ്യനിൽ ഞാൻ സന്തോഷിക്കുന്നു. എങ്കിലും എന്റെ ബുദ്ധിയുടെ നിയമത്തോടു പോരാടുന്നതും എന്റെ അവയവങ്ങളിലുള്ള പാപത്തിന്റെ നിയമത്തിനു എന്നെ അടിമപ്പെടുത്തുന്നതുമായ വേറൊരു നിയമം എന്റെ അവയവങ്ങളിൽ ഞാൻ കാണുന്നു. ഞാൻ ദുർഭഗനായ മനുഷ്യൻ ആകുന്നു. മരണമുള്ള ഈ ശരീരത്തിൽനിന്നു് ആർ എന്നെ രക്ഷിക്കും? നമ്മുടെ കർത്താവീശോമിശിഹാമുഖേന ഞാൻ ദൈവത്തിനു സ്തോത്രം ചെയ്യുന്നു. ആകയാൽ ഞാൻ ഇപ്പോൾ എന്റെ മനസ്സുകൊണ്ടു ദൈവനിയമത്തിന്റെ ദാസനാകുന്നു" (റോമ. 7 21—25) ആകയാൽ ചാരിത്രശുദ്ധി മനുഷ്യന്റെ അധമാംശത്തിനു പ്രയാസമുള്ളതാണെങ്കിലും ഉത്തമാംശത്തിനു പ്രയാസമുള്ളതല്ല.

---

## ഏജൻറുമാരുടെ ശ്രദ്ധയ്ക്കു്

ഏജൻസിവ്യവസ്ഥയനുസരിച്ചു് പത്രവില മുൻകൂർ അടയ്ക്കാത്തവർക്കു് പത്രം അയക്കുന്നതല്ലെന്നു് അറിയാമല്ലോ. എന്നാൽ ചില ഏജൻറുമാർ മുൻകൂർ സംഖ്യ വൈകി അയക്കുന്നതുകൊണ്ടു് പത്രക്കെട്ടു താമസിച്ചയക്കാൻ ഇടയാവുന്നതിനാൽ പത്രവരിക്കാർ അതൃപ്തി പ്രദർശിപ്പിക്കുന്നുവെന്നും മറ്റും ഞങ്ങളെ അറിയിച്ചിരിക്കുന്നു. അതിനാൽ മേൽപ്രകാരമുള്ള അസൗകര്യങ്ങൾ ഒഴിച്ചുവയ്ക്കണമെന്നാഗ്രഹിക്കുന്ന ഏജൻറുമാർ കുറഞ്ഞപക്ഷം അതാതാഴ്ചയിലെ മുൻകൂർ പത്രവിലയെങ്കിലും തലേ തിങ്കളാഴ്ചയ്ക്കുള്ളിൽ ഇവിടെ കിട്ടത്തക്കവണ്ണം അയച്ചിരിക്കേണ്ടതാണു്. പത്രം കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യേണ്ട വിവരവും ടി. ദിവസത്തിനുള്ളിൽത്തന്നെ അറിയിച്ചിരിക്കേണ്ടതാണെന്നും ഓർപ്പിച്ചുകൊള്ളുന്നു.

മാനേജർ, സത്യദീപം

---


## വിനോദവീഥി



"എന്താ ഡ്രൈവറുസാറേ, ഈ വിലപിടിച്ച വസ്തുകൊണ്ടിങ്ങനെ സർക്കസ്സു കാണിച്ചാലോ?"

"ഛെ, മഴക്കാലത്തു് ടാറുറോഡ്ഡു് വണ്ടിക്കു പറ്റില്ലെന്നു് ഞാനന്നേ പറഞ്ഞതാണു്."

* * *



"അപ്പാ, അങ്ങേലെ പാണ്ടനെന്നെ ഊടുപാടു കടിച്ചു. ഞാനതിനെ ഒന്നെറിഞ്ഞതേയുള്ളു."

* * *

"ഈ കായലിൽ എവിടെയെല്ലാമാണു് പാറകളും കുറ്റികളുമുള്ളതെന്നു് എനിക്കു കൃത്യമായി അറിയാം. ഞാനീ പണി തുടങ്ങിയിട്ടു് കൊല്ലമെത്ര ആയെന്നറിയാമോ?" ബോട്ടുഡ്രൈവർ വീരവാദം മുഴക്കി. തൽക്ഷണം ബോട്ടൊരു പാറമേലടിച്ചു. "അതാണു് പാറകളിലൊന്നു്" ഡ്രൈവർ അഭിമാനപൂർവ്വം തട്ടിവിട്ടു.

* * *

തോമസ്: "ഞാനൊരു കടംകഥ പറയാം. എന്റെ അമ്മ ഒരു കുട്ടിയെ പ്രസവിച്ചു. ആ കുട്ടി എന്റെ സഹോദരനുമല്ല, സഹോദരിയുമല്ല. പിന്നാരാണു്?"

ജോൺ: "തോറ്റു."

തോമസ്: "ഞാൻ!"

* * *

ജോൺ തന്റെ സഹപാഠിയായ ജോസഫിനോടു്: "ഞാനൊരു കടംകഥപറയാം. എന്റെ അമ്മ ഒരു കുട്ടിയെ പ്രസവിച്ചു. ആ കുട്ടി എന്റെ സഹോദരനുമല്ല, സഹോദരിയുമല്ല. പിന്നാരാണു്? തോറ്റോ?"

ജോസഫ്: "തോറ്റു."

ജോൺ: "നമ്മുടെ തോമസ്."

---

## വിവാഹമംഗളം

പടിയൂർ പള്ളി ഇടവക കോഴിക്കാടൻ അന്തോണിയുടെ പുത്രൻ ശ്രീമാൻ തോമൻകുട്ടിയും, ചന്ത്രാപ്പിന്നി പള്ളി ഇടവക പുത്തൂരുപുളിക്കൽ അന്തോണിയുടെ പുത്രി ശ്രീമതി ത്രേസ്യായും തമ്മിൽ വിവാഹം ചന്ത്രാപ്പിന്നി പള്ളിയിൽവച്ചു ആഗസ്റ്റ് മാസം 31-ാം തീയതി മംഗളമായി നടന്നിരിക്കുന്നു. നവദമ്പതികൾക്കു സൗഭാഗ്യവും വിജയകരവുമായ മംഗളങ്ങൾ ആശംസിക്കുന്നു.

എന്നു്

പി. എൽ. ജോസഫ്

കൊളമ്പ് 2.

---

## സൊഡാലിറ്റിയുടെ അഖിലലോക ഫെഡറേഷൻ

സൊഡാലിറ്റിയുടെ സെൻട്രൽ സെക്രട്ടേറിയറ്റിന്റെ പ്രസിഡൻറായ റവ. ഫാ. പി. അലോഷ്യസ് പൗളസ്സെൻ അവർകൾക്കു മാർപ്പാപ്പാതിരുമേനി തൃക്കൈ വിളയാടി അയച്ച ഒരു കത്തിൽ, മരിയൻ സൊഡാലിറ്റിയുടെ അഖിലലോകഫെഡറേഷനെ അംഗീകരിക്കുകയും പ്രാദേശികഫെഡറേഷനുകളെല്ലാം അതിനോടു സംഘടിപ്പിക്കുവാൻ ആഹ്വാനം ചെയ്കയും ചെയ്തിരിക്കുന്നു. അഖിലലോകഫെഡറേഷന്റെ ഭരണവ്യവസ്ഥകൾ തിരുമനസ്സുകൊണ്ടു് അംഗീകരിക്കുകയും ചെയ്തിട്ടുണ്ടു്. പ. കന്യകാമറിയത്തിന്റെ അമലോത്ഭവം വിശ്വാസസത്യമായി പ്രഖ്യാപനം ചെയ്യപ്പെട്ടതിന്റെ ശതാബ്ദജൂബിലി ആഘോഷിക്കുന്ന അടുത്ത വത്സരത്തിൽ പ്രസ്തുത ഫെഡറേഷന്റെ പ്രഥമ കോൺഗ്രസ്സ് റോമിൽവച്ചാഘോഷിക്കുവാനും തീരുമാനിച്ചിരിക്കുന്നു.

ആദ്ധ്യാത്മികവീഥി

# മറുപടിക്കത്ത് (No. 1)

3—9—1953

ദൈവത്തിന്റെ വത്സലമക്കളേ,

നിങ്ങളുടെ ആത്മപിതാവിനെ പുളകംകൊള്ളിച്ച ഒരു ദിവസമാണിന്ന്. നീലഗിരിമുതൽ തെക്കോട്ടു പല സ്ഥലങ്ങളിൽ നിന്നായി 20-ൽപ്പരം എഴുത്തുകൾ വന്നുചേർന്നതാണിതിനു കാരണം. ഇങ്ങനെയൊരു പംക്തി തുടങ്ങിക്കാണാൻ ആഗ്രഹിച്ചിരിക്കുകയായിരുന്നു, എന്നു ത്യാഗവും ചെയ്ത ഭാഗ്യപ്പെട്ട പത്താംപീയൂസ് മാർപ്പാപ്പായുടെ ആഗ്രഹാനുസരണം ഉത്തമകത്തോലിക്കനാകാൻ നിശ്ചയിച്ചിരിക്കുകയാണ്, അതിനുള്ള നിർദ്ദേശങ്ങൾ പ്രതീക്ഷിക്കുന്നു എന്നുംമറ്റുമാണ് മിക്ക എഴുത്തുകളിലുമുള്ളതു്. ദൈവത്തിനു സ്തുതി. ഇത്ര പെട്ടെന്ന് ഇത്രയുംപേരുടെ കത്തുകൾ പ്രതീക്ഷിച്ചിരുന്നില്ല. എല്ലാവർക്കും ഹൃദയപൂർവ്വം നന്ദിപറയുന്നു. കേൾക്കാനാളുണ്ടെന്നു കാണുന്നതിനാൽ ചില പ്രായോഗികനിർദ്ദേശങ്ങൾ ഉടനെതന്നെ നൽകാം.

1. നമ്മുടെ സഹൃദ്യമത്തെ ദൈവം ധാരാളമായി അനുഗ്രഹിക്കുന്നതിനും അവിടുത്തെ ഹിതം അറിയുന്നതിനു ബുദ്ധിക്കു പ്രകാശവും അറിവനുസരിച്ചു പ്രവർത്തിക്കുന്നതിനു മനസ്സിനു ശക്തിയും നൽകുന്നതിനുമായി ഒരു ആ. ഒരു നന്മ. മൂന്നു ത്രി. ചൊല്ലി പരിശുദ്ധാത്മാവിനോടു സഹായം അപേക്ഷിക്കുക. ഇത്ര ചെറിയ ജപം നിശ്ചയിച്ചതു് അതു വളരെ ശ്രദ്ധയോടും സാവധാനത്തിലും ചൊല്ലണമെന്നുള്ള ഏക ഉദ്ദേശത്തോടുകൂടിയാണ്. ഇതു അഞ്ചുമിനിററങ്കിലും എടുത്തു ചൊല്ലിയാൽ നന്ന്. മററു ചിന്തകളിൽനിന്നെല്ലാം ബോധത്തെ അകററി ആത്മനാ ദൈവസന്നിധിയിൽ പ്രവേശിച്ച് ആരു് ആരോടു് എന്തിനു് എന്തു പറയുന്നു എന്നു ചിന്തിച്ചുകൊണ്ടു പ്രാർത്ഥിക്കണം. മറെറല്ലാവരും ഉറങ്ങിയശേഷമോ എഴുന്നേല്ക്കുന്നതിനുമുൻപോ നിശ്ശബ്ദതയിൽ പ്രാർത്ഥിച്ചാൽ ഏകാഗ്രത ലഭിക്കാൻ എളുപ്പമുണ്ട്.

2. ദിവസേന അല്പം വിഷമമുള്ള എന്തെങ്കിലും ഒരു ത്യാഗം ചെയ്യണം. ആരോഗ്യത്തിനു ഹാനിവരാത്ത ഭക്ഷണത്യാഗമോ, ദേഹാദ്ധ്വാനമോ എന്തെങ്കിലുമാകാം. ഊണുകഴിഞ്ഞു പുകവലിക്കാതിരിക്കുന്നതു്, അല്ലെങ്കിൽ പഞ്ചസാരചേർക്കാതെ പാലുകുടിക്കുന്നതു്, ഉപ്പു ചേർക്കാതെ കുറെ ചോറുണ്ണുന്നതു് ഇവയെല്ലാം വിലക്ക വിഷമമായിരിക്കും.

3. സംസാരത്തിന്റെ വിഷയത്തിൽ ആരേയും പ്രത്യേകിച്ചു വൈദികരേയുംകുറിച്ചു ദുഷ്യവിമർശനങ്ങൾ നടത്തുകയില്ലെന്നു നിശ്ചയിക്കുക.

രാവിലെയുള്ള പ്രാർത്ഥനസമയത്തു് മേൽപ്പറഞ്ഞ മൂന്നു സംഗതികളെയുംപററി ഓർത്തു് അവ നിർവ്വഹിക്കുന്നതിനു നിശ്ചയിക്കയും അതിനുവേണ്ട ദൈവസഹായം പ്രാർത്ഥിക്കയും രാത്രി കിടക്കുന്നതിനുമുൻപു രാവിലെചെയ്ത പ്രതിജ്ഞ എങ്ങനെ നിറവേററിയെന്നു പരിശോധിക്കയും നിറവേററാൻ സാധിച്ചെങ്കിൽ ദൈവത്തിനു നന്ദിപറയുകയും വീഴ്ച വന്നുപോയെങ്കിൽ അവിടുത്തോടു ക്ഷമാപണം ചെയ്യുകയും വേണം.

പ്രാർത്ഥന, പരിത്യാഗം, സ്വയപരിശോധന മുതലായ വിഷയങ്ങളെക്കുറിച്ചു പിന്നീടു വിസ്തരിച്ചു പറഞ്ഞുകൊള്ളാം. തല്ക്കാലം അത്യാവശ്യമുള്ള ഒന്നുരണ്ടു സംഗതികൾ ഓർപ്പിച്ചുകൊള്ളട്ടെ.

1. ആത്മപിതാവു് സത്യദീപം ഓഫീസിൽനിന്നു അനേകമൈൽ അകലെയാണ് താമസിക്കുന്നതു്. അദ്ദേഹത്തിനുള്ള എഴുത്തൊന്നും സാമാന്യമായി ഓഫീസിൽ പൊട്ടിക്കയില്ല. അതുകൊണ്ടു മാനേജർക്കുള്ള എഴുത്തോ ചെക്കോ ഒന്നും അതിൽ ഉള്ളടക്കം ചെയ്യരുതു്.

2. അദ്ദേഹം ധാരാളം ജോലിയുള്ള ഒരാളാകയാൽ ഓരോ എഴുത്തിനും നേരിട്ടു മറുപടി കൊടുക്കാൻ സാധിച്ചെന്നു വരുകയില്ല. പത്രമുഖേനയുള്ള മറുപടിയാകുമ്പോൾ മററു പലർക്കുംകൂടി അതുപകരിക്കാൻ പാടുള്ളതുകൊണ്ടാണ് ആദ്യംതന്നെ പത്രത്തിൽ മറുപടി നൽകാമെന്നു പറഞ്ഞിരുന്നതു്. മറുപടികൊണ്ടു് എഴുത്തയച്ച ആൾ ആരാണെന്നു പെട്ടെന്നു കണ്ടുപിടിക്കാതിരിക്കത്തക്കവണ്ണം എഴുതാൻ ശ്രമിക്കാം. എഴുത്തുകാരനെപ്പോലെ വൈഷമ്യങ്ങളുള്ള മററു പലരുമുണ്ടാകാനിടയുള്ളതുകൊണ്ടു് ഇന്നാരാണ് എഴുതിയതെന്നു് ആർക്കും കൃത്യമായി പറയാൻ സാധിക്കയില്ല.

3. മറുപടികൾ സാവധാനത്തിലേ പ്രസിദ്ധപ്പെടുത്താൻ സാധിക്കയുള്ളു. അതു ദയവായി ക്ഷമിക്കണം.

നിങ്ങളുടെ എഴുത്തുകൾ മററാരെയും കാണിക്കാതെ, മറുപടി എഴുതിക്കഴിഞ്ഞാലുടൻ നശിപ്പിച്ചുകളഞ്ഞുകൊള്ളാം. വല്ല മറുപടിയെക്കുറിച്ചും വല്ല അതൃപ്തിയുമുണ്ടെങ്കിൽ വിവരം അറിയിച്ചാൽ വീണ്ടും അതിനു അവസരംകൊടുക്കാതിരിക്കാൻ പരിശ്രമിക്കാം.

എല്ലാവർക്കും ഒരുപ്രാവശ്യംകൂടി നന്ദിപറഞ്ഞുകൊള്ളുന്നു. നിങ്ങളെല്ലാവർക്കുംവേണ്ടി പ്രത്യേകം പ്രാർത്ഥിച്ചുകൊള്ളാം എന്നുറപ്പു പറഞ്ഞുകൊണ്ടു്,

പ്രാർത്ഥനയുടെ ഐക്യത്തിൽ
സ്വന്തം ആത്മപിതാവു്

—

(2-ാംപേജ് തുടർച്ച)

ചാരന്മാരാണ്, സാമ്രാജ്യശക്തികളുടെ ഏജൻറന്മാരാണ്, രാഷ്ട്രീയകാര്യങ്ങളിൽ ഇടപെടുന്നു, രാജ്യത്തിൽ ഭിന്നതയും കലഹവും ഉണ്ടാക്കുന്നു എന്നുംമററുമുള്ള ആരോപണങ്ങൾ സ്ഥാനത്തും അസ്ഥാനത്തും കുത്തിപ്പൊക്കി, അവരെ ബഹിഷ്കരിക്കുകയോ അവരുടെ മതപ്രചാരണസ്വാതന്ത്ര്യത്തെ വരിഞ്ഞുകെട്ടുകയോ ചെയ്യുന്നതിനുമാത്രമേ തല്പരകക്ഷികൾക്കു നിവൃത്തിയുള്ളു.

### വി. ഫ്രാൻസിസ് സേവ്യറെപ്പററിയുള്ള അവാസ്തവ പ്രസ്താവങ്ങൾ

സാത്വികസത്തമനായ വി. ഫ്രാൻസീസ് സേവ്യറെപ്പററി ലേഖനത്തിലുള്ള അവാസ്തവപ്രസ്താവങ്ങൾ തൽകർത്താവിന്റെ അജ്ഞതയ്ക്കും തെററിദ്ധാരണയ്ക്കും മകുടോദാഹരണങ്ങളാണ്. അദ്ദേഹം എഴുതിയിരിക്കുന്നതു നോക്കുക: "ഭാരതത്തിൽ ആദ്യമായി എത്തി പ്രവർത്തനങ്ങൾ ആരംഭിച്ച പ്രധാനപാതിരി ഫ്രാൻസിസ് സേവിയർ ആയിരുന്നു. പോർച്ചുഗീസ് രാജാവിന്റെ പ്രേരണമൂലമാണ് അയാൾ ഇവിടെ എത്തിയതു്. അനേകായിരം ഹിന്ദുക്കളെ ബലംപ്രയോഗിച്ചു് അയാൾ ക്രസ്ത്യാനികളാക്കി. "മതപരിവർത്തനം ചെയ്യുമ്പോഴെല്ലാം എന്റെ ആയുധങ്ങൾക്കു കുറച്ചൊരു തേമാനം സംഭവിച്ചുകൊണ്ടിരിക്കുന്നു" എന്നു് അദ്ദേഹം രാജാവിനയച്ച ഒരു കത്തിൽ പറഞ്ഞിട്ടുണ്ടു്. ക്രസ്ത്യാനികളാക്കിയ കുട്ടികളെ മാതാപിതാക്കന്മാരുടെനേരെ അക്രമത്തിന്നയക്കുക അന്നൊരു സാധാരണസംഭവമായിരുന്നു. അവരോടൊന്നിച്ചു ക്ഷേത്രങ്ങൾ നശിപ്പിക്കുന്നതിൽ ഈ പാതിരി അത്യധികം കൗതുകം പ്രദർശിപ്പിച്ചിരുന്നു. "അവിശ്വാസികളുടെ ആരാധനസ്ഥലങ്ങൾ ഉടനടി നശിപ്പിക്കുക" എന്നതായിരുന്നു ആ പുണ്യവാളന്റെ ആശയവും പ്രവൃത്തിയും. അക്കാലത്തു ഭാരതത്തിലെത്തിയ ഏവായിലെ അച്ച്ബിഷപ്പുപോലും പോർച്ചുഗീസുകാർ ഗോവയിലെ ജനങ്ങളെ ക്രസ്ത്യാനികളാക്കുവാൻവേണ്ടി ചെയ്തിരുന്ന ക്രൂരവും നിന്ദ്യവുമായ നടപടികളെ വിമർശിക്കുകയുണ്ടായി........."

വി. ഫ്രാൻസീസ് സേവ്യർ ഒരൊററ ഹിന്ദുവിനെയെങ്കിലും ബലംപ്രയോഗിച്ചു ക്രിസ്ത്യാനിയാക്കിയെന്നു തെളിയിക്കുവാൻ ലേഖകനു സാധിക്കുമോ? അദ്ദേഹത്തെ അതിനു വെല്ലുവിളിച്ചുകൊള്ളുന്നു. അതുപോലെതന്നെ, "മതപരിവർത്തനം ചെയ്യുമ്പോഴെല്ലാം എന്റെ ആയുധങ്ങൾക്കു കുറച്ചൊരു തേമാനം സംഭവിച്ചുകൊണ്ടിരിക്കുന്നു" എന്നു വി. ഫ്രാൻസിസ് സേവ്യർ ഏതു കത്തിലാണു പറഞ്ഞിരിക്കുന്നതു്? ലേഖകൻ ആ കത്തുമുഴുവനും സദയം ഒന്നുദ്ധരിക്കുമോ? അത്തരമൊരു വാചകമുള്ള ഒരു കത്തു് ഈ വിശുദ്ധൻ പോർച്ചുഗീസ് രാജാവിനയച്ചിട്ടില്ല. എന്നാൽ 1544-ൽ, അദ്ദേഹം ഉൾപ്പെട്ടിരുന്ന സന്യാസസഭയുടെ ശ്രേഷ്ഠനായിരുന്ന വി. ഇഗ്നേഷ്യസിനു് അയച്ച ഒരു കത്തിൽ ഇപ്രകാരം പറഞ്ഞിട്ടുണ്ടു്: "ക്രിസ്തുമതം സ്വീകരിക്കുന്നവരുടെ എണ്ണം വളരെ കൂടുതലാണ്. ജ്ഞാനസ്നാനം നൽകുന്നതുകൊണ്ടുള്ള ക്ഷീണംനിമിത്തം പലപ്പോഴും സായാഹ്നകാലങ്ങളിൽ എന്റെ കൈകൾ മരവിക്കുന്നു." ("Don Francisco" Dublin Page 176) ഈ പ്രസ്താവവും ലേഖകൻ ഉദ്ധരിക്കുന്ന വാചകവും തമ്മിലുള്ള അന്തരം സുസ്പഷ്ടമാണല്ലോ.

ഫ്രാൻസീസ് സേവ്യർ കുട്ടികളെ മാതാപിതാക്കന്മാരുടെ നേരെ അക്രമത്തിനയച്ചുവന്നു എന്ന സൂചനയും അടിസ്ഥാനരഹിതമാണ്. ക്രിസ്തീയബാലന്മാരെ മതകാര്യങ്ങൾ പഠിപ്പിച്ചശേഷം അവരോടു് അക്കാര്യങ്ങൾ തങ്ങളുടെ മാതാപിതാക്കന്മാരെക്കൂടി പഠിപ്പിക്കുന്നതിനു് ഉപദേശിച്ചുവിടുന്ന സമ്പ്രദായം സേവ്യർ സ്വീകരിച്ചുവന്നു. അതിൽ അപലപനീയമായി യാതൊന്നുമില്ല. പ്രായപൂർത്തിവരാത്ത കുട്ടികളെ അവരുടെ മാതാപിതാക്കന്മാരുടെ സമ്മതംകൂടാതെ ജ്ഞാനസ്നാനപ്പെടുത്തി, ക്രിസ്ത്യാനികളാക്കി വളർത്തുകയെന്നതു കത്തോലിക്കാസഭയുടെ നിയമങ്ങൾക്കും നടപടികൾക്കും എതിരാണ്. ബലപ്രയോഗത്താലും കത്തോലിക്കരാകട്ടെ ഇതരക്രിസ്തീയ വകുപ്പുകാരാകട്ടെ ആരേയും ക്രിസ്ത്യാനികളാക്കാറില്ല. ഈ നിയമത്തിനു അപവാദമെന്നോണം വല്ല പോർച്ചുഗീസുദ്യോഗസ്ഥന്മാരും തങ്ങളുടെ അതിരുകവിഞ്ഞതും വഴിപിഴച്ചതുമായ തീക്ഷ്ണതനിമിത്തം അങ്ങനെ ചെയ്യാനിടവന്നിട്ടുണ്ടെങ്കിൽ, അതിന്റെ ഉത്തരവാദിത്വം പുണ്യശ്ലോകനായ വി. ഫ്രാൻസീസ് സേവ്യറിന്റെമേൽ കെട്ടിവയ്ക്കുന്നതു നീതിയുക്തമല്ല. മററുള്ളവരുടെ ആരാധനാസ്ഥലങ്ങൾ നശിപ്പിക്കുവാൻ അദ്ദേഹം പ്രേരണനൽകിയെന്ന ആരോപണവും അടിസ്ഥാനരഹിതമാണ്. അദ്ദേഹത്തിന്റെ ജീവചരിത്രത്തിൽ അങ്ങനെയൊരു സൂചനപോലുമില്ല.

ഫ്രാൻസിസ് സേവ്യർ ആരെയെങ്കിലും ഉപദ്രവിക്കുകയോ ഉപദ്രവിക്കുന്നതിനു പ്രേരണനൽകുകയോ ചെയ്തിട്ടില്ലെങ്കിലും, അദ്ദേഹത്തിനു് അക്രൈസ്തവരിൽനിന്നും പലവിധ ഉപദ്രവങ്ങൾ സഹിക്കേണ്ടിവന്നിട്ടുണ്ട്. കോട്ടാർ പരിസരങ്ങളിൽവച്ചു് അവർ ഒരിക്കൽ അദ്ദേഹം വസിച്ചിരുന്ന ഭവനത്തിനു തീവച്ചു. പലപ്പോഴും അദ്ദേഹത്തെ സംരക്ഷിക്കുന്നതിനുവേണ്ടിരാത്രികാലം മുഴുവൻ ക്രിസ്ത്യാനികൾ കാവൽ നില്ക്കേണ്ടിവന്നിട്ടുമുണ്ട്. ഒരിക്കലദ്ദേഹം പ്രാണരക്ഷാർത്ഥം കാട്ടിലേക്കോടി ഒരു വൃക്ഷത്തിന്റെ മുകളിൽ കയറി അഭയം പ്രാപിച്ചു. ശത്രുക്കൾ കടന്നുപോയിക്കഴിയുന്നതുവരെ പ്രാർത്ഥിച്ചുകൊണ്ടു് അദ്ദേഹം അവിടെത്തന്നെ കഴിച്ചുകൂട്ടി. പലപ്പോഴും അദ്ദേഹം അമ്പുകളിൽനിന്നു മുറിവേററിട്ടുണ്ട്. (See "St· Francis Xavier" Published by the Centenary Celebrations Central Committee Ernaculam P.56) ഈ ഉഗ്രങ്ങളായ ക്ലേശങ്ങളുടേയും പീഡനങ്ങളുടേയും മദ്ധ്യത്തിലാണ് വി. ഫ്രാൻസിസ് സേവ്യർ പ്രേഷിതവൃത്തി നിർവ്വഹിച്ചതു്.

### ഫ്രാൻസിസ് സേവ്യർ പുണ്യവാനായതെങ്ങനെ?

ഫ്രാൻസിസ് സേവ്യർ പുണ്യപദം പ്രാപിച്ചതിനെപ്പററി ലേഖനത്തിൽ കീഴ്‌വരയിട്ടു ചേർത്തിരിക്കുന്ന വാചകങ്ങൾ അതേപടി ഉദ്ധരിക്കുന്നു.: "ഈ അക്രമങ്ങൾക്കെല്ലാം ഉത്തരവാദിയായ ഫ്രാൻസിസിനെ ക്രിസ്തുമതത്തിനു ചെയ്ത "സേവന"ത്തെ ആസ്പദമാക്കി അദ്ദേഹത്തെ ഒരു പുണ്യവാളനാക്കി ഉയർത്തിപോലും. ഇദ്ദേഹത്തിന്റെ കാലടികളെത്തന്നെയാണ് ഇന്നു ഭാരതത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മിക്ക പാതിരിസംഘങ്ങളും പിന്തുടരുന്നതു്."

അക്രമങ്ങൾ പ്രവർത്തിക്കുന്നവർക്കല്ല, സുകൃതമനുഷ്ഠിക്കുന്നവർക്കാണ് കത്തോലിക്കാസഭ പുണ്യപട്ടം കൊടുക്കുന്നതു്. അതിനു സാധാരണതോതിലുള്ള സുകൃതാനുഷ്ഠാനം മതിയാകുന്നതുമല്ല. ഏററം നിർമ്മലമായ ജീവിതം നയിക്കുകയും വീരോചിതമായ തോതിൽ സുകൃതമനുഷ്ഠിക്കുകയും ചെയ്യുന്നവർക്കുമാത്രമേ പുണ്യപദത്തിനു് അർഹതയുള്ളു. അവർ അങ്ങനെ സുകൃതം അനുഷ്ഠിച്ചിട്ടുണ്ടെന്നും അവരുടെ ജീവിതത്തിൽ ദൈവം സംപ്രീതനായിരിക്കുന്നുവെന്നും അവർ സ്വർഗ്ഗത്തിൽ മഹത്വീകരിക്കപ്പെട്ടിരിക്കുന്നെന്നും അവരുടെ മാദ്ധ്യസ്ഥ്യംവഴി സംഭവിക്കുന്ന അനിഷേദ്ധ്യങ്ങളായ അത്ഭുതങ്ങൾ മുഖേന വെളിപ്പെടണം. ഒരാളെ "ധന്യൻ" എന്നു നാമകരണം ചെയ്യുന്നതിനു് സഭയുടെ നിയമമനുസരിച്ചു് രണ്ടത്ഭുതങ്ങളെങ്കിലും (അസാദ്ധ്യങ്ങളായി വിദഗ്ദ്ധരായ ഡോക്ടർമാർ വിധിയെഴുതിയ രോഗങ്ങളുടെ ശമനം, പെട്ടെന്നുള്ള രോഗശമനം തുടങ്ങിയവ) നടന്നെന്നു സന്ദേഹരഹിതമായ രീതിയിൽ തെളിയിക്കപ്പെടണം. വീണ്ടും രണ്ടത്ഭുതങ്ങൾകൂടി അങ്ങനെ തെളിയിക്കപ്പെട്ടെങ്കിൽ മാത്രമേ ഒരാൾ പുണ്യവാൻ എന്നു പേർവിളിക്കപ്പെടുകയുള്ളു. അതിനെല്ലാം നിഷ്കൃഷ്ടമായ നടപടികളുണ്ടു്; അനേകകൊല്ലത്തെ കാലതാമസവുമുണ്ടു്. 1552-ൽ മൃതിയടഞ്ഞ ഫ്രാൻസിസ് സേവ്യർ 1622-ൽ മാത്രമാണു പുണ്യവാൻ എന്നു പേർ വിളിക്കപ്പെട്ടതു്. അദ്ദേഹത്തിന്റെ ജീവിതകാലത്തുതന്നെ മരിച്ചവരെ ഉയിർപ്പിക്കുക രോഗികളെ സുഖപ്പെടുത്തുക തുടങ്ങിയ പല അത്ഭുതങ്ങളും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ടു്. അദ്ദേഹത്തിന്റെ മരണാനന്തരം സംഭവിച്ചിട്ടുള്ള അത്ഭുതങ്ങൾ എത്രയെത്ര! അദ്ദേഹത്തിന്റെ മൃതദേഹം ഇന്നു് ഗോവയിൽ അക്ഷയമായി ഇരിപ്പുണ്ടു്. അതുതന്നെ ഒരത്ഭുതമല്ലേ? മൃതദേഹം വേഗത്തിൽ അഴിഞ്ഞു് അസ്ഥികൾ കൊണ്ടുപോരുന്നതിനു സൗകര്യപ്പെടാൻവേണ്ടി ചുണ്ണാമ്പുചേർത്താണ് ചൈനായ്ക്കു സമീപമുള്ള ഒരു ദ്വീപിൽ അതു സംസ്കരിക്കപ്പെട്ടതു്. എന്നിട്ടും പ്രകൃതിശക്തികളെ വെല്ലുവിളിച്ചുകൊണ്ടു് ആ പുണ്യശരീരം ദ്രവിക്കാതിരിക്കുന്നു. ലേഖകൻ മഹാപുണ്യവാനായ ഫ്രാൻസിസ് സേവ്യറിന്റെ ജീവചരിത്രമൊന്നു വായിക്കട്ടെ. അദ്ദേഹത്തിന്റെ തെററിദ്ധാരണകൾ നീങ്ങാതിരിക്കുകയില്ല.

ലേഖനത്തിന്റെ അവസാനഭാഗത്തു് ബ്രിട്ടീഷ് ഉദ്യോഗസ്ഥന്മാർ അനുവർത്തിച്ച നയത്തെക്കുറിച്ചും ഉത്തരേന്ത്യയിൽ ഇക്കാലത്തു "പാതിരിമാർ" നടത്തുന്ന മിഷൻപ്രവർത്തനങ്ങളെക്കുറിച്ചും ലേഖകൻ പലതും എഴുതിപ്പിടിപ്പിച്ചിട്ടുണ്ടു്. ബ്രിട്ടീഷധികാരികൾ രാഷ്ട്രീയവും സാമ്പത്തികവുമായ കാര്യങ്ങളിലല്ലാതെ മതപ്രചാരണവിഷയത്തിൽശ്രദ്ധപതിച്ചതായി തോന്നുന്നില്ല. എങ്ങനെയായാലും ലേഖകൻ ക്രിസ്ത്യൻ മതപ്രചാരകന്മാരെപ്പററി ചൊരിഞ്ഞിട്ടുള്ള ആക്ഷേപങ്ങൾ കത്തോലിക്കമിഷനറിമാരെ സംബന്ധിച്ചിടത്തോളം അടിസ്ഥാനരഹിതമാണെന്നു പ്രസ്താവിച്ചുകൊള്ളുന്നു.

---

വി. യൗസേപ്പ് പിതാവിന്റെ മദ്ധ്യസ്ഥതാലും ബഹുമാനപ്പെട്ട അൽഫോൻസാമ്മയുടെ സഹായത്താലും ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ. താമസംവന്നതിനു ക്ഷമയാചനം ചെയ്തുകൊള്ളുന്നു.

സി. വി. ഫ്രാൻസിസ്

---

## മാർഗ്ഗദീപം

(ജോസഫ് പള്ളിപ്പാടൻ)

സിന്ദ്ബാദിലെ
"സീന്ദഗീ സഫർഗയി" എ. മ.

കതിരവിശ്രും താരമെ!
കനകസൂനസാരമെ!
ദിവ്യരാഗപൂരമെ!
നിഖിലനാഥെ! പാലയ!

1. ജന്മപാപമെന്നിയെ
ജന്മമാന്ന കന്യകെ!
ജാതമോദമെന്നുമെ
ജയ! മനോജ്ഞനായികെ! (കതി

2. നന്മയായ പൂക്കളാൽ
നന്മണം പരത്തുമെൻ-
നവ്യമഞ്ജുവല്ലികെ!
വിമലപുണ്യദായികെ! (കതി

3. ലോകമാകും വൻകടൽ
ശോകമെന്ന്യെ, പിന്നിടാൻ
യോഗ്യമാർഗ്ഗദീപമായ്
വിലസുമംബികെ! ജയ! (കതി

4. നിൻപദാരവിന്ദമേ
ഇന്നിവർക്ക നിർമ്മലേ!
സൽഗതി; വരാമൃതം
സദയമേകിടേണമെ! (കതി

Reg. M. No. 2293

# Sathya Deepam

Vol. 27 | Ernakulam September 16 1953 | No. 5

## വിവിധവൃത്താന്തങ്ങൾ

### അമേരിക്കൻയുവാവിൻെറ അത്യാശാസൗധം

ഈയിടെ പരിശുദ്ധപിതാവി നെ സന്ദർശിച്ച ചില അമേരി ക്കന്മാരുടെ കൂട്ടത്തിൽ മാർട്ടിമർ ഫി എന്നൊരു ചെറുപ്പക്കാരനു മുണ്ടായിരുന്നു. മർഫി മാർപ്പാ പ്പായോടു കടന്നു ചോദിച്ചു: പ രിശുദ്ധപിതാവേ! ഒരു അമേരി ക്കാക്കാരനു പാപ്പാപദത്തിലെ ത്താൻ സാധിക്കുമോ? "ആക്കാ രിയാം എൻെറ മകനെ! എന്താണു നീ ഇതു ചോദിക്കാൻകാരണമെ ന്നു കേൾക്കട്ടെ" പുഞ്ചിരിതൂകി ക്കൊണ്ടു മാർപ്പാപ്പാ ചോദിച്ചു. "അല്ല. മററൊന്നുമല്ല. ഞാൻഒരു വൈദികനാകാൻ ആഗ്രഹിക്കു ന്നു. എന്നാൽ—"പരിശുദ്ധപി താവു പൊട്ടിച്ചിരിച്ചുപോയി. "നല്ലതു മകനേ! നല്ലതു്. വളരെ ഉയരത്തിലാണു നീ ഉന്നംവച്ചി രിക്കുന്നതു്." സന്ദർശകന്മാരുമെ ല്ലാം ഹാർദ്ദമായി ചിരിച്ചു. ആ ർക്കറിയാം. ഒന്നാമത്തെ അമേരി ക്കൻപാപ്പായാകാൻ മാർട്ടിമർ ഫിക്കും പാടില്ലായ്കയില്ല.

### ലോകത്തിൻെറ ഗതിവിഗതികൾ

ബിഷപ്പ് ഫൾട്ടൻ ഷീൻ ഒ രു പ്രസംഗത്തിൽ പറകയാണു്: "ലോകം ആരെയാണു സ്നേഹി ക്കുന്നതു്? നിഷ്പക്ഷരും, മദ്ധ്യ സ്ഥിതരും, സാധാരണക്കാരുമാ യവരെ. ലോകം വെറുക്കുന്ന തോ? രണ്ടുതരക്കാരെ—ഏററം നല്ലവരെയും, ഏററം തന്ന്യവരെ യും. ഇതാണു കാൽവരിയിൽ സംഭവിച്ചതു്. പരമനന്മയായ നമ്മുടെ കർത്താവും, അനീതിയു ടെ പരമാവധിയിലെത്തിയിരു ന്ന രണ്ടു പെരുങ്കള്ളന്മാരും ഒന്നി ച്ചു കുരിശിൽ തറയ്ക്കപ്പെട്ടു. ഭൂരി പക്ഷത്തിൻെറ, അഥവാ നില വിലിരിക്കുന്ന വ്യവസ്ഥിതിയുടെ ദൃഷ്ടിയിൽ ഏററം നല്ലവരായി കാണപ്പെടുന്നവരെ കുരിശിൽ തൂക്കുന്നു. അതുപോലെതന്നെ അ വരുടെ ഗണനയിൽ ഗർഹണീ യരെന്നു തോന്നുന്നവരെയും കഴു വിലേററുന്നു. അതിനാൽ നമ്മു ടെ ദൈവത്തിൻെറ സേവനത്തി ൽ ശുഷ്കാന്തിപൂർവ്വം വർത്തിക്കുന്ന തുനിമിത്തം ലോകം നമ്മെ പ ഴിക്കുന്നുവെങ്കിൽ അത്ഭുതപ്പെടാ നില്ല. നേരത്തേതന്നെ അവിടു ന്നു നമുക്കു മുന്നറിവുതന്നിട്ടുണ്ടു്: ലോകം നിങ്ങളെ ദ്വേഷിക്കുന്നു വെങ്കിൽ, നിങ്ങൾക്കു മുമ്പായി എന്നെ അതു ദ്വേഷിച്ചിട്ടുണ്ടു് എന്നു് അറിഞ്ഞുകൊള്ളുവിൻ." മിശിഹായുടെ പ്രേഷിതന്മാരുടെ അനുഭവം 'ആകയാൽ ജനസ്തുതി യല്ല, ക്രൂശാരോഹണമാണ് അവ രുടെ ആനന്ദം.'

### കുടുംബങ്ങളിലെ അച്ചടക്കമില്ലായ്മ

അനേകം പൗത്രന്മാരുള്ള ഒരു പിതാമഹൻ എഴുതിയിരിക്കയാ ണു്: പല കുട്ടികളുള്ള ഒരു കുടും ബത്തിനടുത്താണു് എൻെറ താമ സം. എതുനേരത്തും അമ്മയുടെ സ്വരം കേൾക്കാം. "മോനേ, ഇ തു ചെയ്യരുതു്, മോളേ, അതു ചെയ്യ്." എന്നാൽ മോനും മോ ളും അവർക്കു തോന്നിയതുപോലെ ചെയ്യുകയുംചെയ്യും. ആ പാവ പ്പെട്ട സ്ത്രീ അവരുടെ അടിമയാ യിത്തീർന്നിരിക്കയാണു്. എൻെറ ഓർമ്മയിൽനിന്നും പറകയാണെ ങ്കിൽ, ഞാൻ കണ്ടിട്ടുള്ളതിൽ ഏ ററം സൗഭാഗ്യവാന്മാർ നേവി യിലുള്ള ആളുകളാണു്. എന്തു കൊണ്ടാണു്? അവിടെ ശരിയാ യ അച്ചടക്കമുണ്ടു്. ഇന്നത്തെ ന മ്മുടെ കുഞ്ഞുങ്ങൾ സൗഭാഗ്യവാ ന്മാരുമല്ല, സംതൃപ്തരുമല്ല. എന്തു കൊണ്ടു്? തന്നിഷ്ടക്കാരായി വള രുന്നതുകൊണ്ടു്.

### ജർമ്മൻ കത്തോലിക്കരുടെ കുടുംബസംഘടന

ഒരുകൊല്ലം മുമ്പു്, കത്തോലി ക്കാ കുടുംബങ്ങളുടെ അവകാശ സംരക്ഷണത്തിനായി ജർമ്മനിയി ൽ സമാരംഭിച്ച ഒരു സംഘടന യാണിതു്. ഇന്നു രണ്ടുലക്ഷത്തി അൻപതിനായിരത്തിൽപ്പരം കു ടുംബങ്ങൾ അതിൻെറ അംഗങ്ങ ളായിച്ചേർന്നിട്ടുണ്ടു്. കുടുംബങ്ങ ളിൽ കത്തോലിക്കാചൈതന്യം അഭംഗമായി പാലിക്കുന്നതിനും ഈ മഹാജനസഭ വിജയപൂർവ്വം പരിശ്രമിച്ചുവരുന്നു. കുടുംബസം ഘടനകളുടെയെല്ലാം ഒരു അഖി ലലോകഫെഡറേഷൻ ഇപ്പോ ൾ നിലവിലിരിക്കുന്നുണ്ടു്.

### ഭാരതത്തിലെ വിദേശവിദ്യാർത്ഥികൾ

ഉന്നതവിദ്യാഭ്യാസത്തിനാ യി ഭാരതത്തിൽ വന്നുകൊണ്ടിരി ക്കുന്ന വിദേശവിദ്യാർത്ഥികളുടെ സംഖ്യ പ്രതിവർഷം വർദ്ധിച്ചു വരികയാണു്. 25 രാജ്യങ്ങളിൽ നിന്നായി ഇപ്പോൾ 150-ൽപ്പ രം യുവാക്കന്മാർ വിവിധശാഖക ളിലായി ഡൽഹിയിൽത്തന്നെ പഠനം നടത്തിവരുന്നുണ്ടു്. അ വരുടെ വകയായി ഒരു അസോ സിയേഷൻ തന്നെ അവിടെ പ്ര വർത്തനം നടത്തുന്നു. ബർമ്മാ, ബ്രിട്ടീഷ് ഈസ്റ്റാഫ്രിക്ക, വെസ്റ്റിൻ ഡീസ്, മൗറീഷ്യസ്, ഫിജി, സിലോൺ, മലയാ, ഫിലി പ്പൈൻസ്, അഫ്ഗാനിസ്ഥാൻ ആദി യായ രാജ്യങ്ങളിൽനിന്നാണ് ഇവരിൽ ഭൂരിപക്ഷവും. ഇൻഡ്യാ ഗവർമ്മെൻറ് സ്കോളർഷിപ്പു കൊണ്ടും, സ്വന്തം ഗവർമ്മെൻറി ൻെറ സ്കോളർഷിപ്പുകൊണ്ടും പ ഠിക്കുന്നവർ ഇതിൽ പലരുണ്ടെ ങ്കിലും, തനതു ചെലവിൽ പഠി ക്കുന്നവരാണു് അധികഭാഗവും. അമേരിക്കൻ ഗവർമ്മെൻറുചെ ലവിൽ 18 അമേരിക്കൻ വി ദ്യാർത്ഥികൾ ഇപ്പോൾ അദ്ധ്യയ നം നടത്തിവരുന്നുണ്ടു്.

### കമ്മ്യൂണിസ്റ്റ് ജർമ്മനിയിൽ കത്തോലിക്കർക്കു നിലയില്ല

കിഴക്കേ ജർമ്മനിയിലെ കമ്മ്യൂ ണിസ്റ്റു പാർട്ടി മേധാവികൾ ഈയിടെ പുറപ്പെടുവിച്ച ഒരു പ്രസ്താവനയിൽ സഭയുടെ ആ ഭ്യന്തരകാര്യങ്ങളിൽ തങ്ങൾ കൈകടത്തുന്നതല്ലെന്നു പ്രസ്താ വിച്ചെങ്കിലും പ്രായോഗികമായ ഒരു മാററവും ഇതേവരെ അവി ടെ അനുഭവപ്പെട്ടിട്ടില്ലെന്നു പറ യപ്പെടുന്നു. വിദ്യാഭ്യാസസ്വാത ന്ത്ര്യം, പത്രസ്വാതന്ത്ര്യം മുതലാ യവയെല്ലാം ഇപ്പോഴും പഴയ സ്ഥിതിയിൽ തുടരുന്നു. എന്നാൽ ഗണ്യമായ ഒരു ആനുകൂല്യം സി ദ്ധിച്ചിട്ടുള്ളതു് ആശ്വാസാവഹം തന്നെ. പശ്ചിമജർമ്മനിയിൽ പ ഠിച്ചു പട്ടമേററവരെ അവിടെ സ്വീകരിക്കയില്ലെന്നുള്ള മുടക്കു നീക്കിയിരിക്കുന്നു. വൈദികരി ല്ലാതെ വലഞ്ഞിരുന്ന അവിട ത്തെ കത്തോലിക്കർക്കു് ഇതൊരു വലിയ താങ്ങായിത്തീരുമെന്നുള്ള തിനു സംശയമില്ല.

### ബാംഗളൂർ ബിഷപ്പിൻെറ വിദേശപര്യടനം

ഓസ്ട്രേലിയായിലെ ദിവ്യകാ രുണ്യകോൺഗ്രസ്സിൽ സംബ ന്ധിക്കാൻ പോയിരുന്ന ബിഷ പ്പ് പി. തോമസ് തിരുമനസ്സു കൊണ്ടു് സുദീർഘമായ ഒരു പ ര്യടനം കഴിഞ്ഞു തിരിച്ചെത്തി യിരിക്കുന്നു. അദ്ദേഹം 25000 മൈൽ വിമാനത്തിലും, 8000 മൈൽ തീവണ്ടിയിലും കാറിലും യാത്രചെയ്യുകയുണ്ടായി. ഫിലാഡെൽഫിയായിലെ ഒരു ഇടവകപ്പള്ളിയിൽവച്ചു ഒരു ഞാ യറാഴ്ച അദ്ദേഹം ഒൻപതു പ്ര സംഗംചെയ്തതായി റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു. ചിക്കാ ഗോ, ഡെട്രോയിററ്, ന്യൂയോ ർക്ക്, വാഷിങ്ടൺ, ബോസ്റ്റൺ മുതലായി ഐക്യനാട്ടിലെ പ്രമു ഖനഗരങ്ങളെല്ലാംതന്നെ അദ്ദേ ഹം സന്ദർശിച്ചു.

### മിസ്സിസ് റൂസ്‌വെൽററ് ഭാരതത്തെപ്പററി

പൗരസ്ത്യരാജ്യങ്ങളിൽ ഒരു പ ര്യടനം കഴിച്ചു് അമേരിക്കയിൽ മടങ്ങിയെത്തിയിരിക്കുന്ന ഈ വിശ്രുതമഹതി "ഭാരതവും ഉണ ർന്നിരിക്കുന്ന പൗരസ്ത്യനാടുകളും" എന്നൊരു ഗ്രന്ഥം പ്രസിദ്ധപ്പെ ടുത്തിയിരിക്കുന്നു. മററു രാജ്യങ്ങ ളെപ്പററിയും പ്രതിപാദിക്കുന്നു ണ്ടെങ്കിലും, ഇൻഡ്യയുടെ ഉയർച്ച യെപ്പററിയാണ് ഈ സൂക്ഷ്മ ക്കിനു കൂടുതൽ പ്രസ്താവിപ്പാനു ള്ളതു്. ഒരിടത്തു് അവർ പറയു ന്നു: "ഇൻഡ്യ കെട്ടിപ്പടുത്തുവരു ന്ന ജനാധിപത്യം ഒരുപക്ഷേ ഒ രിക്കലും നമ്മുടേതുപോലെത ന്നെ ആയിരിക്കയില്ല. അവരുടെ ജനാധിപത്യം തനി ഭാരതീയ മായ ഒന്നായിരിപ്പാനാണു് ഇൻ ഡ്യൻ നേതാക്കൾ അഭിലഷി ക്കുന്നതു്. അതു് ആംഗ്ലേയമോ, അമേരിക്കനോ, ഫ്രഞ്ചോ, റ ഷ്യനോ ആകാതെ, സ്വന്തം പൂ ർവ്വചരിത്രത്തെയും, ജനങ്ങളുടെ സ്വഭാവഗതിയെയും ആസ്പദമാ ക്കിയിട്ടുള്ളതാകാനാണു് അവർ ആഗ്രഹിക്കുന്നതു്. തനതാവശ്യ ങ്ങളെ അടിസ്ഥാനമാക്കി അതു വളരുവാനും രൂപമെടുക്കുവാനും അവർ യത്നിക്കുന്നു. ജനങ്ങളുടെ ജീവിതരീതിയെ സമുദ്ധരിക്കുന്ന തിനു പര്യാപ്തമായ വ്യതിയാന ങ്ങൾ വരുത്തുന്നതിനു ഇൻഡ്യാ ഗവർമ്മെൻറു സർവ്വശ്രമങ്ങളും ചെയ്യുന്നുണ്ടു്. അടുത്ത ഏതാനും സംവത്സരങ്ങൾക്കകം ഈ പരി ഷ്കാരങ്ങൾ നടപ്പിൽ വന്നില്ലെ ങ്കിൽ കമ്മ്യൂണിസ്റ്റുകൾ കയറി അടിക്കും എന്നവർ മനസ്സിലാ ക്കിയിട്ടുണ്ടു്. അതിനാൽ ഇൻ ഡ്യയുടെ ഉദ്ധാരണത്തിനായി ഐക്യരാജ്യവും, ഐക്യരാ ഷ്ട്രങ്ങളും ചെയ്യുന്ന ധനസഹാ യം രാജ്യസംരക്ഷണാർത്ഥം നാം ചെയ്യുന്ന വ്യയങ്ങളെക്കാൾ കൂടു തൽ ഫലപ്രദങ്ങളായിത്തീരുമെ ന്നാണു് എൻെറ പ്രതീക്ഷ."

### അമേരിക്കയിലെ ബാലനഗരം

ഫാദർ എഡ്വേർഡ് ഫ്ളാനഗ ൻ എന്ന വന്ദ്യദേഹം 36കൊ ല്ലംമുമ്പാണു് അമേരിക്കയിലെ ഒന്നാമത്തെ ബോയ്സ് ടൗൺ ആരംഭിച്ചതു്. 90 ഡോളർ കടം വാങ്ങിക്കൊണ്ടു്, 5 കുട്ടികളോടു കൂടി, ഒമാഹായിലെ ഒരു ചെറി യ കെട്ടിടത്തിൽ അദ്ദേഹം സമാ രംഭിച്ച ആ സംരംഭത്തിനു ഇ പ്പോൾ 1200 ഏക്കർ വിസ്താര ത്തിലുള്ള ഒരു നഗരവും, 500 സ്ഥിരം താമസക്കാരായ കുട്ടിക ളും, വന്നു പഠിച്ചുപോകുന്ന 850 വിദ്യാർത്ഥികളും ലിസ്റ്റിലുണ്ടു്. ഒമാഹാനഗരത്തിൻെറ മുനിസി പ്പാലിററി ഭരണസമ്പ്രദായങ്ങ ൾ സകലതും ഈ ബാലനഗര ത്തിലും അനുകരിച്ചുവരുന്നു. കു ട്ടികളിൽനിന്നു തിരഞ്ഞെടുക്ക പ്പെട്ട മേയറും നാലു ആലോച നക്കാരുമാണു ഭരണകൂടം. നഗര ത്തിനു സ്വന്തം കച്ചേരി, തപാ ലാപ്പീസ്, ബാങ്കു്, പോലീസ്, സാനിറററിവകുപ്പ് ആദിയായവ എല്ലാമുണ്ടു്. ഇക്കഴിഞ്ഞ 35കൊ ല്ലത്തിനിടയ്ക്കു് അയ്യായിരത്തിൽ പ്പരം നിരാധാരരായ കുട്ടികൾ ഇവിടെ പഠിച്ചു പരിശീലനം സിദ്ധിച്ചശേഷം രാജ്യസേവനം ചെയ്തുവരുന്നു. ബാലനഗരത്തി ലെ രണ്ടു പ്രാഥമികവിദ്യാലയങ്ങ ളും ഒരു ഹൈസ്കൂളും, ഒരു കോമേർ ഷ്യൽസ്കൂളും അമേരിക്കയിലുള്ളതി ലേക്കും പ്രശസ്തങ്ങളാണെന്നു പറ യപ്പെടുന്നു. അമേരിക്കൻ പര്യട നാനന്തരം തിരികെ വന്നപ്പോ ൾ ഈ തരത്തിലുള്ള ഒരു ബാല നഗരം ഇവിടെ രൂപവൽക്കരി ക്കാനാണു പരേതനായ മാർ ഇ വാനിയോസ് തിരുമേനി ശ്രമി ച്ചതു്. അതു നടപ്പിൽ വന്നില്ല. റവ. ഫാദർ ജോൺ ചിറമേൽ കൊച്ചിയിൽ ഇങ്ങനെയൊന്നു ആരംഭിക്കാൻ ശ്രമിക്കുന്നതായും, അമേരിക്കൻ സഹായം അതി ലേക്കു വാഗ്ദാനം ചെയ്യപ്പെട്ടിട്ടു ള്ളതായും അറിയുന്നു.

### പഞ്ചായത്തുകളുടെ പ്രായോഗികപരിപാടികൾ

ഉത്തരപ്രദേശത്തു് ആകെ 36000 പഞ്ചായത്തുകളാണുള്ള തു്. ഇക്കഴിഞ്ഞ ഒരുകൊല്ലംകൊ ണ്ടു് അവിടത്തെ പഞ്ചായത്തുകൾ 1797 പുതിയ ലൈബ്രറികൾ സ്ഥാപിച്ചിട്ടുണ്ടു്. 590 റേഡി യോ സെററുകളും നവമായി സ്ഥാപിച്ചുകഴിഞ്ഞിരിക്കുന്നു. 691 ലൈബ്രറികളും 171 റേ ഡിയോ സെററുകളും ഉദ്ഘാട നം ചെയ്തിട്ടുള്ള ഫയിസാബാദു പഞ്ചായത്താണു് ഇക്കൂട്ടത്തിൽ മുന്നണിയിൽ നില്ക്കുന്നതു്. ഓ രോ ഗ്രാമങ്ങളും സ്വന്തം കാര്യ ങ്ങൾ നോക്കുന്നതു് എത്ര ശ്രേയ സ്കരമാണെന്നു പഞ്ചായത്തുപദ്ധ തി ഇങ്ങനെ ജനങ്ങളെ പഠിപ്പി ച്ചുവരുന്നു. എന്നാൽ ഐ. മു. പഞ്ചായത്തുകൾക്കു് ഇതു സാദ്ധ്യ മല്ലെന്നുള്ളതും ജനങ്ങൾ പഠിച്ചു തുടങ്ങിയിട്ടുള്ളതായി കാണാം.

### ടർക്കിഗവൺമെൻറുവക സ്വർഗ്ഗാരോപണസ്റ്റാമ്പുകൾ

ആഗസ്റ്റ് 15-ാംതീയതി ദൈ വജനനിയുടെ സ്വർഗ്ഗാരോപണ ത്തിൻെറ സ്മാരകമായി ടർക്കിഗ വൺമെൻറു് ഏതാനും തപാൽ സ്റ്റാമ്പുകൾ അടിച്ചിറക്കിയിരി ക്കുന്നു. ഒരിനം സ്റ്റാമ്പിൽ പരി ശുദ്ധ കന്യകയുടെ ചിത്രങ്ങൾ തന്നെയാണു ചേർത്തിരിക്കുന്നതു്. ദൈവജനനിയോടു ബന്ധപ്പെട്ട തും ആദിമസഭാചരിത്രത്തിൽ വ ളരെയധികം പ്രത്യക്ഷപ്പെടുന്ന തുമായ എഫേസൂസ് നഗരത്തി ൻെറ നഷ്ടശിഷ്ടങ്ങളുടെ പടങ്ങ ളാണു വേറൊരു ശേഖരം സ്റ്റാ മ്പുകളിൽ മുദ്രണംചെയ്തിരിക്കുന്ന തു്. ഒരു മഹമ്മദീയഗവൺമെൻറി ൻെറ ഈ കൃതജ്ഞതാകൃത്യം ക്രി സ്തീയലോകത്തിൻെറ ഹാർദ്ദമാ യ അഭിനന്ദനത്തിനു വിഷയീഭ വിച്ചുകഴിഞ്ഞിട്ടുണ്ടു്.

*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam—1

